മലങ്കരസഭാ പ്രശ്നം: ഉള്ളുകള്ളികളും ദുഷ്ചെയ്തികളും ചിലരുടെ ദുരന്തവും

ഫാ. സി. എസ്. സ്കറിയ ചെമ്മങ്കുഴ

വിതരണം

ഓർത്തഡോക്സ് ബുക്ക്സെന്റർ

എം.ഡി. കൊമേഴ്സ്യൽ സെന്റർ, കോട്ടയം

Malankara Church Problem: Under currents and leaders misdeads and tragic end

(Church History)

By **Fr. C. S. Skariah Chemmankuzha**

First Impression : Dec 1991

Second Edition : Feb 2014

Copy Right Reserved

Typesetting & Printing: Sophia Print House, Kottayam

Rs. 60/-

മുഖചിത്രം: പ. ഔഗേൻ ബാവായെ പ. യാക്കൂബ് തൃതീയൻ ബാവാ വാഴിക്കുന്നു.

ഒരു വാഗ്ദാന പാലനം

അഭിവന്ദ്യ ഔഗേൻ റമ്പാച്ചൻ (പിന്നീട് ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാബാവാ) സ്ഥാപിച്ച വടകര ഹൈസ്ക്കൂളിന്റെ പ്രശസ്തനായ ഹെഡ്മാസ്റ്ററും മലങ്കരസഭയിലെ ഒരു പ്രമുഖ വൈദികനും സഭാവഴക്കിന്റെ നഗ്നമായ ഉള്ളുകള്ളികൾ അടുത്തുനിന്നു ശരിക്കറിഞ്ഞ സമുന്നത വ്യക്തിയുമായിരുന്നു അടുത്തകാലത്ത് അന്തരിച്ച ചെമ്മങ്കുഴ സി. എസ്. സ്കറിയാ കത്തനാർ. മലയാള മനോരമയുടെ സീനിയർ അസിസ്റ്റന്റ് എഡിറ്ററായിരുന്ന എൻ. എം. ഏബ്രഹാം സ്കൂളിന്റെ ആരംഭകാലത്തു രണ്ടു വർഷം വടകര ഹൈസ്ക്കൂളിൽ അദ്ധ്യാപകനായിരുന്നതിനാൽ അദ്ദേഹം മുഖേന ഫാ. സ്കറിയായെ ദീർഘനാളുകൾ അടുത്തറിയുന്നതിനും ഏതാനും വർഷം മുമ്പ് മണ്ണത്തുരുള്ള ചെമ്മങ്കുഴ ഭവനത്തിലെത്തി അച്ചന്റെ ആതിഥ്യം സ്വീകരിക്കുന്നതിനും സംഭാഷണം നടത്തുന്നതിനും മറ്റും എനിക്കു ഭാഗ്യം ലഭിച്ചിട്ടുണ്ട്. ഔഗേൻ റമ്പാച്ചന്റെയും പിന്നീട് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെയും വലംകൈയായി പ്രവർത്തിച്ചിട്ടുള്ള അച്ചൻ ശീമക്കാരുടെയും ചില വടക്കരുടെയും നന്മതിന്മകൾ ശരിക്കറിഞ്ഞിട്ടുള്ള വ്യക്തിയുമാണ്.

'മാർ ഔഗേൻ കാതോലിക്കാ ബാവാ' എന്ന എന്റെ പുസ്തക രചനയ്ക്കുവേണ്ട ഒട്ടേറെ ആധികാരിക വിവരങ്ങൾ നല്കി എന്നെ സഹായിച്ച സ്കറിയാ അച്ചനോടുള്ള നന്ദി വാക്കുകളിലൂടെ പ്രകടിപ്പിക്കാൻ പ്രയാസമാണ്. മാർ ഔഗേൻ കാതോലിക്കാബാവാ എന്ന പുസ്തകത്തിന്റെ പ്രകാശനത്തോടനുബന്ധിച്ച് കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ നടത്തിയ സിമ്പോസിയത്തിൽ കോനാട്ടു ഏബ്രഹാം കത്തനാരും എൻ. എം. ഏബ്രഹാമും ചെമ്മങ്കുഴ അച്ചനും വന്നു സംബന്ധിക്കുകയും എന്നെ പ്രോത്സാഹിപ്പിക്കുകയും ചെയ്ത കാര്യവും എനിക്കു മറക്കാൻ സാധ്യമല്ല. കാലയവനികയ്ക്കു പിമ്പിൽ കടന്ന ഈ മൂവരും ഔഗേൻ ബാവായെ അടുത്തറിഞ്ഞിട്ടുള്ള തികഞ്ഞ സഭാസ്നേഹികളും അദ്ദേഹത്തിന്റെ ആരാധകരും ആയിരുന്നു.

സഭാക്കേസിൽ കാതോലിക്കാഭാഗത്തിന്റെ നിലപാടു നൂറു ശതമാനവും ശരിയെന്നു അനുഭവപരമ്പരകളുടെ വെളിച്ചത്തിൽ വിശ്വസിച്ചിരുന്ന അച്ചൻ എറണാകുളം സ്പെഷൽ കോടതി വിധിയെ തുടർന്നു 1980-ൽ ഒരു കത്തും ഒരു നീണ്ട ലേഖനവും എന്റെ പേർക്കയക്കുകയും ലേഖനം ചില പ്രത്യേക കാരണങ്ങളാൽ ചർച്ച് വീക്കിലിയിൽ പ്രസിദ്ധപ്പെടുത്താൻ കഴിയാതെ വരികയും ചെയ്തു. ഇതേ തുടർന്നു പ്രസ്തുത ലേഖനം ഒരു ചെറിയ പുസ്തകമായി പ്രസിദ്ധപ്പെടുത്തണമെന്ന് അച്ചൻ

ആഗ്രഹം പ്രകടിപ്പിക്കുകയും ഞാനതു അന്നു സമ്മതിക്കുകയും ചെയ്തു.

എന്നാൽ പുസ്തകത്തിലെ വസ്തുതകളുടെ സ്വഭാവം മൂലം എന്റെ ഔദ്യോഗിക ജീവിതത്തിനിടയിൽ അതു സാധിക്കാതെയും വന്നു. ഇതിനിടയിൽ വാർദ്ധക്യസഹജമായ അസുഖം മൂലം അച്ചൻ മരിക്കുകയും ഞാൻ റിട്ടയർ ചെയ്യുകയും ചെയ്തു. അച്ചനോടു ചെയ്ത വാഗ്ദാനം ഇതുവരെ നിറവേറ്റിയില്ലല്ലോ എന്ന കുറ്റബോധം എന്റെ മനസ്സിനെ മഥിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെ ഒരു വാഗ്ദാനം പാലിക്കാനാണ് കേസിനുവേണ്ടി ജീവിക്കുന്ന ചിലർക്കെങ്കിലും രുചിക്കാത്ത ഈ പുസ്തകം അച്ചന്റെ കത്തു സഹിതം പ്രസിദ്ധപ്പെടുത്തുന്നത്. ഇതിൽ പറയുന്ന ചരിത്രസത്യങ്ങളോടു സ്വന്തം നിലപാടിന്റെ വെളിച്ചത്തിൽ യോജിക്കാത്തവരും മഹാനായ അച്ചന്റെ സഭാസ്നേഹത്തെയും ആർജ്ജവ മനോഭാവത്തെയും ആത്മാർത്ഥതയേയും വിലമതിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. വൈകിയാണെങ്കിലും ഞാൻ വാഗ്ദാനം നിറവേറ്റി ഈ ചരിത്രസത്യങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിൽ അച്ചന്റെ അദൃശ്യമായ ആത്മാവ് ആനന്ദിക്കുമെന്നുള്ള ശുഭപ്രതീക്ഷ എനിക്കുണ്ട്. തികഞ്ഞ ദൈവദാസനും ഭക്തനുമായിരുന്ന ചെമ്മങ്കുഴ അച്ചന്റെ ലേഖനം ചോദ്യം ചെയ്യാനാവാത്ത ചരിത്ര വസ്തുതകൾ നിറഞ്ഞതാണ്. അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ഒരു ചെറിയ ആരാധകനായ ഞാനും ആദരാഞ്ജലി അർപ്പിക്കുകയാണ്.

കെ. വി. മാമ്മൻ

മാങ്ങാനം, കോട്ടയം
14-6-1991

1

ചിന്തിപ്പിക്കുന്ന ഒരു കത്ത്

Fr. C. S. Skariah
Chemmankuzha

Mannathoor
10 - 7 - 1980

My dear Mr. Mammen,

കുറച്ചു ദിവസം മുമ്പ് കേസ് വിധിയെ സംബന്ധിച്ചും മറ്റും നിങ്ങൾ ചർച്ച് വീക്കിലിയിലും പാത്രിയർക്കീസ് കാലം ചെയ്തപ്പോൾ മഹാനായ ബാവാ സമാധാനം ഉണ്ടാക്കിയിട്ട് 'വൈകാരിക ഐക്യം നടന്നില്ല' എന്നു മനോരമയിലും എഴുതിയതു വളരെ വിചിത്രമായി തോന്നി. മി. മാമ്മൻ മാപ്പിള വീരരാഘവയ്യങ്കാരുടെ വിധി ചീന്തിചീന്തി എഴുതിയ പ്രസംഗം നിങ്ങളെയും മി. കെ. എം. മാത്യുവിനെയും ലജ്ജിപ്പിക്കണം. വൈകാരിക ഐക്യം നടക്കാതെ പോയത് കാതോലിക്കാ കക്ഷിക്കാർ നിമിത്തമാണെന്നല്ലേ പറഞ്ഞതിന്റെ അർത്ഥം. 1958-ൽ പരസ്പരം സ്വീകരണം നടത്തിയിട്ടു 1959 ജൂണിൽ തന്നെ കാതോലിക്കാബാവായ്ക്ക് പാത്രിയർക്കീസിന്റെ കത്തുകൾ വന്നില്ലേ. മാർ പീലക്സിനോസിനു (ശ്രേഷ്ഠൻ) രഹസ്യ കത്തുകൾ അയച്ചില്ലേ, കോട്ടയത്തു നാഗമ്പടത്തു മഹായോഗം കൂടി ചീത്ത പറഞ്ഞ് പട്ടണത്തിൽ കൂടി ജാഥാ നടത്തിയില്ലേ. 1959-ൽ തന്നെ Antiochian Movement തുടങ്ങിയില്ലേ. എല്ലാ അസ്സോസിയേഷനും stay-ക്ക് കേസ് കൊടുത്തില്ലേ? പിൻഗാമി തിരഞ്ഞെടുപ്പിനെ തടയാൻ കേസ് കൊടുത്തില്ലേ, തിരഞ്ഞെടുപ്പ്, പിൻഗാമിയെ കാണാൻ നടത്താതിരുന്നു എങ്കിൽ പതിവുള്ള രണ്ട് അസ്സോസിയേഷ്യൻ - രണ്ടു മെത്രാൻ - ആരവകാശി? എന്നൊക്കെ കേസ് നടക്കുമായിരുന്നില്ലേ. 1970 വരെ പത്തി ഒതുക്കിയതു ചിലവു കൊടുക്കാതിരിക്കാനല്ലേ. ആരാണ് "വൈകാരിക ഐക്യത്തിന്" മേൽപ്രകാരം പ്രവർത്തിച്ചത്? - കാതോലിക്കാ കക്ഷിയാണൊ? Mar Aughen എത്രയും വിനയമായി ആബുദിയെ അയക്കരുത് എന്നു എഴുതിയിട്ട് വല്ല ഫലവുമുണ്ടായൊ? Mar Aughen നെ കൊണ്ട് 'സിംഹാസനപദം' മാറ്റിക്കാൻ Mr. K. M. Cheriyan, Fr. P. P. Joseph-ന്റെയും മറ്റും Agency ഏറ്റെടുത്ത് ബാവാ വഴങ്ങാതെ വന്നപ്പോൾ മി. ചെറിയാന് മാനഹാനിയായി. അങ്ങനെ ചെറിയാനെ അവർ കെണിയിൽ വീഴിച്ച് മൗനനാക്കി. ബാവായ്ക്കു ശീമക്കാരെ നല്ലവണ്ണമറിയാം. പിൻഗാമി തിരഞ്ഞെടുപ്പു നടത്താതെ വ്യവഹാരത്തിന് പഴുതിടാൻവേണ്ടി ചെറിയാനെ വീണ്ടും ബാവായുടെ അടുക്കൽ അയച്ചു. ബാവാ അതു നിരസിച്ചു. മി. ചെറിയാൻ, കെ. ഇ. മാമ്മൻ, മാർ തിയോഫിലോസ് എന്നിവർ കമ്മിറ്റി

യിൽ അതു വീണ്ടും പൊക്കി. ഞാനും പാറാട്ടേ തിരുമേനിയും എതിർത്തു തടഞ്ഞതുകൊണ്ട് ഒരു കേസ് ഒഴിഞ്ഞു കിട്ടി.

കല്ലാപ്പാറക്കും മങ്ങാട്ടുംപിള്ളിക്കും വല്ല മനസ്സാക്ഷിയും ഉണ്ടോ? മാർ അവുഗേൻ - അഥവാ കാതോലിക്കാ പക്ഷം എന്തു തെറ്റു ചെയ്തിട്ടാണ് ഇപ്പോഴത്തെ വഴക്കുണ്ടാക്കിയത്. "ആരോപണങ്ങൾക്കു യാഥാർത്ഥ്യ മില്ല" എന്നു ഞാൻ ചർച്ച് വീക്കിലിയിൽ എഴുതി. ആരും ഖണ്ഡിച്ചില്ല. ഈ തലവന്മാർ ഉള്ളെടത്തോളം കാലം ഒരു ഐക്യവും ഉണ്ടാവില്ല. ജഡ്ജ് എന്താണ് ചെയ്തത്. രണ്ടുകൂട്ടർക്കും എന്നും എല്ലാ പള്ളിയിലും ഇഷ്ടം പോലെ അടി നടത്താം എന്നല്ലെ, കൃഷ്ണയ്യരുടെ വിധിയും സ്പെഷ്യൽ കോർട്ട് വിധിയും അയാൾ അവഗണിക്കയല്ലെ ചെയ്തത്. അതു നിലനില്ക്കുമൊ? ഉണ്ണി പിറക്കുന്നതിനു മുമ്പ് (രണ്ടു അപ്പീലും കഴിഞ്ഞ്) ജാതകം എഴുതാൻ പി. സി. ചെറിയാൻ കെ. ഇ. മാമ്മൻ, ചർച്ച് വീക്കിലിയും ബദ്ധപ്പെടുന്നതെന്തിനാണ്? വടക്ക് ചിന്താക്കുഴപ്പമു ണ്ടാക്കാൻ ചർച്ച് വീക്കിലി ചർച്ച് പൊളിറ്റിക്ക്സിനു സ്ഥലം കൊടുത്തു മറ്റു കാര്യങ്ങൾ ഉപേക്ഷിക്കുന്നതു നന്നൊ? മി. ഏബ്രഹാം ഒരിടയ്ക്കു കുറച്ച് ചഞ്ചലിച്ചു പോയി. നിങ്ങളും തുടരുകയാണൊ? മാമ്മൻ മാപ്പിള ജീവിച്ചിരുന്നെങ്കിൽ ഇങ്ങനെയൊക്കെ മനോരമ പറയുമൊ? വട്ടശ്ശേരിൽ മെത്രാച്ചനും മാമ്മനും തമ്മിൽ രസമില്ലാതിരുന്ന കാലത്താണ് മുടക്ക്. മി. കുര്യൻ വിചാരിച്ചു മി. മാമ്മൻ മെത്രാച്ചനെ എതിർക്കുമെന്ന്. ആ മഹാൻ എന്തു ചെയ്തു. അദ്ദേഹത്തിന്റെ പത്രം എന്തു ചെയ്തു. സഭയ്ക്കു വേണ്ടി മനോരമ പറയാത്തത് വരിക്കാർ കുറയുമെന്ന് ഭയ പ്പെട്ടാണോ? മി. മാമ്മന് ആ ഭയം ഒട്ടുമില്ലായിരുന്നു.

പാത്രിയർക്കീസ് ബാവാ പൂർണ്ണമായ സമാധാനം കാംക്ഷിച്ചെങ്കിൽ പാലാമ്പടവും ആബുദിയും ഒന്നും പുറത്ത് വരികയില്ലായിരുന്നു. സഭാ തലവൻ എന്ന നിലക്ക് അദ്ദേഹം ചുമതല നടത്തിയില്ല? അങ്ങനെയൊ ക്കെയാണെന്ന് 1964-ൽ കാണിച്ചു. 'മാർതോമ്മാ കപ്യാരുമല്ല' എന്നു പറ ഞ്ഞാൽ സഭയുടെ അപ്പോസ്തോലിക അടിസ്ഥാനത്തെ തൂത്തു മായി ക്കയല്ലെ ഫലം. അതിനു ഇവിടെ വല്ലവരും സമ്മതിക്കുമോ? അപ്പോൾ ആ കരു തന്നെ പ്രയോഗിച്ചെങ്കിലെ ഇവിടെ വഴക്കു നിലനില്ക്കയുള്ളു!! 'സമാധാനം' അദ്ദേഹം ഉണ്ടാക്കിയെങ്കിൽ അധികമധികം ശക്തിയോടെ അതു തുലയ്ക്കയും ചെയ്തു.

ഇവിടുത്തെ പാത്രിയർക്കീസ് കക്ഷിയുടെ ചില നേതാക്കന്മാർക്ക് വിശ്വാസമുണ്ടൊ? ദൈവാരാധനയുണ്ടൊ? അവരുടെ പുറകെ കുറെ പാവ പ്പെട്ടവരെ കിട്ടുമെന്നവർക്കറിയാം. പ്രതാപം നിലനിർത്തി പാത്രിയർക്കീസ് കക്ഷികൾ എന്നു പറഞ്ഞ് ആളുകളെ കളിപ്പിക്കാം. ഇവർക്കു പാത്രി

യർക്കീസുമില്ല മെത്രാനുമില്ല. കാതോലിക്കായുമില്ല - ഇവരെ പൊക്കിപ്പിടിക്കുന്നത് ഇവരുടെ സ്വാർത്ഥത മാത്രമാണ്.

വലിയപള്ളികൾ - വടക്കൻപറവൂർ, മണർകാട്, കോതമംഗലം - ഇവയ്ക്കു വെടിക്കെട്ടിനും കലാപരിപാടിക്കും ധൂർത്തടിക്കണം. കാലം ചെയ്ത ആലുവായിലെ അത്താനാസ്യോസ് മെത്രാച്ചൻ പട്ടമേറ്റയുടൻ, വെടിക്കെട്ടും മറ്റും പെരുന്നാളിനു നിരോധിച്ചു. വടക്കൻപറവൂർക്കാർ ലംഘിച്ചു. 8 പേരെ മുടക്കി. ഒന്നു പി. പി. ജോസഫ് അച്ചന്റെ അളിയനുമാണ്. ജോസഫ് അച്ചൻ പാത്രിയർക്കീസിനെഴുതി മുടക്ക് തീർത്തു. മാർ അത്താനാസ്യോസ് മിഴിച്ചു നോക്കി. ഭരണം മതിയാക്കി - പിന്നെ പെരുന്നാളിനു ഒരു പള്ളിയിലും പോയില്ല. പാത്രിയർക്കീസിന്റെ തണലിൽ നിന്നുകൊണ്ടു ഇവിടെ ഇഷ്ടം പോലെ ജീവിക്കാം എന്നു മാത്രമേയുള്ളു ചിന്ത. ഭരണഘടനകൊണ്ടു നിയന്ത്രിക്കപ്പെടാൻ മനസ്സില്ല. ഞാൻ നിർത്തുന്നു

എന്ന്

Yours Sincerely

Fr. C. S. Skariah

2

എന്താണ് മലങ്കരയിലെ പ്രശ്നം

ഈ സഭയ്ക്കു സഭാംഗങ്ങൾ തന്നെ അവരവരുടെ മനോധർമ്മമനുസരിച്ച് പല പേരും നൽകുന്നുണ്ട്. സഭ അന്നും ഇന്നും ഒന്നു തന്നെ. രണ്ടഭിപ്രായക്കാർ ഉണ്ടെങ്കിലും വ്യക്തമായ അതിർവരമ്പുകൾ ഉണ്ടായ ശേഷം രണ്ടായി പിരിഞ്ഞിട്ടില്ല. കഴിഞ്ഞ നൂറ്റാണ്ടിൽ റോയൽ കോർട്ടു വിധി സഭയെ രണ്ടാക്കി. അതുപോലെ ഒരവസാന വിധിയിൽ രണ്ടാകണമെന്നാണ് കക്ഷികളുടെ താല്പര്യമെങ്കിൽ അന്നാകട്ടെ. പെട്ടെന്നു ഒന്നും ചെയ്യാനില്ല. റോയൽകോർട്ടു വിധിയിലും അതുമുതൽ ഉണ്ടായിട്ടുള്ള പല കേസുകളിലും സുപ്രധാനമായ പല സംഗതികളും നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. ഇനിയും പലതും ഉറപ്പിക്കപ്പെടാനുമുണ്ട്. "വേകുവോളം ക്ഷമിക്കാമെങ്കിൽ ആറുവോളം ആകരുതൊ" എന്നു പഴമൊഴിയുണ്ട്. നമ്മുടെ പിതാക്കന്മാർ അഗ്നിയിലും വെള്ളത്തിലും വിയർത്തും വെന്തും മുങ്ങിയും പൊങ്ങിയുമാണല്ലോ പോന്നിട്ടുള്ളത്. വേദവാക്യം അവർക്കും നമുക്കും പുത്തരിയല്ല. തമ്പുരാൻ യേശുക്രിസ്തുവും വി. പൗലോസും പറഞ്ഞിട്ടുള്ള വേറെ വാക്യങ്ങളും ഉണ്ട്.

എന്താണ് ഇന്നത്തെ പ്രശ്നം? ദീർഘകാലം കേസ് പറഞ്ഞ ശേഷം 1958 മുതൽ ഒരു വ്യാഴവട്ടക്കാലം ഏകയോഗക്ഷേമമായി കഴിഞ്ഞ സഭയിൽ എന്താണ് 1970-നുശേഷം നടന്നതും? ഇപ്പോൾ നടക്കുന്നതും? ഒരു ചെറിയ ഉദാഹരണം കൊണ്ടു ഞാൻ വ്യക്തമാക്കുകയാണ്.

സാമാന്യം നല്ല നിലയിൽ നടക്കുന്ന ഒരു പള്ളിക്കൂടമാണ് രംഗം. യോഗ്യന്മാരായ അദ്ധ്യാപകരും വളരെ വിദ്യാർത്ഥികളുമുണ്ട്. കുറെ വിദ്യാർത്ഥികൾക്കു ഹെഡ്മാസ്റ്ററോടും ചില അദ്ധ്യാപകരോടും ചില്ലറ വഴക്കുണ്ട്. മാനേജരും ഹെഡ്മാസ്റ്ററും തമ്മിലും അല്പം അഭിപ്രായ വ്യത്യാസമുള്ള കാര്യങ്ങളും ഉണ്ട്. ഈ കാലത്ത് ഇങ്ങനെ ഒരവസ്ഥ ആർക്കും മനസ്സിലാക്കാൻ കഴിയും. ഒരു ദിവസം മാനേജർ മറ്റാരോടും ആലോചിക്കാതെ കുറെ പുതിയ അദ്ധ്യാപകരെ നിയമിച്ച് സ്കൂളിലേയ്ക്കയയ്ക്കുന്നു. ക്ലാസ്സു പതിവു പോലെ നടന്നുകൊണ്ടിരിക്കുന്ന സമയത്തു ഇവർ ക്ലാസ്സുകളിൽ പ്രവേശിക്കുന്നു. കുറെ കുട്ടികൾ ഇവരെ സ്വാഗതം ചെയ്യുന്നു. അവരും മറ്റവരെപ്പോലെ പഠിപ്പിക്കുന്നു. ഇങ്ങനെ പല ക്ലാസ്സുകളിലും നടക്കുന്നു. എന്താണ് ആ സ്കൂളിന്റെ സ്ഥിതി. ഹൃദയമുള്ളവർ മനസ്സാക്ഷിയുള്ളവർ ചിന്തിക്കട്ടെ. എന്നിട്ടു വേദം ചൊല്ലുക. സഭ എന്താണ്? വിശ്വാസികളെ നന്മയിൽ വളർത്തുന്നതിനുള്ള ഒരു വിദ്യാ

ലയമല്ലെ. ഏതു തൊഴിലിനും എവിടെയും ആർക്കും അടുക്കും ചിട്ടയും അച്ചടക്കവും ആവശ്യമാണല്ലോ. ഇതു കൂടാതെ ഒരു കുടുംബവും, സഭയും, രാഷ്ട്രവും നിലനിൽക്കയില്ല. അച്ചടക്കം പഠിപ്പിക്കേണ്ടവർ അതു ലംഘിച്ചാൽ പിന്നെ എന്താണ് അവസ്ഥ. 'വെള്ളം കലക്കരുത്' എന്നു, തള്ള ഞണ്ട് കുഞ്ഞു ഞണ്ടിനോടു പറഞ്ഞാൽ ഫലപ്പെടുമോ? പ്രീശന്മാരെ യേശുക്രിസ്തു പരസ്യമായി ശാസിക്കുന്നുണ്ടല്ലോ. നിങ്ങൾ ഉപദേശിക്കുന്നു. നിങ്ങൾ ആ സൽപ്രവൃത്തി ചെയ്യാൻ ഒരു വിരൽകൊണ്ടു തൊടുകപോലും ചെയ്യുന്നില്ല. സഭാ വഴക്കല്ല. വേറൊരു കാര്യത്തിൽ ഒരു പള്ളിയിൽ അഭിപ്രായ വ്യത്യാസമുണ്ടായി ബഹളം തുടങ്ങിയാൽ അച്ചടക്കം പാലിക്കാൻ ആർക്ക് ഉപദേശിക്കാൻ ധൈര്യമുണ്ടാകും.

വിഷയത്തിലേക്ക് പ്രവേശിക്കാം. വസ്തുതർക്കമൊ അതിരുതർക്കമൊ പണമിടപാടൊ അല്ല ഇന്നത്തെ തർക്ക സംഗതി. അതിൽ നീക്കുപോക്കുകൾ ഉണ്ടാക്കാൻ സാധിക്കും. പത്തൊമ്പതാം നൂറ്റാണ്ടിൽ ഈ സഭ ഭരണകാര്യങ്ങളിൽ സ്വതന്ത്രമാണ് എന്നു സ്ഥാപിക്കപ്പെട്ടു (റോയൽ കോർട്ട് വിധി). ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ 1912-ൽ അപ്പോസ്തോലിക പിന്തുടർച്ചയായ പൗരോഹിത്യ കാര്യത്തിൽ സ്വയംപര്യാപ്തത സമ്പാദിക്കാൻ സാധിച്ചു. അതു നിർബാധം തുടർന്നു പോകണമെന്നു ഒരു പക്ഷവും, സ്വയംപര്യാപ്തമല്ല, അങ്ങനെ ആകാനും പാടില്ല എന്ന് വേറൊരു പക്ഷവും ഇന്നു നിലവിലുണ്ട്. ഇതിനെപ്പറ്റിയാണ് ഇന്നു വഴക്കും ശക്തിപ്രകടനവും നടത്തുന്നത്.

ഈ സഭയിലെ അംഗങ്ങൾ ആര്യ-ദ്രാവിഡ വർഗ്ഗത്തിൽപ്പെട്ടവരാണ്. തുർക്കിയിലെ സുറിയാനി സഭാംഗങ്ങൾ ശേമിന്റെ (Semetic) വർഗത്തിൽപ്പെട്ടവരാണ്. ദൈവത്തിന്റെ സകല സൃഷ്ടികളും യേശുക്രിസ്തുവിൽ പുതുതാക്കപ്പെട്ടു പൂർണ്ണത പ്രാപിക്കുന്നു എന്നാണ് ദൈവനിശ്ചയം. ഇതിനു ക്രിസ്തുസഭ ഓരോ ദേശത്തും അപ്പോസ്തോലിക അടിസ്ഥാനത്തിൽ വളർന്ന് ആ ദേശത്തെ ഭാഷ, സംസ്കാരം എന്നിവയിൽ സഭയുടെ വളർച്ചക്കു ഉപയോഗപ്രദമായ എല്ലാം സ്വീകരിച്ച് പുരോഗമിക്കേണ്ടതാണ്. ഗ്രീസിലും റോമിലും ഈജിപ്തിലും സിറിയയിലും സഭകൾ അങ്ങനെയാണ് വളർന്നത്. മലങ്കരയിലെ സഭ സിറിയായിലെ സഭയുടെ ഒരു ശിഖരമോ തള്ളിനിൽക്കുന്ന ഒരു ഭാഗമോ അല്ലെന്നും, ഈ സഭ ഒരു സ്വതന്ത്ര ജാതി ഉൾപ്പെട്ടതാണെന്നും പണ്ഡിതനും പക്വമതിയുമായ കടവിൽ ഡോക്ടർ മാർ പൗലോസ് അത്താനാസ്യോസ് തന്റെ തീസിസിൽ തെളിവ് സഹിതം സ്ഥാപിച്ചിട്ടുണ്ട്. അദ്ദേഹത്തിനു ഡോക്ടറേറ്റും കിട്ടി. തെറ്റാണെങ്കിൽ പരിശോധകരായ യൂണിവേഴ്സിറ്റി തിരുത്തുമായിരുന്നേനേ. 1665 വരെ നാം ഉപയോഗിച്ചിരുന്നത് കാൽഡിയൻ സിറിയൻ ഭാഷയിലുള്ള ആരാധനക്രമങ്ങളായിരുന്നു. അന്നു മുതലാണ് നാം

അന്ത്യോഖ്യൻ ഓർത്തഡോക്സ് സഭയുമായി ബന്ധപ്പെടുന്നത്. നമ്മുടെ ആരാധന സിറിയൻ ഓർത്തഡോക്സ് രീതിയിലാണെങ്കിലും ഈ ദേശത്തെ ഹിന്ദുക്കളുടെ ഇടയിലുള്ള പല ആചാരങ്ങളും നാം പാലിക്കുന്നുണ്ട്. ബ്രാഹ്മണർ ക്രിസ്തുമാർഗ്ഗം സ്വീകരിച്ചവരാണല്ലോ നമ്മുടെ പൂർവ്വപിതാക്കന്മാർ. താലികെട്ട്, പുടവകൊടുക്കൽ മുതലായവ വിവാഹ കൂദാശക്രമത്തിൽ അലിഞ്ഞു ചേർന്നിട്ടുണ്ട്. കുന്നംകുളം ഭാഗത്തു കുരവയും നടപ്പിലുണ്ട്. പൗരോഹിത്യ ശൃംഖലയിൽ സ്വയംപര്യാപ്തമാകുന്നതിന് യൗസേഫ് മാർ ദീവന്നാസ്യോസ് അന്ത്യകാലത്തു നടത്തിയ ഒരു ചെറിയ ശ്രമം നടപ്പിലായില്ല. അദ്ദേഹം കാലം ചെയ്തു.

എന്നാൽ നമുക്ക് ലഭിക്കേണ്ടതു സാധിക്കത്തക്കവിധത്തിൽ പലതും സംഭവിച്ചു. പാത്രിയർക്കാ സ്ഥാനത്തിനുള്ള മത്സരം മാർ അബ്ദൽ മശീഹായുടെ ജയം, മാർ അബ്ദുള്ളായുടെ തോൽവി, മാർ അബ്ദൽ മശീഹായുടെ ഫർമാൻ നഷ്ടപ്പെടൽ എന്നാൽ കാനോനികമായി ഒരു കുറവും കൂടാതെ ചുരുക്കം അനുയായികളൊടുകൂടി തുറബ്ദിനിൽ ജീവിച്ചിരിക്കുക, മാർ അബ്ദള്ളായുടെ സ്ഥാനം പ്രാപിക്കൽ ഇവയെല്ലാം തുർക്കിയിൽ നടക്കുന്നു. അതേസമയം ഇവിടെ ഗീവറുഗീസ് മാർ ദീവന്നാസ്യോസും കൂട്ടുട്രസ്റ്റികളും തമ്മിൽ യോജിപ്പില്ലാതെ അകലുന്നു. മാനേജിംഗ് കമ്മിറ്റി മെത്രാച്ചനെ അനുകൂലിക്കുന്നു. അഭിമാനക്ഷയം തട്ടിയ സി. ജെ. കുര്യൻ മെത്രാപ്പോലീത്തായെ തന്റെ പാതയിൽ നിന്നു തട്ടിമാറ്റാൻ അവസരം നോക്കുന്നു. റോയൽകോർട്ടിൽ സ്ഥാപിച്ച് കിട്ടാതിരുന്ന ലൗകികാധികാരം വീണ്ടെടുക്കാൻ തയ്യാറായി മാർ അബ്ദള്ളാ വരുന്നു. തന്റെ പാതയിൽ തടസ്സമായി കണ്ട മാർ ദീവന്നാസ്യോസുമായി ഏറ്റുമുട്ടി. ട്രസ്റ്റികൾ പാത്രിയർക്കീസുമായി യോജിച്ച് പ്രവർത്തിക്കാൻ തുടങ്ങി. മെത്രാപ്പോലീത്തായെ തങ്ങളുടെ പാതയിൽ നിന്നു തട്ടിമാറ്റാൻ അദ്ദേഹത്തെ മുടക്കി. സ്വാഭാവികനീതിക്ക് വിരുദ്ധമായിട്ടായിരുന്നു മുടക്ക് പ്രയോഗിച്ചത്. ജനം മെത്രാപ്പോലീത്തായെ താങ്ങി. മുടക്ക് കല്പന സെമിനാരിപ്പള്ളിയിൽ പോലും വായിക്കാൻ സാധിച്ചില്ല. മെത്രാപ്പോലീത്തായുമായി അല്പം നീരസത്തിലായിരുന്ന മഹാനായ മാമ്മൻ മാപ്പിള പാത്രിയർക്കീസിന്റെ മുഖത്തടിച്ചപോലെ മെത്രാച്ചന് ചിയർ പറഞ്ഞു. അദ്ദേഹവും പത്രവും ശക്തമായി മെത്രാപ്പോലീത്തായെ താങ്ങി. മിസ്റ്റർ മാമ്മന്റെ മഹത്വം ഇവിടെയാണ് കാണേണ്ടത്. ഇന്ന് അദ്ദേഹത്തിന്റെ മനോരമ പത്രം സഭാകാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ കാണിക്കുന്നില്ല എന്നതു ഒരു ദുഃഖസത്യമാണ്.

3

കിഴക്കിന്റെ കാതോലിക്കാ

മാർ അബ്ദള്ള പോയി. മാർ അബ്ദൽ മശിഹാ വന്നു. അന്നു ജീവിച്ചിരിക്കുന്ന ഭരണമുള്ള ഏക മെത്രാപ്പോലീത്താ മുറിമറ്റത്തിൽ മാർ ഈവാനിയോസ്, മെത്രാപ്പോലീത്തായെ അനുകൂലിച്ചു. മാർ അബ്ദൽ മ്ശീഹാ മാർ ഈവാനിയോസിനെ കിഴക്കിന്റെ കാതോലിക്കാ ആയി നിരണത്ത് വച്ച് വാഴിച്ചു. മാർതോമ്മായുടെ പാദസ്പർശനം ഏറ്റ പുണ്യഭൂമിയാണല്ലോ അത്. അങ്ങനെ മലങ്കരസഭ സ്വയംപര്യാപ്തമായി, സ്വതന്ത്രമായി. കാതോലിക്കായുടെ പിന്തുടർച്ചയ്ക്ക് ആവശ്യമായ വ്യവസ്ഥകളും കാനോനികമായി ചെയ്തു. ശീമയിലെയും ഇവിടുത്തെയും ചില മേല്പട്ടക്കാരും ചിലപ്പോൾ എല്ലാം എഴുത്തുകുത്തുകളിൽ വരുത്തിയിരുന്ന മാർതോമ്മായുടെ സിംഹാസനം എന്ന വാക്യത്തിനു സ്ഥിരപ്രതിഷ്ഠ ഉണ്ടായി. മാർ അബ്ദൽ മ്ശിഹാ ആവശ്യമുള്ള മെത്രാന്മാരേയും വാഴിച്ചശേഷം മടങ്ങിപ്പോയി മർദ്ദിനിൽ സിംഹാസനത്തിൽ എത്തി കാലം ചെയ്തു. ബഹുമതിയോടെ സംസ്ക്കരിക്കപ്പെട്ടു. മാർ അബ്ദള്ളായെ അവിടെ എത്താൻ ദൈവം അനുവദിച്ചില്ല.

വ്യവഹാരകാലം ഞാൻ വളരെ ചുരുക്കി എഴുതുകയാണ്. ഇത്രയും എങ്കിലും എഴുതാതെ ഇന്നത്തെ വായനക്കാർക്കു സംഗതികൾ കുറെ എങ്കിലും ഗ്രഹിക്കാൻ സാദ്ധ്യമല്ല. ഇവിടെ എല്ലാം ദൈവനടത്തിപ്പ് കാണാം. മാർ ദീവന്നാസ്യോസിനെ സഭയ്ക്കു ഇതരനായി പ്രഖ്യാപിക്കാൻ വട്ടിപ്പണക്കേസ് തുടങ്ങി. ഹൈക്കോർട്ടിൽ വീരരാഘവയ്യങ്കാർ മെത്രാപ്പോലീത്തായ്ക്കു ദോഷമായി വിധിച്ചു. എന്നാൽ ഒരു കാര്യം (കാതോലിക്കാ വാഴ്ച) അദ്ദേഹം കേസിന്റെ നിവൃത്തിക്ക് ആവശ്യമില്ല എന്നു പറഞ്ഞു സ്പർശിക്കാതെ മാറ്റിവച്ചു. എന്നു തന്നെയുമല്ല, പകരം വാദിഭാഗത്തു മെത്രാപ്പോലീത്താ ട്രസ്റ്റിയെ അംഗീകരിച്ചുമില്ല. ഈ രണ്ടു പഴുതുകളും മെത്രാപ്പോലീത്തായ്ക്കും സഭയ്ക്കും വളരെ ഗുണം ചെയ്തു. ബുദ്ധിമാനായ സി. ജെ. കുര്യൻ വിധിയിൽ തൃപ്തനായിരുന്നില്ല.

കേസിൽ തോറ്റ മെത്രാപ്പോലീത്താ വിനയപൂർവ്വം പാത്രിയർക്കീസിനെ നേരിട്ടു കാണാൻ യാത്രയായി. മാർ അബ്ദൽ മ്ശിഹാ വാഴിച്ച മെത്രാന്മാരെ സ്വീകരിക്കണം എന്നായിരുന്നു അപേക്ഷ. അതിനു അവരുടെ താഴ്മയേറിയ അപേക്ഷയും കൊണ്ടുപോയിരുന്നു. കാതോലിക്കാ വാഴ്ച അബ്ദൽ മ്ശിഹായുടെ കല്പനപ്രകാരം തുടരരുത് എന്ന് പാത്രി

യർക്കീസിന് നിർബന്ധം. മെത്രാപ്പോലീത്താ അതും സമ്മതിച്ചു. സ്വീകരണങ്ങൾ കഴിഞ്ഞ് പുതിയ മലങ്കര മെത്രാപ്പോലീത്തായെ തെരഞ്ഞെടുക്കുമ്പോൾ, താൻ ഒഴിഞ്ഞുമാറി സ്വസ്ഥനായി ഇരുന്നുകൊള്ളാമെന്നു സമ്മതിച്ചു. എല്ലാം നടത്തുന്നതിനു സമാധാനദൂതനായി ഒരു പ്രതിനിധിയേയും (മാർ യൂലിയോസിനെയും) അയച്ചു. യാത്രയിൽ ആർക്കോണത്തു വച്ചു തന്നെ സമാധാനദൂതൻ, സി. ജെ. കുര്യന്റെ ഏജന്റിന്റെ കയ്യിലായി. എറണാകുളത്തു വച്ച് എല്ലാം ശുഭമായി എന്നു മാർ യൂലിയോസ് പ്രസ്താവിച്ചു എങ്കിലും കോട്ടയത്തു ചെന്നപ്പോൾ കാലു മാറി. മാർ യൂലിയോസും മാർ ദീവന്നാസ്യോസും മാർ ഏലിയാ ചാപ്പലിൽ വച്ച് തമ്മിൽ കണ്ടു ഭിന്നിച്ച് പിരിഞ്ഞപ്പോഴും മെത്രാപ്പോലീത്താ നിരാശപ്പെട്ടില്ല. അടുത്ത ഞായറാഴ്ച ചാപ്പലിൽ "മക്കളെ സമാധാനം ഉണ്ടാകും" എന്നു പ്രസംഗിച്ചു. പരസ്പര സ്വീകരണമാണ് അദ്ദേഹത്തിന്റെ ഫോർമുല (ഒടുവിൽ ഇതാണ് 1958-ൽ നടന്നത്).

വട്ടിപ്പണക്കേസിന്റെ റിവ്യൂ കേസിനുള്ള എല്ലാ സൗകര്യങ്ങളും ഉണ്ടായിക്കഴിഞ്ഞു. മുൻ ഫുൾബെഞ്ചിലെ നീതിമാനായ ഇംഗ്ലീഷ്കാരൻ ജഡ്ജി മാത്രം ശേഷിച്ചിരിക്കുന്നു. റിവ്യൂവിന് കാലഹരണ തടസ്സം ഉണ്ടായില്ല. തക്കസമയത്ത് ഹൈക്കോർട്ടിൽ സമർപ്പിച്ചിരുന്ന അപേക്ഷ അവിടുന്ന് അപ്രത്യക്ഷമായി ദൂരെ ഒരു മുൻസിഫ് കോടതിയിൽ മറന്ന് കിടന്ന ശേഷം ദൈവഗത്യാ ഹൈക്കോർട്ടിൽ എത്തി. റിവ്യൂ അനുവദിച്ചു. വീരരാഘവയ്യങ്കാർ സ്പർശിക്കാതെ മാറ്റിവച്ചിരുന്ന, കാതോലിക്കാ പ്രശ്നത്തിന് വളരെ പ്രാധാന്യം കൊടുത്തു പ്രതിഭാഗ ട്രസ്റ്റികൾക്കുവേണ്ടി വാദം നടന്നു. അതെപ്പറ്റി തീർപ്പ് കല്പിക്കാനും ജഡ്ജിമാർ നിർബന്ധിതരായി. മുടക്ക് അസാധുവാണെന്ന് തന്നെയല്ല, അദ്ദേഹം മാർ അബ്ദൽ മ്ശിഹായെ വരുത്തിയതും കാതോലിക്കാ വാഴ്ച നടത്തിച്ചതും എല്ലാം സാധുവായ പ്രവൃത്തികൾ - ഇവയൊന്നും മെത്രാപ്പോലീത്താ സഭക്കിതരനാണെന്ന് സ്ഥാപിക്കാൻ മതിയായവ അല്ല എന്നു മൂന്നു ജഡ്ജിമാരും വെവ്വേറെ യോജിച്ച്, വിധി എഴുതി. സി. ജെ. കുര്യനും മല്പാനച്ചനും ട്രസ്റ്റി സ്ഥാനത്തിനു യോഗ്യരല്ല, അവരെ 1087-ൽ അസോസിയേഷൻ കൂടി മാറ്റിയത് ശരി. പകരം നിയമിക്കപ്പെട്ടവർ സാധുവായ കൂട്ടുട്രസ്റ്റികൾ - എല്ലാം ശുഭം. നിയമജ്ഞനായ മെത്രാപ്പോലീത്താ വിധി കഴിഞ്ഞപ്പോൾ പറഞ്ഞതു എത്രയൊ സത്യം. "മക്കളെ നമ്മുടെ കാലശേഷം ഒരു കേസ് ഉണ്ടാകുന്നതിൽ നിങ്ങൾ ഭയപ്പെടേണ്ട. ഈ വിധി റെസ്ജൂഡിക്കേറ്ററായി പരിഗണിക്കപ്പെടും." "ദൈവത്തിനു സ്തുതി." ഇതിനകം രണ്ടാം കാതോലിക്കാ വാഴിക്കപ്പെട്ടു. അദ്ദേഹം കാലം ചെയ്കയും ഉണ്ടായി. മൂന്നാം കാതോലിക്കായെയും വാഴിച്ചു.

മാർ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് വന്നു. വൈസ്രോയി

ഇർവിൻ പ്രഭു വഴി മെത്രാപ്പോലീത്താ ശ്രമിച്ചതിന്റെ ഫലമായിട്ടാണ് വന്നത്. പാത്രിയർക്കീസ് വന്ന ഉടൻതന്നെ മെത്രാച്ചൻ ആലുവായിൽ ചെന്ന് അദ്ദേഹത്തെ കണ്ടു. സന്തോഷമായി സ്വീകരിക്കപ്പെട്ടു. മർദ്ദീനിലെ സ്വീകരണത്തിനു നന്ദി പറഞ്ഞു. കാതോലിക്കായെയും മെത്രാന്മാരെയും സ്വീകരിച്ചു സമാധാനമുണ്ടാക്കണമെന്നു അപേക്ഷിച്ചു. പാത്രിയർക്കാ സിംഹാസനത്തിനു ക്ഷീണം തട്ടാത്തവിധത്തിൽ വ്യവസ്ഥകൾ ചെയ്യാമെന്നും സമ്മതിച്ചു. എന്നാൽ പാത്രിയർക്കീസിന്റെ പക്ഷത്തെ മെത്രാന്മാരും കേസ് നടത്തിപ്പുകാരും പാത്രിയർക്കീസിനെ അലട്ടിക്കൊണ്ടിരുന്നതിനാൽ സമാധാനമുണ്ടായില്ല. പാത്രിയർക്കീസും പെട്ടെന്നു കാലം ചെയ്തു. താമസിയാതെ മെത്രാപ്പോലീത്തായും കാലം ചെയ്തു.

വീണ്ടും സമാധാനത്തിനു ശ്രമം. മദ്ധ്യസ്ഥനായ പാലാമ്പടം വക്കീലിന്റെ അഭിപ്രായമനുസരിച്ച് മാർ യൂലിയോസുമൊരുമിച്ച് മൂന്നാം കാതോലിക്കാ പുതിയ പാത്രിയർക്കീസിനെ കാണാൻ ഹോംസിലേക്ക് യാത്ര ചെയ്തു. ഒന്നും നടന്നില്ല. "വിവരമില്ലാത്ത വൃദ്ധൻ പുന്നൂസ്" എന്നു പേരു കൊടുത്തു. സകല സമാധാനവും അടച്ച് കല്പന ഉണ്ടായി എന്നതു മാത്രം ഫലം. മാർ ഔഗേൻ തീമോത്തിയോസിന്റെ പരിശ്രമമനുസരിച്ച്, മൂന്നാം കാതോലിക്കാ, മാർ ഗീവറുഗീസ് ദ്വിതീയൻ വിനയപ്പെട്ടു ആലുവായിൽ മാർ അത്താനാസ്യോസിന്റെ അടുക്കൽ തലകുനിക്കാൻ തയ്യാറായി പോയി. ഒന്നും നടന്നില്ല. 'പുരോഗമനസമിതി'ക്കാർ ഉൾപ്പെട്ട 'പീസ്ലീഗ്'കാർ കാതോലിക്കായേയും മെത്രാന്മാരെയും ചിങ്ങവനത്തു തടഞ്ഞുവച്ച് അവരുടെ വ്യവസ്ഥകൾക്ക് ഒപ്പു വയ്പ്പിച്ചു. പക്ഷേ, പാത്രിയർക്കീസ് അതൊന്നും സമ്മതിച്ചില്ല എന്നു മാത്രമല്ല പുതിയ വ്യവസ്ഥകളും വന്നു. വളരെ വിചിത്രമായ വ്യവസ്ഥകൾ (1) ഇവിടെ ഇപ്പോഴുള്ള ഭദ്രാസന ഇടവകകളല്ലാതെ കൂടുതൽ ഉണ്ടാകാൻ പാടില്ല (ഇപ്പോൾ സഭയ്ക്ക് 30 ഭദ്രാസനങ്ങൾ ഉണ്ട് - എഡിറ്റർ). (2) ശൽമൂസ പാത്രിയർക്കീസിനു മെത്രാൻ സ്ഥാനാർത്ഥികൾ കൊടുത്താൽ, നാമമാത്ര കാതോലിക്കായ്ക്ക് അവരെ വാഴിക്കാം. (3) കാതോലിക്കാ 5-ാം വർഷം റിപ്പോർട്ട് സമർപ്പിക്കാൻ പാത്രിയർക്കീസിന്റെ അടുക്കൽ എത്തണം. ഇവയിൽ ചിലതാണത്. 'സഭ സ്തംഭിച്ച് മുരടിച്ച് നില്ക്കണമെന്നല്ലെ' ആദ്യ വ്യവസ്ഥയുടെ അർത്ഥം. ഇതൊക്കെ ഇവിടെ നടത്താമെന്നദ്ദേഹം ചിന്തിച്ചത് അത്ഭുതം തന്നെ.

4

കൃഷ്ണയ്യരുടെ വിധി

വീണ്ടും വ്യവഹാരം. ജില്ലാക്കോടതിയിൽ നിന്നു പാണ്ഡിത്യം നിറഞ്ഞ ഒരു വിധി കാതോലിക്കായ്ക്കു അനുകൂലമായി ലഭിച്ചു. തർക്കവിഷയങ്ങൾക്കെല്ലാം തെളിവെടുത്ത് സമഗ്രമായ ഒരു വിധിയാണ് കൃഷ്ണയ്യർ എഴുതിയതും. എന്നാൽ ചില സാങ്കേതികവും രാഷ്ട്രീയവുമായ കാരണങ്ങളാൽ മൂന്നു പ്രാവശ്യം ഹൈക്കോർട്ടിൽ ചുറ്റിക്കറങ്ങി കാതോലിക്കായ്ക്ക് പ്രതികൂലമായി തുടരെ വിധിയുണ്ടായി. സെമിനാരിയിൽ ഇരിക്കാൻ ഒക്കുകയില്ല എന്നു ഭയപ്പെട്ട് മറ്റു സ്ഥലം തേടി, ബാവാ അവിടം വിട്ട് ദേവലോകം അരമനയിൽ താമസിച്ചു. എന്നാൽ സുപ്രീംകോർട്ടിൽ അദ്ദേഹത്തിന് തികച്ചും അനുകൂലമായി വിധിയുണ്ടായി. മി. കൃഷ്ണയ്യരുടെ വിധി അതേപടി സ്വീകരിച്ചാണ് വിധിച്ചത്. പാത്രിയർക്കീസ് പക്ഷത്തെ മെത്രാന്മാരും മാർ യൂലിയോസും സമാധാനത്തിനു തയ്യാറായി. പാത്രിയർക്കീസും സമ്മതിച്ചു. മാർ ദീവന്നാസ്യോസിന്റെ ഫോർമുല, "പരസ്പര സ്വീകരണം" പഴയസെമിനാരിയിൽ വച്ചു 1958 ഡിസംബർ 16-ാം തീയതി നടന്നു. കല്പനകൾ കൈമാറി, സമാധാനമുണ്ടായി. എല്ലാവരും സന്തോഷിച്ചു.

എന്നാൽ ചിലർക്ക് ഉറക്കം വന്നില്ല. കാരണം "ഗീവറുഗീസും" 'പുന്നൂസും' എന്നു പറഞ്ഞത്, തെറ്റാണെന്നു സ്ഥാപിക്കപ്പെട്ടു. "വൈകാരിക ഐക്യം" - എന്നൊരു ദുർഭൂതവും കൊണ്ട്, 1959-ലും, 1960-ലും ശബ്ദമുണ്ടാക്കി നടന്നു. അടിസ്ഥാനമില്ലാത്ത ആരോപണങ്ങൾ കാതോലിക്കാപക്ഷത്തെപ്പറ്റി രഹസ്യമായിപ്പറയാനും തുടങ്ങി. പുതിയ മാനേജിംഗ് കമ്മിറ്റി 1959-ൽ തന്നെ ഉണ്ടാക്കി. ഭരണഘടന കാര്യത്തിലും പാത്രിയർക്കീസ് കക്ഷിക്കാരായിരുന്നവരുടെ കൂടെ ചേർന്ന് റൂൾസ് കമ്മിറ്റി ചർച്ച ചെയ്തു ഭേദഗതികൾ പാസ്സാക്കി. എല്ലാ പ്രവർത്തനരംഗങ്ങളിലും അവരെ പരിഗണിച്ചാണ് എല്ലാം ചെയ്തത്. 1964-ൽ പാത്രിയർക്കീസിനെ ഭരണഘടനപ്രകാരം വരുത്തി മാർ ഔഗേന്റെ വാഴ്ചയും നടന്നു. പാത്രിയർക്കീസിന്റെ അക്കാലത്തെ പ്രസംഗവും പ്രവൃത്തിയും തൃപ്തികരമായിരുന്നു. അദ്ദേഹം വീണ്ടും ഒരു ഭിന്നിപ്പുണ്ടാക്കുമെന്ന് ആരും വിചാരിച്ചില്ല.

വിരുദ്ധതയുണ്ടായി. ആരുണ്ടാക്കി എന്നറിഞ്ഞു കൂടാ. കാതോലിക്കാപക്ഷം അതിനു കാരണക്കാരല്ല. ഞാൻ ഇതു സംബന്ധിച്ച് 1974-ൽ ചർച്ച് വീക്കിലിയിൽ പല ലേഖനങ്ങളും എഴുതിയിട്ടുണ്ട്. എന്റെ ആശയങ്ങളെ

ആരും ഇന്നു വരെ എതിർത്തു എഴുതിയിട്ടില്ല. ഞാൻ പലർക്കും വ്യക്തി പരമായി എഴുതി ചോദിച്ചിട്ടു മറുപടി തന്നിട്ടില്ല. 1970-ൽ പാത്രിയർക്കീസ്, മാർത്തോമ്മാ ഒരു പട്ടക്കാരനല്ല എന്നു പ്രഖ്യാപിച്ചു. ഈ സഭയുടെ അപ്പോസ്തോലിക അടിസ്ഥാനത്തിനു കോടാലി വയ്ക്കുന്ന പ്രസ്താവന മാർ ഔഗേൻ ബസേലിയോസും സുന്നഹദോസും ശക്തിയായി തള്ളിക്കളഞ്ഞു. വെറും കടമ മാത്രമേ ചെയ്തൊള്ളു. ശീമക്കാരെ നല്ല വണ്ണം അറിയാവുന്ന അതിവിനയൻ അതിധീരനായി കാണപ്പെട്ടതു ദൈവ നടത്തിപ്പ് തന്നെ. ഉടനെ പാത്രിയർക്കീസ് ചെയ്തത് ഉദാഹരണം വഴി മേൽ പറഞ്ഞിട്ടുണ്ട്. പാത്രിയർക്കീസിന്റെ കാനോനികമല്ലാത്ത പ്രവർത്തനങ്ങളാണ് ഇപ്പോഴത്തെ കേസിന് കാരണം. പാത്രിയർക്കീസ് കാനോനായ്ക്കും ഭരണഘടനയ്ക്കും വിധേയനാണ്. അതു സ്വീകരണ കല്പനയിൽ പറഞ്ഞിട്ടുണ്ട്. ദൈവഗത്യാ അന്നതു തോന്നിയതുകൊണ്ട് കുറച്ചൊക്കെ പിടിച്ചു നിൽക്കാൻ സാധിക്കുന്നു. പിന്നെ വരുംവണ്ണം വരട്ടെ. ഇത്രയും നടത്തിയ ദൈവം ഇപ്പോഴും ഇനിയും നടത്തും സംശയിക്കണ്ട. നമ്മുടെ പിതാക്കന്മാർ കണ്ണുനീർ ഒഴുക്കിയാണു ഇത്രയും എത്തിച്ചത്.

ഇപ്പോഴത്തെ സ്പെഷ്യൽ കോടതി വിധി ഒരു ന്യായാധിപൻ എഴുതിയതാണ് എന്നു പറയാൻ പ്രയാസം. ചില അഭിപ്രായങ്ങൾ മാത്രമാണവ. അദ്ദേഹം അനേക യാഥാർത്ഥ്യങ്ങളെ മുൻ സുപ്രീംകോർട്ട് വിധിയിൽ എടുത്തു പറഞ്ഞിട്ടുപോലും കാണാതെ കടന്നുപോവുകയാണ് ചെയ്തത്. എല്ലാ പള്ളികളിലും അവരവരുടെ ഇഷ്ടം പോലെ മെത്രാന്മാരെ സ്വീകരിക്കാം, നിഷേധിക്കാം. എന്നും വഴക്കു നടക്കാനുള്ള ഒരു മാർഗ്ഗമാണ് വിധിയിൽ കാണുന്നത്. “സമാധാനത്തിന് ഉതകുന്നവയാണ് വിധി എന്നു പറയുന്നത് വിചിത്രം. കൈസറെ തന്നെ അഭയം ചൊല്ലാം.” പേടിച്ച് കയ്യും കെട്ടിയിരിക്കരുത്. നീതിക്കും സത്യത്തിനും വേണ്ടി പോരാടുമ്പോൾ ക്ളേശങ്ങളും സമാധാനക്കുറവും വരും. അതിൽ ക്രിസ്തുവിന്റെ ഉപദേശത്തിനു വിപരീതമായി ഒന്നുമില്ല. ക്രിസ്തുവിനു വേണ്ടി - സത്യത്തിനു വേണ്ടി നിൽക്കുമ്പോൾ കുടുംബങ്ങളിലും സമാധാനം കാണാതെ വരും. അതിനും വേദവാക്യമുണ്ട്. “ഞാൻ ഭൂമിയിൽ സമാധാനം വരുത്തുവാൻ വന്നു എന്നു നിരൂപിക്കരുത്. സമാധാനമല്ല, വാൾ അത്രെ വരുത്തുവാൻ ഞാൻ വന്നത്.”

“നിങ്ങൾക്ക് ഉപദേഷ്ടാക്കന്മാരായി പലരുമുണ്ടെങ്കിലും പിതാവ് ഒന്നേയുള്ളുവെന്ന്” കൊരിന്ത്യരോട് വി. പൗലോസ് പറയുന്നു. നമ്മെ ക്രിസ്തുവിൽ ജനിപ്പിച്ച പിതാവ് മാർ തോമാശ്ലീഹായെ ചവിട്ടാൻ നമുക്കനുവദിച്ചുകൂടാ. “നിന്റേതാണെങ്കിൽ നീ എടുത്തോ, അവന്റേതാണെങ്കിൽ അവൻ എടുത്തോട്ടെ” എന്നു ഒരു നാട്ടുകാര്യസ്ഥൻ രണ്ടുപേരുടെ തർക്കം തീർത്തതുപോലെയുള്ള വിധി അതേപടി സ്വീകരിച്ചുകൊണ്ടു

തൃപ്തരായി ഇരിക്കാൻ സഭാസ്നേഹികൾക്ക് സാദ്ധ്യമല്ല. ഇടവകക്കാരുടെ സ്വാതന്ത്ര്യത്തെപ്പറ്റിയുള്ള വിധി കണ്ടുകൊണ്ടു ചാടുന്ന അസ്ഥിരന്മാർ കാതോലിക്കാപക്ഷത്തും പ്രത്യക്ഷപ്പെടുന്നുണ്ട്. നിയന്ത്രണമില്ലാത്ത സ്വാതന്ത്ര്യം എവിടെ ചെന്നവസാനിക്കും? ഇന്നത്തെ രാഷ്ട്ര നിയമസഭകളിലെ സ്ഥിതിവിശേഷങ്ങളിൽ ചെന്നവസാനിക്കാനാണ് സാദ്ധ്യത. വിദ്വാന്മാരുടെ സദസ്സ് ഇത്ര ശോചനീയമെങ്കിൽ മറ്റുള്ളവരുടേത് എന്തായിരിക്കും. ഭരണകക്ഷിയും, പ്രതിപക്ഷവും, ഗ്രൂപ്പുകളും ഉണ്ടാകും.

കൊല്ലം പഞ്ചായത്ത്, കൊച്ചി പഞ്ചായത്ത്, റോയൽകോർട്ട് വിധി, റിവ്യു വിധി, സുപ്രീംകോർട്ട് വിധി ഇവയിലൊക്കെ കാതലായ പലതും സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. മേൽപറഞ്ഞ പഞ്ചായത്തുകൾ സർക്കാർ നിയോഗിച്ചതാണ്. ഈ കേസിനൊക്കെ വളരെ പണം ചെലവഴിച്ചത് ശരിയാണ്. ഒരു നഷ്ടമല്ല. അത് ഒ. എം. മാത്യു പറയുമ്പോലെ 'ആർക്കും പ്രയോജനമില്ലാത്ത വ്യവഹാര"ങ്ങളല്ല അവ. സകല അധികാരവും ദൈവത്തിൽ നിന്നുള്ളതാണ്. നീതിന്യായക്കോടതികൾ മനുഷ്യന്റെ സംരക്ഷണത്തിനാണ്. പൗലോസ് അപ്പസ്തോലൻ "കൈസറെ അഭയം ചൊല്ലുന്നു" ണ്ടല്ലോ. മഗ്ദലക്കാരി മറിയം യേശുവിന്റെ കാലിൽ വിലയേറിയ തൈലം ഒഴിച്ചപ്പോൾ "അതു പാഴാക്കാതെ അതിന്റെ വില ദരിദ്രർക്ക് കൊടുക്കാമായിരുന്നല്ലോ" എന്നു യൂദാ സ്ക്കറിയാ പറഞ്ഞപ്പോൾ എല്ലാത്തിന്റെയും ഉടയവനും ദരിദ്രരുടെ സ്നേഹിതനും അതിനോടു യോജിച്ചില്ല എന്ന് നാം വായിക്കുന്നു.

5

പണത്തിന്റെ ദുർവിനിയോഗം

വലിയ ഇടവകകളിലെ പണം അവിടുത്തുകാരുടെ കയ്യിൽ നിന്നിറങ്ങിയതല്ല. അവിടെ കുന്നു കൂടുന്ന പണം അവിടത്തുകാർ അവരുടേതാണെന്ന മട്ടിൽ ദുർവിനിയോഗം ചെയ്യുന്നതും നാം കാണുന്നതാണ്. അന്യദേശത്തുകാരായ പാവപ്പെട്ടവർ ഭണ്ഡാരത്തിൽ ഇടുന്ന പണം വെടിക്കെട്ടിനും കലാപരിപാടിക്കും എഴുന്നെള്ളത്തിനും ദീപക്കാഴ്ചക്കും അതിരില്ലാതെ വാരിചെലവാക്കുന്ന സമ്പ്രദായത്തിന് വിരാമം ഇട്ട്, കാരുണ്യപ്രവൃത്തികൾക്കായി ഉപയോഗിക്കരുതോ? അതിനു നാം എന്നും യാചിച്ചാണല്ലോ പണം ഉണ്ടാക്കുന്നത്. പൊൻവെള്ളിക്കുരിശുകളും മണിമേടകളും, എട്ടും പത്തും നിലകളുള്ള കുരിശിൻതൊട്ടികളും ഓരോ റോഡ് കവലയ്ക്കും മൽസരിച്ചെന്നവണ്ണം പടുത്തുയർത്തുന്നതിനെ ആരു നിയന്ത്രിക്കാനാണ്!! വ്യക്തികൾക്ക് സോഷ്യലിസം ആകാമെങ്കിൽ പള്ളികൾക്കും അമ്പലങ്ങൾക്കും എന്തുകൊണ്ട് ആയിക്കൂടാ. നടപ്പിൽ വരേണ്ട ഒരു പ്രസ്ഥാനമാണിത്. വന്നേ കഴിയൂ.

വളരെ ധനസ്ഥിതിയുള്ള വടക്കൻപറവൂർ പള്ളിയിലെ പെരുന്നാളിന്, കൊട്ടും വാദ്യവും നിർത്തി സുവിശേഷപരമായ പ്രവൃത്തികൾ നടത്തണമെന്ന് ആലുവായിലെ മാർ അത്താനാസ്യോസ് തിരുമേനി താൻ മെത്രാനായ ഉടനെ കൽപ്പന അയച്ചിട്ട് നടന്നൊ? പ്രമാണികളുടെ പേരിൽ അദ്ദേഹം എടുത്ത മുടക്ക് നടപടി, പാത്രിയർക്കീസ് റദ്ദാക്കിയ കാര്യവും മെത്രാച്ചൻ അന്നുമുതൽ പെരുന്നാളിന് പള്ളികളിൽ പോകാതിരിക്കുന്ന കാര്യവും ഓർമ്മ വരുന്നു. ഈ സംഭവം മുതൽ മേൽപട്ടക്കാരുടെ കൽപ്പനകൾ വന്നാൽ അതേപ്പറ്റി കമ്മിറ്റി കൂടി തീരുമാനിക്കാതെ പള്ളിയിൽ വായിച്ചു കൂടാ, എന്നൊരു നിയമം ഇപ്പോഴും അവിടെ പ്രാബല്യത്തിലാണ്. ഇങ്ങനെയുള്ള പള്ളികൾ വേറെയും കണ്ടേക്കാം. "രാജ്യവും ശക്തിയും മഹത്വവും ഞങ്ങൾക്കുള്ളതാകുന്നു" എന്നല്ലേ ഇതിന്റെ അർത്ഥം. പണം കുന്നു കൂടുന്നു. ഒരു പ്രൈമറി സ്കൂളു പോലുമോ, ആശുപത്രിയോ, അനാഥമന്ദിരമോ, പാവപ്പെട്ടവർക്കു ഒരു തൊഴിൽപരിശീലനകേന്ദ്രമോ അവിടെയില്ല. സഭയിലെ ഒന്നാംകിടയിലുള്ള പള്ളിയാണ്. അഭിപ്രായ ഐക്യം വന്നിട്ട് ഒന്നും നടക്കുകയില്ല. ആർക്കും അവരെ നിയന്ത്രിക്കാൻ അവകാശവും അധികാരവുമില്ല. ഒരുവിധം വിവരമുള്ളവരും പഴയ കുടുംബക്കാരുമായവർ ദൈവാരാധനയിൽ സംബന്ധിക്കാൻ മാത്രം പള്ളിയിൽ പോകുന്നു. മറ്റു കാര്യങ്ങളിൽ അവർ ഇടപെട്ടാൽ നടക്കുകയില്ല. ഇതാണ് നമ്മുടെ ജനകീയം പള്ളികളിൽ!!

1980 ആഗസ്റ്റ് 3-ാം തീയതിയിലെ ചർച്ച് വീക്കിലിയിൽ പൗലോസ് മാർ അത്താനാസ്യോസ് "കാതോലിക്കാപക്ഷം വിശ്വാസത്തിൽ കാര്യമായ വ്യത്യാസം വരുത്താത്തപക്ഷം ഒരവസരത്തിൽ അവരെ വിശുദ്ധ സംസർഗ്ഗമുള്ള അർമ്മനായ സഭയെപ്പോലെ കൈക്കൊള്ളാൻ കഴിയും." വിശ്വാസ വ്യത്യാസം കാതോലിക്കാപക്ഷത്തിനുണ്ടാകുമെന്നു അദ്ദേഹം സംശയിക്കുന്നത് ശരിയല്ല. താഴെപ്പറയുന്ന കാര്യം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപെടുത്തിക്കൊള്ളട്ടെ. അദ്ദേഹത്തിനറിയാവുന്ന കാര്യമാണ്. 70 വർഷക്കാലം ഗീവറുഗീസെന്നും, വൃദ്ധൻ പുന്നൂസെന്നും വേദവിപരീതികൾ എന്നും ആക്ഷേപവാക്കുകൾ തുടരെ കേട്ടിട്ടും കാലു നക്കിയപ്പോൾ തൊഴി കൊണ്ടിട്ടും പിതാക്കന്മാർ നൂറ്റാണ്ടുകളായി ആചരിച്ചുപോരുന്ന നോമ്പുകളുടെ ദൈർഘ്യം - ദിവസങ്ങളുടെ എണ്ണം - കുറയ്ക്കുകയോ അനുഷ്ഠാനങ്ങൾ വ്യത്യാസപ്പെടുത്തുകയോ ചെയ്യാൻ കാതോലിക്കാ കക്ഷി മേൽപ്പട്ടക്കാർ തുനിഞ്ഞില്ല. മാർ ഗീവറുഗീസ് ബാവാ പാത്രിയർക്കീസിന്റെ ഈ പ്രവൃത്തിയെ കുറ്റപ്പെടുത്തി കൽപ്പനകൾ അയച്ചു. ആളു പിടിക്കാൻ - ഭൂരിപക്ഷം നേടാൻ - പാത്രിയർക്കീസും കോട്ടയം പ്രമാണികളും കൂടിയാണ് ഇതു നടത്തിയതെന്ന് അന്നു തന്നെ പറയപ്പെടുകയുണ്ടായി.

ശീമയിൽ മെത്രാന്മാർക്കും പാത്രിയർക്കീസിനും മാംസം വർജ്യമല്ലെന്ന് അറിയുന്നു. ഒന്നാമത്തെ തുബ്ദേനിൽ ശുശ്രൂഷക്കാരൻ നമ്മുടെ പാത്രിയർക്കീസ് (ഏക വചനം) മാർ ഇഗ്നാത്യോസിനും പൗലോസ് ദ്വീതീയൻ മാർ ബസേലിയോസിനും വേണ്ടി എന്നും ചില പള്ളികളിൽ ചൊല്ലി തുടങ്ങിയിട്ടുണ്ട്. ദൈവത്തിനു സംശയം വരാതിരിക്കാൻ വേണ്ടി ആയിരിക്കാം കപ്യാർ ഇങ്ങനെ വിവരിച്ചു ചൊല്ലുന്നത്. ഇതൊക്കെ കാതലായ വിശ്വാസ പ്രമാണങ്ങളിൽ നിന്നുള്ള വ്യതിചലനങ്ങളിൽ (ഇപ്പോൾ ഒരു സഭയും അതു ചെയ്യുന്നില്ല) വിശ്വാസിയുടെ ദൈനംദിന കുടുംബജീവിതത്തിൽ വരുത്തുന്ന വ്യത്യാസങ്ങളാണ്. ഇവയുടെ ഫലം ദൂരവ്യാപകങ്ങളാണ്.

മാർ ഔഗേൻ ബസേലിയോസിനെ വിസ്തരിക്കാൻ കൂടിയ സുന്നഹദോസിലെ വിചാരണ വിഷയങ്ങളിൽ ഒന്നു കോട്ടയം സുറിയാനി സെമിനാരി വൈദിക കോളജ് ഡിഗ്രി കോഴ്സിനു പ്രൊട്ടസ്റ്റന്റുകാരുടെ സെറാമ്പൂർ സർവ്വകലാശാലയിലാണ് അഫിലിയേറ്റു ചെയ്തിട്ടുള്ളത് എന്നാണ്. പാത്രിയർക്കീസ് പക്ഷത്തു നിന്നു സെറാമ്പൂരിൽ പോയി പഠിച്ച പട്ടക്കാരുണ്ട്. അതുപോകട്ടെ, അഫിലിയേറ്റു ചെയ്തപ്പോൾ അതിനാവശ്യമായ കരുതലുകൾ ചെയ്തിട്ടുണ്ട്. പ്രൊട്ടസ്റ്റന്റുകാരൊന്നും ഇങ്ങോട്ടു കടക്കുകയില്ല. ഇതു ഉപേക്ഷിക്കുന്നതിനു തടസ്സമുണ്ടാവുകയില്ല. എന്നാൽ പത്രോസിന്റെ സിംഹാസനത്തിൻ കീഴിൽ മർദീനിലോ ഹോംസിലോ

ഡമാസ്കസിലൊ, അഥവാ വിദൂര തറവാടായ അന്ത്യോക്യയിൽ തന്നെയോ ഉള്ള ഒരു വേദശാസ്ത്ര യൂണിവേഴ്സിറ്റിയിൽ നിന്നുള്ള കട ലാസുകളയച്ചു നടപടികൾ തുടങ്ങിയാൽ മതി. അവിടെ എങ്ങാനും അങ്ങനെ ഒന്നുണ്ടോ എന്നാണ് ആദ്യം അറിയേണ്ടത്. ഈ സുന്നഹ ദോസ് അനധികൃതവും ബാലിശവുമാണെന്നാണ് ഇപ്പോഴത്തെ വിധി എന്നു തോന്നുന്നു. അങ്ങനെ വരാനേ ഒക്കുകയുള്ളു.

ഈ ലേഖനം സാമാന്യം ദീർഘിച്ചു എന്നു തോന്നാം. കഴിഞ്ഞ 70 വർഷമായി - 1085 മുതൽ - എനിക്കു നേരിട്ടറിയാവുന്നതും കണ്ടതും അനുഭവത്തിൽ മനസ്സിലാക്കിയിട്ടുള്ളതുമായ സംഗതികളുടെ ഒരു സാമാന്യ വിവരണം മാത്രമാണിത്. സർവ്വശക്തനായ ദൈവത്തിന്റെ നിര ന്തരമായ നടത്തിപ്പ് ഇതിൽ കാണാവുന്നതാണെന്നും ധൈര്യസമേതം പറയാൻ പ്രായാധിക്യത്തിൽ ഇരിക്കുന്ന എനിക്കു കഴിയും. അദ്ദേഹ ത്തിൽ വിശ്വസിച്ചും പ്രത്യാശിച്ചും അദ്ദേഹത്തിന്റെ കൈകളിൽ പ്രവർ ത്തിച്ച പരിശുദ്ധ പിതാക്കന്മാരെ ഓർത്തും ഈ ലേഖനം സമാപിപ്പി ക്കുന്നു. സഭ ജയിക്കട്ടെ.

7

പാത്രിയർക്കീസുമാരുടെ ലക്ഷ്യം

സാമൂഹ്യമായും സാമ്പത്തികമായും കേരളത്തിൽ ഉന്നതനിലവാരം പുലർത്തുന്ന ഒരു വലിയ സമൂഹം ഉൾക്കൊള്ളുന്നതാണു, മലങ്കര ഓർത്തഡോക്സ് സുറിയാനിസഭ. ഇതിനെ ഒന്നായിക്കാണുന്നതിനും അതിന്റെ നാനാവിധ കഴിവുകളും വിഭവശക്തികളും ക്രിസ്തുനാഥന്റെ മനുഷ്യാവതാര ദൗത്യം, ആധുനിക ചിന്താഗതിക്കനുസരണമായി, മനുഷ്യോദ്ധാരണ പ്രവർത്തനങ്ങളിലൂടെ പ്രയോഗത്തിൽ വരുത്തുന്നതിനും ഉപയോഗിക്കണമെന്നും ആഗ്രഹിക്കുന്ന വളരെയേറെ ആളുകൾ ഈ സഭയിലുണ്ട്. ഇത് അസാദ്ധ്യമാക്കിത്തീർക്കുന്ന ചുറ്റുപാടുകളാണ് ഇന്നും നടമാടുന്നത്. മേൽ പറഞ്ഞവർ ഇതു കണ്ടു ദുഃഖിക്കുകയാണ്. ഇവർ തന്നെയല്ല ഇതര ക്രിസ്തീയ സഭകളിലും എന്നുവേണ്ട ക്രിസ്ത്യേതര സമുദായങ്ങളിൽപെട്ടവരും ഇതു കണ്ടു മനോവേദനയോടെ സ്തംഭിച്ചു നിന്നു മൂക്കത്തു കൈ വയ്ക്കുകയാണ്. മലങ്കരസഭ മനുഷ്യോദ്ധാരണ പ്രവർത്തനത്തിൽ അതിനുള്ള ചുമതല വിസ്മരിച്ചു അഞ്ചാംതരക്കാരായ രാഷ്ട്രീയക്കാരെപ്പോലെ അധഃപതിച്ചു പോകുന്നതായി ശ്രീ. എം. പി. മന്മഥൻ സ്ലീബാദാസ സമൂഹത്തിന്റെ വാർഷികയോഗത്തിൽ സൂചിപ്പിച്ചു പ്രസംഗിച്ചതായി പത്രത്തിൽ കണ്ടു. പണ്ടത്തെപ്പോലെ സമുദായങ്ങൾ കലഹിച്ചു കാണാനല്ല, പ്രത്യുത സഹകരിച്ചു കാണുവാനാണ് അദ്ദേഹം ആഹ്വാനം ചെയ്യുന്നത്. ഇത് എല്ലാവരുടെയും കണ്ണു തുറപ്പിക്കേണ്ടതാണ്.

വിശ്വാസനൈർമല്യം കാത്തുകൊണ്ടു വ്യവസ്ഥാപിത മാർഗ്ഗങ്ങളിൽ കൂടി ദേശീയമായ ഏക അധികാരത്തിന്റെ കെട്ടുറപ്പുള്ള ഒരു സഭയായി ഇതിനെ നിലനിറുത്തണമെന്നാണു മലങ്കരസഭാ പിതാക്കന്മാർ ആഗ്രഹിച്ചത്. ഇതിനു വിലങ്ങുതടിയായി നിന്ന പോർട്ടുഗീസുകാരെയും ആംഗ്ലിക്കൻസിനെയും അവർ തിരസ്കരിച്ച് അകറ്റിനിർത്തി. ഈ പരിശ്രമത്തിൽ നാം ചെന്നു ചേർന്നതു മെസോപ്പട്ടോമിയ-മർദ്ദീൻ മേധാവിത്വത്തിലാണ്.

പൗരസ്ത്യരീതിയിലുള്ള സന്യാസ ജീവിതക്രമങ്ങളും വേഷവും നമ്മുടെ കർത്താവിന്റെ ഭാഷയോടു വളരെ യോജിപ്പുള്ള സുറിയാനി ഭാഷയിലുള്ള ആകർഷണീയമായ ആരാധനക്രമങ്ങളും ഇവരുമായുള്ള ബന്ധം ദൃഢപ്പെടുവാൻ വളരെ സഹായിച്ചു. ആദിമകാലങ്ങളിൽ വന്ന പിതാക്കന്മാർ പരിശുദ്ധന്മാരും വിശ്വാസകാര്യങ്ങളിൽ നമ്മെ സഹായിക്കുന്നവരും ആയിരുന്നു. അവർ ഭരണത്തെക്കുറിച്ചു ചിന്തിച്ചില്ല. എന്നാൽ ഈ കഴിഞ്ഞ ഒരു നൂറ്റാണ്ടു കാലത്ത് നമുക്കുണ്ടായ അനുഭവം മറി

ച്ചാണ്. മലങ്കരസഭയെ ഭരിക്കണമെന്നു മോഹം ജനിച്ചതായി കാണുന്ന പാലക്കുന്നത്തു മാർ അത്താനാസ്യോസ് ഈ വിദേശഭരണത്തെ എതിർത്തു സർക്കാരിൽ അഭയം തേടുകയും വിദേശീയ മെത്രാന്മാർക്ക് എന്നേക്കുമായിത്തന്നെ മലങ്കരസഭാഭരണം നിഷേധിക്കപ്പെടുകയും ചെയ്തു. ഇതിനു നാം ആ മഹാനോടു കടപ്പെട്ടിരിക്കുന്നു.

മാർ യൂയാക്കീം കൂറിലോസ് പണ്ഡിതനും പള്ളിക്രമങ്ങളിൽ സമർത്ഥനും ആയിരുന്നതിനാൽ മലങ്കര എല്ലായിടത്തും തന്നെ വളരെയധികം സ്വാധീനം ചെലുത്തി. തന്റെ സെക്രട്ടറിയായിരുന്ന പുലിക്കോട്ടിൽ യൗസേഫ് കത്തനാരെ മെത്രാനായി വാഴിച്ചു വരുത്തി അദ്ദേഹത്തിൽകൂടി മലങ്കര ഭരിക്കാൻ മാർ കൂറിലോസ് ശ്രമിച്ചു. നയതന്ത്രജ്ഞനും സമർത്ഥനുമായിരുന്ന അദ്ദേഹം മർദ്ദീനിൽ എത്തി മാർ ജോസഫ് ദീവന്നാസിയോസ് എന്ന പേരിൽ മെത്രാനായി തിരിച്ചുവന്നു. മാർ അത്താനാസ്യോസിന്റെ മരണംവരെ ഭരണം കിട്ടിയില്ല. മാർ കൂറിലോസും ചേപ്പാട് മാർ ദീവന്നാസ്യോസും കാലംചെയ്യുകയും ചെയ്തു.

മാർ പത്രോസ് പാത്രിയർക്കീസ് ബാവാ രംഗപ്രവേശനം ചെയ്തു. അദ്ദേഹം ബ്രിട്ടീഷ് ഗവണ്മെന്റധികാരികളെ ഇംഗ്ലണ്ടിൽ ചെന്നു കണ്ട് സുറിയാനിസഭാ ഭരണകാര്യങ്ങളിൽ രാജാവും ഗവണ്മെന്റും അതുവരെ അനുവർത്തിച്ചിരുന്ന നയത്തിൽ മാറ്റംവരുത്തി. അവകാശങ്ങൾ സിവിൽ കോടതി വഴിയാണു തീരുമാനിക്കേണ്ടത് എന്നു തീരുമാനമുണ്ടായി. പാത്രിയർക്കീസ് മുളന്തുരുത്തിയിൽ വിളിച്ചുകൂട്ടിയ പള്ളിപ്രതിപുരുഷന്മാരുടെ യോഗത്തിൽ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ എന്നറിയപ്പെടുന്ന സംഘടനയും അതിന്റെ എക്സിക്യൂട്ടീവായ മാനേജിംഗ് കമ്മിറ്റിയും രൂപംപ്രാപിച്ചു. ആ യോഗം കൂട്ടിയതു പാത്രിയർക്കീസാണെങ്കിലും യോഗത്തിന്റെ യഥാർത്ഥ അദ്ധ്യക്ഷനും വിളിച്ചു കൂട്ടുന്ന ആളും മലങ്കര മെത്രാപ്പോലീത്തായാണ്. മലങ്കരയിലെ മെത്രാന്മാരും തിരഞ്ഞെടുക്കപ്പെട്ട പട്ടക്കാരും അത്മേനികളും ഉൾപ്പെട്ട ഈ സംഘത്തിൽ മലങ്കരസഭയുടെ ഭരണകാര്യങ്ങൾ നടത്തുന്നതിനുള്ള അധികാരം നിക്ഷേപിച്ചു. ഇതിന്റെ അദ്ധ്യക്ഷനായിരുന്ന് അതിന്റെ പിൻബലത്തോടെയാണ് മാർ ദീവന്നാസ്യോസ് റോയൽക്കോടതി വരെ കേസു നടത്തി ജയിച്ചത്. ഇദ്ദേഹം പാത്രിയർക്കീസിനു വളരെയധികം കീഴ്പ്പെട്ടാണു കഴിച്ചതെങ്കിലും തന്ത്രത്തിൽ അദ്ദേഹം ആവശ്യപ്പെട്ട ഉടമ്പടി കൊടുക്കാതെ ഒഴിഞ്ഞുമാറി രക്ഷപ്പെട്ടു. പാത്രിയർക്കീസിന് ആത്മീയ കാര്യങ്ങളിൽ പൊതുവായ മേലന്വേഷണമേ ഉള്ളു എന്നും, ലൗകിക കാര്യങ്ങളിൽ അഥവാ ഭരണകാര്യങ്ങളിൽ ഈ സഭ സ്വതന്ത്രമാണെന്നും മലങ്കര അസ്സോസിയേഷന്റെ തിരഞ്ഞെടുപ്പോ അംഗീകരണമോ ഇല്ലാത്ത ഒരു മെത്രാനു ഭരണം ലഭിക്കുന്നതല്ലെന്നും റോയൽകോടതി തീരുമാ

നിച്ചു. സുപ്രീംകോടതിയും ഇതു തന്നെയാണ് തീരുമാനിച്ചിട്ടുള്ളതും. മലങ്കര അസ്സോസിയേഷനാണു മലങ്കരസഭയുടെ നാവെന്നു കോടതികൾ കണ്ടിരിക്കുകയാണ്.

പത്രോസ് പാത്രിയർക്കീസ് ആശിച്ചതുപോലെ ലൗകിക ഭരണാധികാരം പാത്രിയർക്കീസിനു ലഭിച്ചില്ല. അതിൽ കോപിച്ച് പുലിക്കോട്ടിൽ മെത്രാച്ചനെ ശപിച്ചും നിരാശയിൽ കഴിഞ്ഞും അദ്ദേഹം കാലം ചെയ്തു. പുലിക്കോട്ടിൽ മെത്രാച്ചന്റെ കാലശേഷം മലങ്കര സന്ദർശിച്ച മാർ അബ്ദുള്ളാ പാത്രിയർക്കീസ് റോയൽകോർട്ട് വിധി നിഷ്പ്രയോജനം ആക്കാനാണു ശ്രമിച്ചത്. 1085-ൽ പഴയസെമിനാരിയിൽ കൂടിയ അസോസിയേഷൻ എതിർ ശബ്ദമുയർത്തി. ബാവാ പള്ളികളിൽ സഞ്ചരിച്ച് ഉടമ്പടി വാങ്ങാനും പള്ളിക്കണക്കുകൾ കേൾപ്പാൻ തന്നെയും തുടങ്ങി. ചില മൂത്ത മാറാക്കൈസ്ഥാനികൾക്ക് ഈ പ്രവൃത്തി സന്തോഷമായി. എങ്കിലും ഈ പോക്ക് ബാവായ്ക്കു തന്നെ ഉപേക്ഷിക്കേണ്ടി വന്നു. മാർ ദീവന്നാസ്യോസിനെ തന്റെ പാതയിൽനിന്നു തട്ടിമാറ്റിയാൽ എല്ലാം ശുഭമെന്നു കരുതി. മെത്രാച്ചനോടു നീരസത്തിൽ കഴിഞ്ഞിരുന്ന ട്രസ്റ്റികളെ കൂട്ടു കിട്ടി. ക്നാനായ സമുദായത്തിന് ഒരു മെത്രാനെ കൊടുത്തു. ഇ. എം. ഫിലിപ്പിനെ വശത്താക്കി. അദ്ദേഹം അസോസിയേഷൻ സെക്രട്ടറി സ്ഥാനം രാജി കൊടുത്താണു മേൽകാര്യത്തിന് ഉദ്യമിച്ചത്. മാർ അത്താനാസ്യോസ് മെത്രാച്ചനോട് ഉടമ്പടി വാങ്ങി അദ്ദേഹത്തെ അങ്കമാലി ഇടവകയ്ക്കു നിയമിച്ചു. മാർ ദീവന്നാസിയോസിനോടുകൂടി പട്ടമേറ്റ കൂറിലോസും ഉടമ്പടി കൊടുത്തു. ഓരോ ഇടവകയും അതിന്റെ മെത്രാപ്പോലീത്തായും നേരിട്ട് പാത്രിയർക്കീസിനു വിധേയരായി ഭരിക്കണമെന്നും മലങ്കരസഭ ഒന്ന് എന്നത് ഇല്ലാതാക്കണമെന്നുമാണുദ്ദേശിച്ചത്. അഥവാ ഒരാൾ തലവനായി വേണമെങ്കിൽ അതു തന്റെ ഡലിഗേറ്റ് ആയിരിക്കണമെന്നും ആഗ്രഹിച്ച് മാർ ദീവന്നാസിയോസിനെ മുടക്കി. ശക്തിയായ എതിർപ്പു കണ്ട് യാത്രയൊക്കെ കുറച്ചു. മാർ അബ്ദൽ മ്ശിഹാ പാത്രിയർക്കീസ് മലയാളക്കരയിലേക്കു വന്നേക്കും എന്നു കേട്ടു. മനഃപ്രയാസത്തിലായി. 1087-ൽ ആലുവായിൽ കൂടിയ പള്ളിപ്രതിപുരുഷയോഗത്തിൽ പാത്രിയർക്കീസിന് ആത്മികാധികാരവും ലൗകികാധികാരവും ഉണ്ടെന്നുള്ള പ്രമേയം പാസ്സാക്കാൻ സി. ജെ. കുര്യൻ സമ്മതിച്ചില്ല. മെത്രാച്ചനെ പാതയിൽനിന്നു തട്ടിമാറ്റണമെന്നല്ലാതെ പാത്രിയർക്കീസിന് അധികാരം കിട്ടണമെന്നു കുര്യൻ വിചാരിച്ചില്ല. മുടക്കിയാൽ അതെത്രയും എളുപ്പം സാധിക്കുമെന്നു കണക്കു കൂട്ടി. മുടക്കു കൽപനയോടു കൂടി 14 രൂപാ സ്റ്റാമ്പൊട്ടിച്ച് ഒരപേക്ഷ സർക്കാരിൽ കൊടുത്താൽ വടി മുടി സ്ലീബാ വച്ചൊഴിഞ്ഞു പോകാൻ ഉത്തരവു ലഭിക്കുമെന്നു തന്നെ അദ്ദേഹം വിശ്വസിച്ചിരുന്നത്രെ. മുടക്ക് ആലോചനയിലിരിക്കുമ്പോൾ പരേ

തനായ ചൊള്ളമ്പേലച്ചനോട് ഇങ്ങനെ പറഞ്ഞതായി അദ്ദേഹം പല പ്പോഴും നേരിട്ടു പറഞ്ഞു ഞാൻ കേട്ടിട്ടുണ്ട്. എന്നാൽ മുടക്കിനെപ്പറ്റി ഇടവഴിക്കൽ മാർ സേവേറിയോസ് ആലോചനാസമയത്തു പറഞ്ഞത് സ്മരണീയമാണ്. 'ഈ വടി കൊണ്ട് ഈ പാമ്പു ചാവുകയില്ല' എന്നാണു ഫലിതമായി പറഞ്ഞത്.

പാത്രിയർക്കീസിനു പണ്ടുള്ള അധികാരമൊക്കെയുണ്ടെന്നും ഡലി ഗേറ്റിന് റമ്പാന്മാരുടെ മേൽനോട്ടമിരിക്കട്ടെ എന്നുമാണ് ആലുവായിൽ നിശ്ചയിച്ചത്. അപ്പോഴാണു പാത്രിയർക്കീസ് തന്റെ നില അവതാളത്തി ലായല്ലോ, പണവും ഇല്ല, അധികാരവും ഇല്ല എന്നു മനസ്സിലാക്കിയത്. സി. ജെ. കുര്യന്റെ കൈയിൽ ഒരു പാവയായിപ്പോയല്ലോ എന്നോർത്തു മനസ്താപപ്പെട്ടു. കുര്യനും ബാവായുമായി, ബാവായുടെ യാത്രയ്ക്ക് ഒന്നുരണ്ടു ദിവസം മുമ്പു നടന്ന ഒരു സംഭാഷണത്തെപ്പറ്റി ഒരു വിവ രണം എഴുത്തുകാരൻ 1102-ൽ അറിഞ്ഞത് ഇവിടെ ചേർക്കുകയാണ്. 1102-ൽ ആലുവായിൽ കോനാട്ടു മൽപാനച്ചൻ, കുരിശുങ്കൽ മണിയച്ചൻ, സി. പി. തരകൻ, എം. എ. ചാക്കോ, പൈലോ വക്കീൽ മുതൽപേർ കൂടി നടത്തിയ മഹായോഗത്തിന് ഒരു ദിവസം മുമ്പ് ഇവരും മറ്റു പലരും ആലുവായിൽ സി. ജെ. മാണിയുടെ കെട്ടിടത്തിൽ (സി.എം.എസ്. പള്ളിക്കു സമീപം) കൂടി പലതിനെക്കുറിച്ചും ആലോചിക്കുകയും ചെയ്തു. ഞാനും ആ കൂട്ടത്തിലുണ്ടായിരുന്നു, എം. എ. ചാക്കോയാ ണിതു പറഞ്ഞത്. ബാവായുടെ യാത്രയ്ക്കു മുമ്പ് അദ്ദേഹത്തെ കണ്ടു സംസാരിക്കണമെന്ന് മെത്രാച്ചന് ഉദ്ദേശ്യമുണ്ടായിരുന്നു. അദ്ദേഹം എറ ണാകുളത്തെത്തി താമസിച്ചു. മെത്രാച്ചനും ബാവായുമായി കണ്ടു സംസാ രിച്ചാൽ ഒരുപക്ഷേ തനിക്കു അഭിമുഖീകരിക്കേണ്ടി വരുന്ന പ്രയാസങ്ങ ളിൽ നിന്നു ഒഴിവാകാൻ സാധിച്ചേക്കുമെന്നു കുര്യൻ വിചാരിച്ചിരിക്കണം. സംസാരിക്കാൻ ഇടകൊടുക്കണമെന്നു ബാവായോടു കുര്യൻ തന്നെ പറഞ്ഞു. ബാവാ കോപിച്ച് "നീയുണ്ടാക്കിയ കുഴപ്പം നീ തന്നെ വഹി ച്ചുകൊള്ളുക" എന്നു പറഞ്ഞു മുഖം തിരിച്ചു കളഞ്ഞു. ഇതിനെക്കു റിച്ചു സൂക്ഷ്മമായി അറിയാതെ എം. എ. ചാക്കോ ഇങ്ങനെ പറയാൻ ഇടയില്ല. കേട്ടവരാരും അതിനെ നിഷേധിച്ചുമില്ല. ബ. മൽപാനച്ചൻ ബാവാ യുടെ യാത്രയ്ക്കു മുമ്പ് എപ്പോഴും കൂടെയുണ്ടായിരുന്ന ആളായിരു ന്നല്ലോ, കുര്യന്റെ സഹപ്രവർത്തകനുമാണ്. മാർ അബ്ദള്ളാ പാത്രി യർക്കീസ് ധീരനും എല്ലാം തുറന്നു പറയുന്നവനും അങ്ങനെതന്നെ പ്രവർത്തിക്കുന്നവനുമായിരുന്നു. ഒളിച്ചുകളി ഒന്നും അദ്ദേഹം കാണിച്ചില്ല. അത്രയ്ക്ക് അദ്ദേഹം ബഹുമാനം അർഹിക്കുന്നു.

അടുത്ത പാത്രിയർക്കീസ് മാർ ഏലിയാസ് തൃതീയനാണ്. ഇദ്ദേഹം തന്റെ അനുയായികൾക്ക് ഓരോ ഇടവകയ്ക്കും മെത്രാന്മാരെ വാഴിച്ച്

അവരോടൊക്കെ രജിസ്റ്റർ ഉടമ്പടി വാങ്ങി. ഡലിഗേറ്റിനെ സ്വീകരിച്ച് അദ്ദേഹത്തിന്റെ ആലോചനയോടുകൂടി ഭരിച്ചുകൊള്ളാമെന്നും ആത്മിക ലൗകിക അധികാരമൊക്കെ പാത്രിയർക്കീസിനാണെന്നും മറ്റും ഉടമ്പടിയിൽ ചേർത്തിരുന്നു. ഓരോ ഭദ്രാസനവും പ്രത്യേകം തിരഞ്ഞെടുപ്പു നടത്തി മാർ മിഖായേൽ ദീവന്നാസിയോസ്, മാർ ദീയസ്കോറോസ്, മാർ തീമോത്തിയോസ് (ഔഗേൻ കാതോലിക്കാ) എന്നീ മെത്രാന്മാരെ വാഴിച്ചു. മലങ്കര മെത്രാപ്പോലീത്താ ആയി വ്യവഹാരം നടത്തിയ മാർ അത്താനാസിയോസ് തിരുമേനി ഈ വാഴ്ചകളെ തൃപ്തിയോടെയല്ല കണ്ടുകൊണ്ടിരുന്നത്. ഈ കാലത്തു മെത്രാൻകക്ഷി വട്ടിപ്പണക്കേസിൽ തോറ്റു. സമാധാനത്തിന് മാർ ദീവന്നാസിയോസ് മെത്രാച്ചൻ മർദ്ദീനിൽ ചെന്ന് മാർ ഏലിയാസ് പാത്രിയർക്കീസ് ബാവായെ കണ്ടു. അന്ന് ഒന്നാം കാതോലിക്കാ കാലം ചെയ്തിരുന്നു. രണ്ടാം കാതോലിക്കാ വാഴിക്കപ്പെട്ടിരുന്നില്ല. മലങ്കരസഭ കാതോലിക്കായുടെ കീഴിൽ ശക്തിയും കാനോനികമായി സ്വാതന്ത്ര്യവുമുള്ള ഒരു സഭയായിത്തീരുന്നത് പാത്രിയർക്കീസിന് സഹിക്കുന്നതല്ല. അതുകൊണ്ട് കാതോലിക്കായെ വാഴിക്കയില്ലെന്ന് സമ്മതിച്ചാൽ മാർ അബ്ദൽ മ്ശിഹാ പാത്രിയർക്കീസിൽ നിന്നും സ്ഥാനമേറ്റവരെ സ്വീകരിക്കാമെന്നു പാത്രിയർക്കീസ് പറഞ്ഞു. ഇതൊന്നും നടപ്പാക്കിയില്ല. വീരരാഘവഅയ്യങ്കാർ മെത്രാച്ചന് പ്രതികൂലമായി വിധിച്ച ഹൈക്കോർട്ട് വിധി, പ്രയോഗത്തിൽ വരുത്താൻ കുര്യന് കഴിഞ്ഞില്ല. മലങ്കര അസോസിയേഷന്റെ തിരഞ്ഞെടുപ്പ് നടത്തി ഒരാളെ വാഴിക്കാതെ മെത്രാച്ചന്റെ സ്ഥാനം ഒഴിഞ്ഞുകൊടുക്കാൻ അദ്ദേഹം സന്നദ്ധനായില്ല. വിധി നിർജ്ജീവമായി കിടന്നു. മെത്രാച്ചൻ റിവ്യൂ കൊടുത്തു, പരിപൂർണ്ണമായി വിജയം നേടി.

മുടക്ക് അസാധുവാണെന്നു തന്നെയല്ല അദ്ദേഹം നടത്തിയ അസോസിയേഷൻ യോഗങ്ങളും നടപടികളും സാധുവാണെന്നും വിധിച്ചു. വീരരാഘവ അയ്യങ്കാർ സ്പർശിക്കാതെ വിട്ടിരുന്ന കാര്യം, അതായത് മാർ അബ്ദൽ മ്ശിഹായുടെ സ്ഥാനം അദ്ദേഹം നടത്തിയ പട്ടംകൊടകൾ മാർ ദീവന്നാസ്യോസ് അതിൽ പങ്കെടുത്തതിന്റെ ഭവിഷ്യത്തുകൾ ശീശ്മ വേദവിപരീതം മുതലായവ പാത്രിയർക്കീസ് പക്ഷത്തുനിന്ന് റിവ്യൂക്കേസിൽ ശക്തിയായി വാദിച്ചു. അതുകൊണ്ട് ജഡ്ജിമാർ ആ വിഷയത്തെപ്പറ്റി തീരുമാനം എഴുതി. മാർ അബ്ദൽ മ്ശിഹാ, പാത്രിയർക്കീസ് ആയിരുന്നു എന്നും, നീക്കപ്പെട്ടതായി വൈദികകോടതി തീരുമാനം ഹാജരാക്കപ്പെട്ടിട്ടില്ലെന്നും, മാർ ദീവന്നാസിയോസ് സഭയ്ക്കിതരനല്ലെന്നും, ശീശ്മയില്ലെന്നും മറ്റും തീരുമാനിക്കപ്പെട്ടു. ഈ തീരുമാനം പിന്നീടുള്ള കേസിൽ വളരെ പ്രയോജനപ്പെട്ടു. തെളിവെടുത്തും ഈ തീരുമാനത്തിൽ തന്നെ വിസ്താരക്കോടതി എത്തിച്ചേർന്നു. ഈ വിധിയാണ് ഇപ്പോൾ പ്രാബല്യത്തിൽ ഇരിക്കുന്നത്.

മാർ ഏലിയാസ് പാത്രിയർക്കീസ് 1931-ൽ ഇവിടെ എത്തി. ആലുവായിൽ വച്ച് മാർ ദീവന്നാസിയോസിനെ സ്വീകരിച്ച് ബഹുമാനിച്ചു. ഈ സംഗതി അദ്ദേഹം തന്നെ അവിടെ പ്രഖ്യാപിച്ചു (മർദ്ദീനിലെ സ്വീകരണം പ്രഖ്യാപിക്കപ്പെട്ടിരുന്നില്ല). ഈ പെരുമാറ്റംകൊണ്ട് മെത്രാച്ചന്റെ നിലപാടിൽ മാറ്റം വരുത്താമെന്ന് ബാവാ വിചാരിച്ചിരുന്നു. എന്നാൽ ബാവായുമായുള്ള ചുരുങ്ങിയ സംഭാഷണവേളയിൽ, മുറിയിൽ വച്ചു തന്നെ, മെത്രാച്ചൻ തുറന്നുതന്നെ പറഞ്ഞു. കാതോലിക്കായേയും മെത്രാന്മാരേയും കൂടി സ്വീകരിക്കാതെ സമാധാനം ഉണ്ടാകുകയില്ലെന്ന്, കൈമുത്തും മറ്റും നടന്നുകൊണ്ടിരുന്നപ്പോഴും ഇതു തന്നെ പറഞ്ഞു. മെത്രാച്ചന്റെ നിലപാടിൽ അദ്ദേഹം ഉറച്ചുനിന്നു. പരസ്പര സ്വീകരണമാണ് അദ്ദേഹത്തിന്റെ ഫോർമുല. മെത്രാച്ചൻ സി.എം.എസ്. ബംഗ്ലാവിൽ താമസിച്ചു. പല ദിവസവും കൂടികാണുകയും ആലോചന നടത്തുകയും ചെയ്തു. സമുദായപ്രമാണികളും പങ്കുകൊണ്ടു. ഒന്നും നടന്നില്ല. പ്രത്യേക അധികാരങ്ങളോടുകൂടി ഒരു റീശ് എപ്പിസ്കോപ്പായെ അനുവദിക്കാമെന്നാണ് ബാവാ അങ്ങേയറ്റം സമ്മതിച്ചത്. ഏഴു റീശ് എപ്പിസ്കോപ്പാ (മെത്രാപ്പോലീത്താമാർ) ഉള്ളിടത്ത് ഒരു നൂതന സൃഷ്ടിയുടെ ആവശ്യമില്ലെന്ന് മെത്രാച്ചൻ പറഞ്ഞു. ബാവാ കുറുപ്പംപടിയിൽ ഒരു യോഗം വിളിച്ചുകൂട്ടി. അത് വിജയിച്ചില്ല. ഒ. എം. ചെറിയാൻ, മാമ്മൻ മാപ്പിള മുതൽപേരാണ് അതിന്റെ കാരണക്കാർ. ബാവായ്ക്ക് നല്ല സുഖമില്ല എന്നും മറ്റും മെത്രാച്ചന് ബാവാ എഴുതി അയച്ചു. മെത്രാച്ചൻ ഉടൻതന്നെ ഒരു ഡോക്ടറെയുംകൊണ്ട് കുറുപ്പംപടിയിൽ എത്തി. ബാവായുടെ മെത്രാന്മാർ എല്ലാവരും ഒരു സംഘമായി ബാവായുടെ കൂടെ ഉണ്ടായിരുന്നു. മെത്രാച്ചനെ അവിടെ ഇരുത്തി ചോദ്യം ചെയ്യാനാണ്, അഥവാ വിസ്തരിക്കാനാണ് ഒരുങ്ങിയത്. ഈ സൂത്രം മെത്രാച്ചൻ മനസ്സിലാക്കി ഉടൻതന്നെ അവിടെനിന്നു തിരിച്ചുപോയി. ആലുവായിലെ കൂടിക്കാഴ്ചയ്ക്കുശേഷം മുടക്കുതീർത്ത കൽപന പരസ്യപ്പെടുത്തിയതുകൊണ്ടു വസ്തുക്കളുടെ കൈവശം സംബന്ധിച്ച കാലഹരണദോഷം തീർന്നെന്ന് വ്യവഹാരപ്രിയന്മാർ കണക്കാക്കി സമാധാനപ്പെട്ടു. ബാവാ തെക്കോട്ടു സഞ്ചരിച്ചു. പൊതുസ്വീകരണമുണ്ടായില്ല. മനഃപ്രയാസത്തിലായ ബാവാ ഹൃദയസ്തംഭനം മൂലം മഞ്ഞനിക്കര വച്ച് കാലം ചെയ്തു. ശീമക്കാരുടെ അധികാരം ഉറപ്പിക്കാൻ തന്നെയാണ് ബാവായും ശ്രമിച്ചത്.

കണ്ടനാടിടവകയ്ക്ക് ഒരു മെത്രാനെ വാഴിച്ചു കിട്ടണമെന്ന് 1102-ൽ ആവശ്യപ്പെട്ടപ്പോൾ ഔഗേൻ റമ്പാനൊഴിച്ച് ആരെയെങ്കിലും തിരഞ്ഞെടുത്തയയ്ക്കാനാണ് കോനാട്ട് മൽപാനച്ചന്റെ പേർക്ക് ഈ പാത്രിയർക്കീസു ബാവാ എഴുതി അയച്ചത്. ഔഗേൻ റമ്പാൻ, മത്തായി ശെമ്മാശ്ശനായി തുറബ്ദീനിൽ താമസിക്കുമ്പോഴാണ് മാർ അബ്ദൽ മ്ശിഹായുടെ

യഥാർത്ഥ നില മലങ്കരയ്ക്ക് വെളിപ്പെടുത്തി കൊടുത്തത്. ഇതിലുള്ള വിരോധമാണ് മേൽ എഴുത്തിൽ ബാവാ പ്രത്യക്ഷപ്പെടുത്തിയത്.

അടുത്ത പാത്രിയർക്കീസിന്റെ സ്ഥാനാരോഹണത്തിനു കാതോലിക്കായെ ക്ഷണിക്കണമെന്നും ശുശ്രൂഷയിൽ പങ്കെടുക്കാൻ അവകാശമുണ്ടെന്നും മെത്രാച്ചൻ ശീമയിലെ മെത്രാന്മാർക്ക് എഴുതി. അല്ലാത്തപക്ഷം പാത്രിയർക്കീസിനെ ഇവിടെ സ്വീകരിക്കുകയില്ലെന്ന് മുന്നറിയിപ്പു നൽകി. ക്ഷണം കാതോലിക്കായ്ക്ക് വന്നില്ല. മാർ അത്താനാസിയോസ് തിരുമേനിയുമായി സമാധാനകാര്യത്തിന് ഒരു സുഹൃദ് സംഭാഷണം നടത്തണമെന്നു മെത്രാച്ചൻ ആഗ്രഹിച്ചു. പഴയസെമിനാരിയിൽ വച്ച് തമ്മിൽ കണ്ടെങ്കിലും ഉദ്ദേശിച്ചതുപേലെ ആ കാഴ്ച ഗുണപ്പെട്ടില്ല. താമസിയാതെ ആ മഹാൻ കാലഗതി പ്രാപിച്ചു. കൂടിക്കാഴ്ച പരാജയമായതും ഒരു കാരണമായി ഗണിക്കപ്പെടുന്നു.

അടുത്ത പാത്രിയർക്കീസ് മാർ അപ്രേം ആണ്. ഔഗേൻ ബാവാ മെത്രാൻസ്ഥാനത്തിനു പോയപ്പോൾ ഇദ്ദേഹവുമായി കാതോലിക്കാ വിഷയം സംബന്ധിച്ച് വാദപ്രതിവാദം നടന്നതാണ്. വളരെ പ്രതികൂലി ആയിരുന്നു. ഒരു വലിയ വ്യവഹാരത്തിൽ ചാടാതെ സമാധാനമാകാൻ കഴിയുമെങ്കിൽ അതിന് വഴിപ്പെടണമെന്നു കരുതി മാർ ഗീവറുഗീസ് ബസേലിയോസ് കാതോലിക്കാ മാർ അപ്രേം പാത്രിയർക്കീസിനെ കാണാൻ പോയി. മാർ യൂലിയോസും ഉണ്ടായിരുന്നു കൂട്ടത്തിൽ. പെരുമാറ്റവും സംഭാഷണവുമൊക്കെ തൃപ്തികരമായിരുന്നു. എന്നാൽ കാര്യം കൊണ്ട് പറഞ്ഞു തുടങ്ങിയപ്പോൾ അടുക്കാൻ നിവൃത്തിയില്ലെന്നായി. നാമമാത്ര കാതോലിക്കാ ആയിരുന്നുകൊള്ളാമെന്നും പാത്രിയർക്കീസിന്റെ ആജ്ഞാനുവർത്തിയായി മാത്രം പ്രവർത്തിക്കാമെന്നും സമ്മതിക്കണമെന്നുമായിരുന്നു പാത്രിയർക്കീസിന്റെ നിലപാട്.

സിംഹാസനാരൂഢൻ എന്നു തലക്കെട്ടുള്ള കൽപനകൾ കാലംചെയ്ത കാതോലിക്കാബാവാ പുറപ്പെടുവിച്ചിട്ടുള്ളത് ഇദ്ദേഹത്തിന്റെ ദൃഷ്ടിയിൽ പ്പെട്ടിട്ടില്ലാ എന്നു പറഞ്ഞാൽ അതു തികച്ചും കള്ളമാണെന്നു പറയാനേ നിവൃത്തിയുള്ളു. പരസ്പര സ്വീകരണ കൽപനയിലും അതുണ്ട്. എന്നിട്ടും 1970-നോടടുത്തു കാതോലിക്കായുടെ ഒരു കൽപനയിൽ കണ്ടു എന്നാണ് പറയുന്നത്. അത് മാർ ഔഗേൻ ബസേലിയോസിന്റെ ഒരു നൂതനപ്രയോഗമാണെന്ന് എങ്ങനെ പറയാൻ കഴിയും? തന്റെ മുൻഗാമികൾ പറയാത്തതും വിശ്വസിക്കാത്തതും പ്രസിദ്ധപ്പെടുത്താത്തതുമായി എന്താണ് അദ്ദേഹം നൂതനമായി ചെയ്തതെന്ന് ആരും ഇതുവരെ പറഞ്ഞിട്ടില്ല. ഈ പുതിയ ആരോപണം എങ്ങനെ വന്നു എന്നു ചിന്തിക്കേണ്ടതാണ്. 1958-ലെ സമാധാനത്തിനുശേഷം പുതിയ മാനേജിംഗ് കമ്മിറ്റി രൂപം

കൊണ്ടതിൽ മുൻ പാത്രിയർക്കീസുപക്ഷത്തെ ചില പ്രധാനികൾ അംഗങ്ങളായി. തങ്ങളെ കൂടാതെയുണ്ടാക്കിയ ഭരണഘടന വഹിക്കേണ്ടി വന്നല്ലോ എന്ന് ഒരു തോന്നൽ അവർക്കു സ്വാഭാവികമായി വന്നു. ഭരണഘടനയിൽ ഭേദഗതി വരുത്തി തൃപ്തിപ്പെടാം എന്ന് കരുതി കമ്മിറ്റിയിൽ സമ്മർദ്ദം ചെലുത്തി. പാത്രിയർക്കീസു ബാവായെ സംബന്ധിക്കുന്ന വകുപ്പുകൾ ഭേദഗതി ചെയ്യുന്നതിനു സാധിച്ചില്ല. ചില പള്ളിക്കാരെക്കൊണ്ടു സമ്മർദ്ദം ചെലുത്തി നേടാമെന്നു കരുതി അതിനു ശ്രമിച്ചെങ്കിലും ഫലപ്രാപ്തിയുണ്ടായില്ല. അങ്ങനെ ഇതൊരു അഭിമാനവിഷയമായി മാറി. അപ്പോഴാണു പുതിയ മാർഗ്ഗം തേടിയത്. പാത്രിയർക്കീസിന്റെ സഹകരണത്തോടുകൂടി സ്ഥാനാരോഹണം (അവരുടെ ഭാഷയിൽ പാത്രിയർക്കീസിൽ നിന്നും കാതോലിക്കാപട്ടം) ലഭിച്ചയാൾ സിംഹാസനാരൂഢൻ എന്നു പറയുന്നതു ധിക്കാരമാണ്. അധികാരഭ്രമമാണ്. പാത്രിയർക്കീസിനെ വിട്ടുനിൽക്കാനാണ്. “അന്ത്യോഖ്യാ അപകടത്തിൽ” എന്നൊക്കെ പ്പറഞ്ഞ് സാധാരണക്കാരെ ഇളക്കിവിട്ടു. ഇങ്ങനെ സഭയിൽ വീണ്ടും സമാധാനക്കുറവും ഭിന്നതകളുമുണ്ടാകുമ്പോൾ വളരെയധികം സമാധാനപ്രിയനും സ്വതേ വ്യക്തിപരമായി അതിവിനീതനുമായ ബാവാ ഈ പേരെല്ലാം ഉപേക്ഷിച്ച് കീഴ്‌വഴങ്ങുമെന്നു വിചാരിച്ചു.

കേസ് നടന്നു, വിസ്താരക്കോടതിയിൽ കാതോലിക്കാ പക്ഷത്തിനു പരിപൂർണ്ണ വിജയം കിട്ടി. ഹൈക്കോർട്ടിൽ തോൽവി. പിന്നെയും നിരങ്ങി നിരങ്ങി സുപ്രീംകോർട്ടിൽ എത്തി. കാതോലിക്കാ പക്ഷത്തിന്റെ എല്ലാ വാദങ്ങളും സ്ഥാപിച്ചു വിധിയുണ്ടായി. റിവ്യൂ അപേക്ഷയും തള്ളി. വിസ്താരകോടതിയുടെ വിധി അതേപടി സ്വീകരിച്ചാണു വിധിയുണ്ടായത്. “The result is that the appeal must be accepted and the Judgement of the Kerala High Court set aside. The decree of the trial Court dismissing the suit must be restored and we order accordingly” എന്നാണു വിധി ചുരുക്കത്തിൽ. മാർ അബ്ദൽ മ്ശിഹാ കാനോനിക പാത്രിയർക്കീസാണ്. അദ്ദേഹം പുനഃസ്ഥാപിച്ച കാതോലിക്കേറ്റും മറ്റു സ്ഥാനാരോഹണങ്ങളും കാനോനികവും സാധുവുമാണ്. അവ മലങ്കരസഭയെ ബന്ധിക്കുന്നതാണ്. വട്ടിപ്പണക്കേസിലെ A അക്കം പാരീസിൽ അടിച്ച കാനോനാണു ശരിയായത്. കാതോലിക്കേറ്റ് പുനഃസ്ഥാപിച്ചതോടുകൂടി മലങ്കരസഭയിൽ പാത്രിയർക്കീസിന്റെ അധികാരം പൂജ്യാവസ്ഥയിൽ എത്തിയിരിക്കുകയാണ്. “Reduced to a vanishing point.” സഭാ ഭരണഘടന സാധുവായ അസ്സോസിയേഷനിൽ സാധുവായി പാസ്സാക്കപ്പെട്ടതാണ്. മെത്രാന്മാർ അസ്സോസിയേഷന്റെ സ്വീകരണമോ തിരഞ്ഞെടുപ്പോ ഉള്ളവരായിരിക്കണം. മലങ്കരസഭയെ പ്രതിനിധീകരിക്കുന്നതു മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷനാണ്. അതു തന്നെയാണ് സഭയുടെ

നാവും, ഓർത്തഡോക്സ് സഭയെന്നത് ഒരു പുതിയ സഭയല്ല. ദ്വിസ്വഭാവ വാദികളും തമ്മിൽ വലിയ പോരാട്ടം മെസോപ്പൊട്ടോമിയൻ പ്രദേശത്തു നടന്ന കാലത്ത് ഏകസ്വഭാവ വാദികളെന്നു വിളിക്കപ്പെട്ടവരുടെ ഒരു പ്രസിദ്ധ പിതാവിന്റെ പേരിനോടു ബന്ധിച്ച് അവർ "യാക്കോബായക്കാർ" അഥവാ "യാക്കോബായ" സഭ എന്നു തന്നെ വിളിക്കപ്പെടുവാൻ ഇട യായി. പിതാവ് എത്ര വലിയവനാണെങ്കിലും, താൽക്കാലികമായി ഒരു തിരിച്ചറിവിന് അങ്ങനെ പറഞ്ഞാലും ഒരു സഭയുടെ പേര് അങ്ങനെ സ്ഥിരമാക്കുന്നതു തെറ്റാണ്. അതുകൊണ്ട് മറ്റു പൗരസ്ത്യസഭകൾ ചെറുതും വലുതും ഉപയോഗിക്കുന്നതുപോലെ ഓർത്തഡോക്സ് എന്ന് ഇപ്പോൾ ഉപയോഗിച്ചുവരുന്നു. പാശ്ചാത്യസഭ കാത്തലിക് എന്നാണു പൊതുവെ പറയുന്നത്. പൗരസ്ത്യർ സത്യവിശ്വാസത്തിനു പ്രാധാന്യം കൊടുക്കുമ്പോൾ, പാശ്ചാത്യർ സർവ്വവ്യാപകത്വത്തിനു പ്രാധാന്യം കൊടുക്കുന്നു. മാർ ഇഗ്നാത്തിയോസിന്റെ കത്തുകളിൽ ഇദംപ്രഥമമായി പ്രത്യക്ഷപ്പെടുന്ന 'കാതോലിക്' എന്ന പദത്തിനു മേൽപറഞ്ഞ സത്യ വിശ്വാസപരം ഓർത്തഡോക്സ് എന്നും സർവ്വവ്യാപകം എന്നും രണ്ടാ ശയങ്ങളുണ്ടത്രെ. മാർത്തോമ്മാക്കാരുമായി വ്യവഹാരകാലത്ത് അവരെ "നവീകരണക്കാർ" എന്നും നമ്മെ യാക്കോബ്യർ എന്നും പരസ്പരം വിളിച്ചിരുന്നു. "പുത്തൻകൂറ്റുകാർ", "വടക്കുംഭാഗക്കാർ", "മെത്രാൻകക്ഷി ക്കാർ", "ബാവാകക്ഷി"കൾ എന്നൊക്കെ ഒരുവിധം അഭിമാനത്തോടെ തന്നെ ഉപയോഗിച്ചുവന്ന കാലങ്ങളുണ്ട്. "യാക്കോബായ" സഭ എന്ന പദത്തിലെ ചരിത്രപരമായ ബലഹീനത മനസ്സിലാക്കി അത് ഉപേക്ഷി ച്ചുവരുകയാണ്. എന്നാൽ പുതിയ മെത്രാന്മാരുടെ രംഗപ്രവേശത്തോടു കൂടി യാക്കോബായ എന്ന പദത്തിനു പ്രാധാന്യം കൊടുത്തു കാണുന്നു. ഓർത്തഡോക്സ് എന്ന പദം നമ്മുടെ പള്ളിക്രമങ്ങളിൽ സാധാരണ യാണ്. ഒന്നാമത്തെ തുബ്ദേനിൽ സുറിയാനിയിലുണ്ട്. മലയാളത്തിൽ "സത്യവിശ്വാസികളായ എല്ലാ പിതാക്കന്മാരെയും എപ്പിസ്കോപ്പാമാ രെയും" എന്നതിന്റെ സുറിയാനി "എപ്പിസ്കോപ്പാ വാബോഹോസൊ ഒർത്തൊദക്സ്" എന്നാണ് കുർബാനക്രമത്തിലുള്ളത്. കാതോലിക്കാ ആരോഹണസമയത്ത് ഓക്സിയോസിനു പാത്രിയർക്കീസുബാവാ ചൊല്ലിക്കൊടുത്ത വാചകം "ഈത്തോ, ദ്മാദതഹോ, ഒർത്തൊദ്ക് സായോ" എന്നാണ്. യാക്കോബായ എന്ന് ആധികാരികമായ ഒരു ഗ്രന്ഥ ത്തിലും കാണുന്നില്ല. ശീമയിലും ഇല്ലെന്നാണറിവ്. സിറിയ എന്ന രാജ്യ ത്തോടു ബന്ധിച്ച് സിറിയൻ ഓർത്തഡോക്സ് എന്നാണു അറിയപ്പെടു ന്നത്. ഗ്രീക്ക് ഓർത്തഡോക്സ്, അർമീനിയൻ ഓർത്തഡോക്സ്, ഈജി പ്ഷ്യൻ ഓർത്തഡോക്സ് എന്നൊക്കെ അറിയപ്പെടുന്നതുപോലെ നാം ഇന്ത്യയിൽ "യാക്കോബായ സുറിയാനിസഭ" എന്നതിന്റെ "യാക്കോ ബായ്ക്കു" പകരം "ഓർത്തഡോക്സ്" എന്നു ചേർത്തു ഇപ്പോൾ ഉപ

യോഗിക്കുന്നു എന്നു മാത്രം. കേസ്സും വഴക്കും ഇല്ലെങ്കിൽ ഇന്ത്യൻ ഓർത്തഡോക്സ് എന്നാണുപയോഗിക്കേണ്ടത് എന്ന് എനിക്കു തോന്നുന്നു. കഴിഞ്ഞ കേസിൽ ബാവാകക്ഷികൾ ഈ പേരു സമ്മതിച്ചിട്ടുമുണ്ട്.

ഇനി നമ്മുടെ ചിന്തയ്ക്കു വിഷയമായി ഭവിക്കുന്നത് യാക്കോബ് തൃതീയൻ പാത്രിയർക്കീസുബാവായാണ്. ഇദ്ദേഹത്തിന്റെ കത്തുകൾ, പ്രസ്താവനകൾ, പെരുമാറ്റങ്ങൾ, പ്രവൃത്തികൾ ഇവയെപ്പറ്റി എഴുതാൻ പ്രയാസം തോന്നുകയാണ്. അത്രയ്ക്ക് നാടകീയമായ പരിവർത്തനങ്ങളാണ് അദ്ദേഹത്തിൽ ദർശിക്കുന്നത്. ഒരു യഥാർത്ഥ നിരൂപണത്തിൽ ഒരു പിതാവിനോടുള്ള ബഹുമാനം ഇവിടെ പാലിച്ചുപോകാൻ വിഷമമാണ്.

ഏതായാലും വായനക്കാർ പരിവർത്തനങ്ങളെ ഒന്നാകെ മനസ്സിലാക്കാൻ വേണ്ടി അവയെ താഴെ ചേർക്കുകയാണ്. 1958-ൽ സുപ്രീംകോടതിയുടെ വിധിക്കുശേഷം ഡിസംബർ ആരംഭത്തിൽ അദ്ദേഹത്തിന്റെ കക്ഷികളായ മെത്രാന്മാർക്ക് അയച്ച കത്തിൽ "പാമ്പിനെപ്പോലെ സൂക്ഷ്മതയോടെ തലകാത്തുകൊണ്ടു തുടർന്നുകൊള്ളാ"നാണ് ആജ്ഞാപിച്ചിരിക്കുന്നത്. ആ മാസം 16-നു പരസ്പര സ്വീകരണം നടന്നതായിട്ടാണ് ലോകം അറിഞ്ഞത്. കാതോലിക്കാ പക്ഷത്തെ അവകാശവാദങ്ങളെല്ലാം അതേപടി സ്വീകരിക്കുകയാണുണ്ടായത്. പല കാര്യങ്ങളും അടിക്കടി സഭയിൽ നടന്നതിന്റെ ശേഷം 1959 ഒടുവിൽ അന്ത്യോഖ്യൻ മൂവ്മെന്റ് എന്നൊരു പ്രസ്ഥാനം പരോക്ഷമായി പിന്താങ്ങുന്നതായി അറിയപ്പെട്ടു. അതിന്റെ ലക്ഷണങ്ങൾ അവിടവിടെ പ്രത്യക്ഷപ്പെട്ടു. നിരോധിക്കാഞ്ഞതുകൊണ്ടാണ് രഹസ്യമായി പിൻതാങ്ങൽ ഉണ്ടായിരുന്നതായി വിചാരിച്ചത്. കാലംചെയ്ത കാതോലിക്കാബാവായ്ക്ക് വന്ന ചില കത്തുകളിൽ ഭരണഘടനയെക്കുറിച്ചും His Holiness എന്ന പ്രയോഗത്തെക്കുറിച്ചും ലറ്റർ ഹെഡ്ഡിങ്ങിനെക്കുറിച്ചും പരാമർശം ഉണ്ടായിരുന്നു. അതിനു കൊടുത്ത മറുപടിക്കുശേഷം മൗനമായിരുന്നു. 1962-ൽ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമി തിരഞ്ഞെടുപ്പ് നടന്നു. ബാവാ 1964 ജനുവരിയിൽ കാലം ചെയ്തു. പാത്രിയർക്കീസുബാവാ കേരളത്തിലേക്ക് ക്ഷണിക്കപ്പെട്ടു. കാതോലിക്കാ സ്ഥാനാരോഹണത്തിൽ കാനോനികമായ പങ്കു വഹിക്കുവാൻ തന്നെ സുന്നഹദോസിന്റെ ക്ഷണം സ്വീകരിച്ച് ഡൽഹിയിൽ എത്തി. സ്വീകരിക്കുവാൻ അവിടെ എത്തിയിരുന്നവരോട് വളരെയേറെ സൗഹാർദ്ദമായും പെരുമാറി. മലങ്കര സഭയുടെ പുരോഗതിക്ക് അതിന്റെ അഭിലാഷം സാധിച്ചുകൊടുക്കുവാനാണ് വന്നിരിക്കുന്നതെന്ന് വെളിപ്പെടുത്തി. എല്ലാവരും തൃപ്തരായി. കോട്ടയത്തെത്തി (വഴിയിൽ വച്ച് പട്ടിത്താനത്തെ പാലാമ്പടം ഈപ്പന്റെ എസ്റ്റേറ്റ് ബംഗ്ലാവിൽ അൽപസമയം ചിലവഴിച്ചു എന്നത് പലരേയും ചിന്തിപ്പിച്ചു)

കോട്ടയം മാർ ഏലിയാ ചാപ്പലിന്റെ മുൻവശത്തുനിന്ന് ബാവാ പറഞ്ഞ വാക്കുകൾ എത്രയും ശ്രദ്ധേയമായിരുന്നു. അതുപടി ഞാൻ ഓർക്കുന്നു: “ഏസയിനാൻ..... നാം വന്നത് കലഹിപ്പിക്കാനല്ല. സമാധാനപ്പെടുത്തു വാനാണ്.” “ഏസയിനാൻ...... നാം വന്നത് ഭിന്നിപ്പിക്കാനല്ല, യോജിപ്പി ക്കാനാണ്.” “ഏസയിനാൻ.... നാം വന്നത് നിങ്ങൾ തിരഞ്ഞെടുത്ത ആളിനെ കാതോലിക്കാ ആയി വാഴിക്കാനാണ്.” ഇങ്ങനെ മൂന്നു പ്രാവശ്യം ശക്തിയായ ഭാഷയിൽ ഉറച്ചു പറഞ്ഞു. സഭയെ സ്നേഹി ക്കുന്നവരെല്ലാം സന്തോഷംകൊണ്ട് കണ്ണുനീർ പൊഴിച്ചു. ഇങ്ങനെ ഒരാളെ സഭയ്ക്ക് കിട്ടിയല്ലോ എന്നോർത്ത് ദൈവത്തെ സ്തുതിച്ചു. ഇത് അത്ര പന്തിയായില്ല, എന്ന് വിചാരിച്ചവർ അവിടെ ഉണ്ടായിരുന്നു കാണും. ബാവാ മഞ്ഞനിക്കര കബറിങ്കൽ പോയി. തിരിച്ചുവരവിനെക്കുറിച്ചു ആശങ്ക ഉണ്ടായിരുന്ന ചില മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ അതേപ്പറ്റി മെയ് 21-നു കൂടിയ കമ്മിറ്റിയിൽ ചോദ്യം ഉന്നയിച്ചു. സംശയിക്കണ്ട എന്നു മെത്രാച്ചൻ പറഞ്ഞു സമാധാനപ്പെടുത്തി. “വന്നില്ലെങ്കിലും കാതോലി ക്കാവാഴ്ച നടക്കുകയില്ലേ” എന്നായിരുന്നു ഒരച്ചൻ ചോദിച്ചത്. ഡൽഹി യിലെ സംഭാഷണ കാര്യം അപ്പോഴാണ് കമ്മിറ്റിയെയറിയിച്ചത്. മഞ്ഞ നിക്കര പ്രതിബന്ധങ്ങളെ തട്ടിനീക്കി കോട്ടയത്തെത്തി. കിഴക്കിന്റെ കാതോലിക്കാ എന്നു പറയുമ്പോൾ മൂസൽ പ്രദേശങ്ങളെപ്പറ്റി പറയു മ്പോൾ ഉണ്ടാകാവുന്ന വൈഷമ്യങ്ങൾക്ക് പരിഹാരമായി വേണ്ട നിശ്ചയം സുന്നഹദോസ് ചെയ്തു.

പിറ്റേദിവസം വാഴ്ച നടന്നു. “ബസേലിയോസ് ഔഗേൻ കദ്മോയോ കാതോലിക്കീ, ദ ഈത്തോ, ദ് മദ്നഹോ, ഓർത്തദ്ദക്സോയോ” എന്നു ബാവാ ചൊല്ലിക്കൊടുത്ത് ഓക്സിയോസ് പാടി. പിന്നീടു നടന്ന യോഗ ത്തിൽ റോമിന്റെ പ്രാധാന്യം പാറേക്കാട്ടിൽ തിരുമേനിയും, അന്ത്യോ ഖ്യായുടേത് പാത്രിയർക്കീസ് ബാവായും പറഞ്ഞു. ഒട്ടും മടിച്ചില്ല, ചരി ത്രപണ്ഡിതനായ മാർ ഔഗേൻ ബസ്സേലിയോസ് തെഗ്രീസിന്റെ കാതോ ലിക്കാസ്ഥാപനത്തെക്കുറിച്ചു വ്യക്തമായി പറഞ്ഞു. മേൽപറഞ്ഞ രണ്ടി നേക്കാളും പുരാതനത്വം ആ സിംഹാസനത്തിനാണെന്നും, നിഖ്യാ സുന്ന ഹദോസിൽ വച്ചു റോമിലെയും, അന്ത്യോഖ്യായിലെയും മെത്രാന്മാരുടെ ആസ്ഥാനം പാത്രിയർക്കാസ്ഥാനങ്ങളായി പ്രഖ്യാപിക്കപ്പെട്ടത് ഒരു നൂതന കാൽവെപ്പായിരുന്നു എന്നും, എന്നാൽ തെഗ്രീസിലെ വലിയ മെത്രാപ്പോലീത്താ അതുവരെ ചെയ്തുകൊണ്ടിരുന്ന പാത്രിയർക്കീസി നടുത്ത ക്രമങ്ങൾ തുടരുന്നതിനും അദ്ദേഹം മേലിൽ കാതോലിക്കാ എന്നു വിളിക്കപ്പെടുക മാത്രമാണ് ചെയ്തതെന്നും പ്രസ്താവിച്ചു. ഇത്ര മാത്രം കടത്തിപ്പറയണമോ എന്ന് ഞാൻ തന്നെ ബാവായോടു ചോദി ക്കുകയുണ്ടായി. ചരിത്രം മാത്രമേ പറഞ്ഞിട്ടുള്ളു എന്നും ആർക്കും എതി

രായി ഒന്നും അതിലില്ലെന്നും അങ്ങനെ ഉദ്ദേശിച്ചില്ലെന്നും മറുപടി പറഞ്ഞു. സമാധാനത്തെക്കുറിച്ചു പറയുമ്പോഴൊക്കെ പാത്രിയർക്കീസു ബാവാ ഉപയോഗിച്ചത് ശക്തിയും സ്ഫുടതയുമുള്ള ഭാഷയാണ്. തർജ്ജമക്കാരനെ പലപ്പോഴും തിരുത്തിയിട്ടുണ്ട്. ഒരുമിച്ചുള്ള സഞ്ചാരവേളയിൽ അതിരുകടന്ന വ്യക്തിപരമായ വിനയം കാണിച്ച കാതോലിക്കാബാവായെ കുറ്റപ്പെടുത്തിയിട്ടുണ്ട്. "നാമെല്ലാം സഹോദരന്മാരാണ്, ഒപ്പം കയറി നിൽക്കൂ" എന്നു പറഞ്ഞതായും അറിയാം. ആബൂദി റമ്പാനെ കാതോലിക്കാബാവാ സ്വീകരിച്ചു ബഹുമാനിച്ചു. ഒരിക്കൽ അദ്ദേഹം മാനേജിംഗ് കമ്മിറ്റിയിൽ ഹാജരായി പ്രസംഗിച്ചതു ഞാൻ കേട്ടതാണ്. ബഹുമാനമായി ക്ഷണിക്കപ്പെട്ടിട്ടായിരിക്കുമല്ലോ വന്നത്. എന്നാൽ സ്വയം പാത്രിയർക്കാ പ്രതിനിധിയായി ലെറ്റർഹെഡുണ്ടാക്കി എഴുത്തു തുടങ്ങി. ഇങ്ങനെ ബാവായ്ക്കു കിട്ടിയ ഒരെഴുത്തിന് അങ്ങനെ സംബോധന ചെയ്തു മറുപടി കൊടുത്തു. വേണ്ടത്ര കരുതൽ കൂടാതെയാണ് ഇതു ചെയ്തതെന്നു തോന്നുന്നു. ഡലിഗേറ്റു പ്രശ്നം വന്നപ്പോൾ ഈ മറുപടി ഫോട്ടോ സഹിതം അവർ പ്രസിദ്ധപ്പെടുത്തി. ബാവാ തന്നെയല്ല പിൻഗാമി തിരുമേനിയും മേൽപറഞ്ഞതുപോലെ മറുപടി കൊടുത്തതായിട്ടാണു പ്രസിദ്ധപ്പെടുത്തിയത്. റമ്പാനായിരുന്നപ്പോൾ ഡലിഗേറ്റാണെങ്കിൽ മെത്രാനായപ്പോൾ എന്തുകൊണ്ടു പാടില്ലാതായി. വാദം ഇങ്ങനെയാണിവരുടേത്.

മാർ തോമ്മായെക്കുറിച്ചുള്ള റമ്പാന്റെ നൂതനസിദ്ധാന്തം പ്രചാരത്തിൽ വരുത്തി ആളുകളെ ശേഖരിക്കാൻ കണ്ട സ്ഥലം അങ്കമാലി ഭദ്രാസനമാണ്. അതിനു ചില പ്രത്യേകതകളുണ്ട്. ദീർഘകാലം പരിപൂർണ്ണമായി പാത്രിയർക്കീസു പക്ഷത്താണ് എല്ലാ പള്ളികളും. അവിടത്തെ മെത്രാന്മാർ തുടരെ അവിടെ ജനിച്ചു വളർന്നവരാണ്. കുടുംബ സംബന്ധമായും മറ്റു തരത്തിലും എല്ലാ ഭാഗങ്ങളിലും ഉറ്റബന്ധമുള്ളവരായിരുന്നു അവർ. എന്നിട്ടും അവർക്കു തന്നെ ഭരണത്തിൽ വിഷമമുണ്ടായിട്ടുണ്ട്. അവരുടെ വികാരങ്ങൾ ഇളക്കി പാത്രിയർക്കീസിന്റെ കീഴിൽ നേരിട്ടു നിൽക്കുന്ന ഒരു വിഭാഗത്തെ വിഭാവന ചെയ്തു. താമസിയാതെ 203-ാം നമ്പർ കൽപനയും വന്നു. കാതോലിക്കാപക്ഷം സ്വതന്ത്രമാകാൻ പോകുന്നു എന്ന് ആരോപിച്ചാണല്ലോ മാർ തോമായ്ക്ക് ഒന്നുമില്ല എന്ന് കൽപനയിൽ കാണുന്നത്. മാർ തോമാ റീശ് എപ്പിസ്കോപ്പാ ആണെങ്കിൽ സിംഹാസനമുണ്ടെന്നു കൽപനയിലുണ്ട്. അത്രയും നന്നായി. മാർ തോമ്മാ മറ്റുള്ളവരേക്കാൾ താണതാണെന്ന് ക്രൈസ്തവലോകം പറയുകയില്ല. ഇത്ര അബദ്ധവും ലജ്ജാകരവുമായ ഒരുപദേശം പുറപ്പെടുവിച്ച ഒരു സഭാമേലദ്ധ്യക്ഷനെപ്പറ്റി എന്താണു പറയേണ്ടതെന്ന് അറിഞ്ഞുകൂട.

ഈ കൽപ്പന തന്നെ പാത്രിയർക്കീസയച്ചതല്ലെന്നാണ് അനുയായി

കൾ ആദ്യം പറഞ്ഞത്. പിന്നീട് ഇതൊരു രഹസ്യകത്തു മാത്രമാണെന്നായി. രഹസ്യമായി ഇങ്ങനെ ചീത്ത പറയാമോ? അതു കാതോലിക്കാ പരസ്യപ്പെടുത്തിയത് പാത്രിയർക്കീസിനെ അപമാനിക്കാനാണെന്ന് പറഞ്ഞുതുടങ്ങി. യഥാർത്ഥത്തിൽ ആദ്യം പ്രസിദ്ധപ്പെടുത്തിയത് പാത്രിയർക്കീസുപക്ഷക്കാരാണ്. അതിന്റെ ഉള്ളടക്കത്തിന്റെ ന്യായാന്യായങ്ങളെപ്പറ്റിയുള്ള വാദങ്ങൾ ഇന്നും നടന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ട് കൽപനയുടെ യഥാർത്ഥത്തെപ്പറ്റിയുള്ള തർക്കങ്ങൾക്ക് ഇനി അവസരമില്ല. പാത്രിയർക്കീസിന്റെ പ്രസ്താവന ശരിയാണെന്നു കാണിക്കാൻ വേദപുസ്തകം വേറെ എഴുതിക്കൊണ്ടിരിക്കുകയാണ് എന്നു കോനാട്ടുമൽപ്പാൻ ഈയിടെ വെളിപ്പെടുത്തിയിട്ടുണ്ട്. ശീമക്കാർ പറയുന്നതും കൈയെഴുത്തുപുസ്തകങ്ങളാൽ എഴുതിയതുമൊക്കെ അതേപടി വിശ്വസിക്കുന്ന കാലഘട്ടമുണ്ടായിരുന്നു.

അന്ത്യോഖ്യായെ ഉപേക്ഷിക്കണമെന്ന ഉദ്ദേശ്യമുണ്ടായിരുന്നെങ്കിൽ 1964-ൽ പാത്രിയർക്കീസിനെ ക്ഷണിച്ചുവരുത്തുമായിരുന്നോ? കാനോനികമായ ബന്ധം എന്നാളും പുലർത്തുമെന്നു പല പ്രാവശ്യം സുന്നഹദോസ് പ്രഖ്യാപിച്ചിട്ട് ശ്രദ്ധിക്കാനാരുമില്ല. "സഭ രണ്ടാക്കിയേ അടങ്ങൂ" എന്നു തന്നെ അവരുടെ നിലപാട്. എന്നാൽ ഇതിൽ നിന്നു പാത്രിയർക്കീസിന് ഒഴിഞ്ഞുമാറാൻ നിവൃത്തിയില്ല. ഞാൻ ഒന്നു തുറന്നു ചോദിക്കട്ടെ. 1958-ലും 64-ലും പാത്രിയർക്കീസും അനുയായികളും "അകത്തു കത്തിയും പുറത്തു പത്തി"യും ആയിട്ടല്ലേ പെരുമാറിയത്? അനേക കാലം ശത്രുതയിൽ ജീവിച്ച രണ്ടു സഹോദരർ ഒരിക്കൽ സ്നേഹിച്ചു യോജിച്ചു യാത്ര ചെയ്യുമ്പോൾ ഒരാൾ മറ്റൊരാളെ കയ്യേറ്റം ചെയ്യുന്നത് ഇതിൽനിന്നു ഭിന്നമാണോ? 1958-ൽ കേസു തോറ്റപ്പോൾ അതുവരെ പട വെട്ടിനിന്ന പള്ളിക്കാരെ ഒരുമിച്ചു നിർത്തി വഴക്കിനു പറ്റിയ മെത്രാന്മാരെ സൃഷ്ടിച്ചു മുമ്പോട്ടു പോയെങ്കിൽ പാത്രിയർക്കീസിന് ഇതിലും ബഹുമാനം നേടാമായിരുന്നില്ലേ? അങ്കമാലി മുഴുവനും മറ്റിടവകകളിൽ വളരെ ചുരുക്കം പള്ളികളൊഴിച്ച് എല്ലാം പാത്രിയർക്കീസു പക്ഷത്തായിരുന്നല്ലോ. ഇപ്പോഴിതാ അനേക സങ്കീർണ്ണ പ്രശ്നങ്ങൾ സൃഷ്ടിച്ചു സഭയെ മനഃപൂർവ്വം നശിപ്പിക്കുകയല്ലേ ചെയ്യുന്നത്. ഇപ്പോഴിതാ മെത്രാന്മാരെ യഥേഷ്ടം വാഴിച്ച് അഴിച്ചു വിട്ടിരിക്കുന്നു. അവർ അന്യമതസ്ഥരേയും കൂട്ടുപിടിച്ച് സ്വീകരണങ്ങൾ ഘടിപ്പിച്ച്, വ്യാജപ്രസ്താവനകൾ ചെയ്തു അനേക കേസുകളിൽ പ്രതിയായി സ്വയം രക്ഷയ്ക്കായി രാഷ്ട്രീയക്കാരെപ്പോലെ പാഞ്ഞു നടക്കുകയാണ്. ഭീഷണികൾക്കും കുറവില്ല, സത്യവിശ്വാസ സംരക്ഷണത്തിനാണു നിലകൊള്ളുന്നത് എന്ന പൊള്ളപ്രസംഗങ്ങൾ നിലനിൽക്കുകയില്ല. ഓടിനടന്ന് ഏകദിന കോൺഫ്രൻസുകൾ, സ്ത്രീകൾക്കും യുവാക്കന്മാർക്കും നടത്തുകയാണ്. എത്ര ശ്രമിച്ചാലും

ഉപദേഷ്ടാക്കളും അധികാരികളും ആത്മാർത്ഥത ഇല്ലാത്തവരെന്നു കാണുന്ന നിമിഷം അവരെ ദൂരെയെറിയുന്ന ഒരു തലമുറയാണിന്നുള്ള തെന്നോർക്കണം. അതിനു സാധിച്ചില്ലെങ്കിൽ അവർതന്നെ സഭ വിടുകയും നിരീശ്വരന്മാരായി പരിണമിക്കുകയും ചെയ്യും. ഇവർ ഇതിനായിട്ടു കളമൊരുക്കുകയാണ്. മെത്രാന്മാർക്ക് കേരളത്തിൽ ഒരു കാലത്തുണ്ടായിരുന്ന നിലയും വിലയും ഇന്നുണ്ടോ?

കേസിൽ പ്രതികളായിരുന്ന കാതോലിക്കാപക്ഷത്തിന് അവരുടെ കൈവശമിരുന്ന വസ്തുക്കൾ അവർക്കു തന്നെയെന്ന് വിധി കിട്ടിയപ്പോൾ സഭ പുരോഗമിക്കണമെന്നല്ലാതെ വടക്കൻ ഇടവകകളെയോ സ്വത്തുക്കളെയോ ആക്രമിച്ചു പൊതുവേ ഒരസ്വസ്ഥത ഉണ്ടാക്കണമെന്ന് ഉദ്ദേശ്യമില്ലായിരുന്നു.

58-ലേതു പ്രാരംഭമായിരുന്നു. 64-ൽ മാർ തീമോത്തിയോസിന്റെ മുടക്കു തീർത്തു മറ്റു മെത്രാന്മാരുടെ മേൽ പ്രാർത്ഥന നടത്തി എന്നൊക്കെ. ഇങ്ങനെയൊക്കെ പ്രസ്താവിക്കുന്ന ഒരു കത്ത് പാത്രിയർക്കീസിന്റേതായി ചിലരുടെ കൈയിൽ കാണാനിടയായി. ഇങ്ങനെ ഒരു പ്രസ്താവനയും 1964 മെയ് 22-ാം തീയതി നടന്നതായി അന്നു മാർ ഏലിയാ ചാപ്പലിൽ കൂടിയവർക്കു പറയാൻ സാദ്ധ്യമല്ല. ഇങ്ങനെയുള്ള വ്യാജ പ്രസ്താവന ഒരു സഭാതലവൻ ചെയ്യുകയോ? ഇത്രമാത്രം നാം അധഃപതിച്ചല്ലോ എന്നോർത്തു ദുഃഖിക്കുന്നു. ഈ പാത്രിയർക്കീസു ബാവായെ വളരെ പുകഴ്ത്തി ഒന്നു രണ്ടു തവണ ഞാൻ പ്രസംഗിച്ചിട്ടുണ്ട്. 'നിങ്ങളുടെ യുവാക്കന്മാർ ദർശനം ദർശിക്കും' എന്നു യോവേൽ ദീർഘദർശി പറഞ്ഞത് ഇദ്ദേഹത്തിൽ അർത്ഥവത്തായി. അദ്ദേഹം റമ്പാനായി വന്നപ്പോൾ കണ്ട ദർശനമാണു നടപ്പിൽ വരുത്തിയത് എന്നു ഞാൻ പറഞ്ഞിട്ടുണ്ട്. സഭയുടെ പുരോഗതിക്കുവേണ്ടി ഡമാസ്കസ് തെരുവിൽ വച്ച് ദൈവം തിരഞ്ഞെടുത്ത പൗലോസാണിദ്ദേഹമെന്നും പറയാൻ ഞാൻ മടിച്ചില്ല. പരസ്പരസ്വീകരണമെന്ന മഹത് സംഭവത്തെ പ്രകീർത്തിച്ച് ഒരു സ്മാരകശില മൂവാറ്റുപുഴ അരമന കെട്ടിടത്തിന്റെ ഭിത്തിയിൽ സ്ഥാപിച്ചിട്ടുള്ളത് എന്റെ പരിശ്രമഫലമാണ്. ഞാനിന്ന് ഇതേപ്പറ്റിയൊക്കെ ദുഃഖിക്കുകയാണ് അഥവാ ലജ്ജിക്കുകയാണ്. സഭാമണ്ഡലത്തിൽ അന്ന് അദ്ദേഹത്തിനു ലഭിച്ച പേരും പെരുമയും എത്ര വലുതായിരുന്നോ അത്രയുമോ അതിലധികമോ ഇന്ന് നഷ്ടപ്പെട്ടു പോയിരിക്കുന്നു. മാർ അപ്രേം തീമോത്തിയോസോ ഇവിടുത്തെ കുറെ ആളുകളോ എത്ര ശ്രമിച്ചാലും അദ്ദേഹം അതിനു മനഃപൂർവ്വം സഹായം നൽകാതെ ഇന്നത്തെ ഈ നടപടികൾ ഒന്നും വെളിപ്പെടുകയില്ലായിരുന്നു. ഇന്നിതാ മലങ്കരസഭ വ്യവഹാരചുഴലിയിലേക്കു ഇറങ്ങിയിരിക്കുന്നു. ഇന്നു പടർന്നു പിടിച്ചിരിക്കുകയാണ്. പരസഹായം കൂടാതെ സ്വയം പുരോഗമിക്കുവാൻ, പിതാക്കന്മാർ നേടി

യെടുത്ത സ്വാതന്ത്ര്യം നിലനിർത്താൻ നാം എന്തു ത്യാഗവും സഹിച്ചു മുന്നേറുകയാണ് വേണ്ടത്. ഒത്തുതീർപ്പൊക്കെ വഴി പിഴപ്പിക്കും. ഭരണ ഘടനയെ മുറുകെ പിടിച്ചുകൊണ്ട് കാനോനികമായി നമുക്ക് ഇൻഡ്യ യിൽ പുരോഗമിക്കാം. മെസപ്പോട്ടോമിയായിലെ സഭയ്ക്ക് ക്ഷയം വന്ന തുപോലെ വരാതിരിക്കട്ടെ. ഈ പാത്രിയർക്കീസ് സഭയെ സ്നേഹിക്കു ന്നവനും സമാധാനപ്രിയനും സഭയുടെ ഭാവിയെപ്പറ്റി ദർശനമുള്ളവനു മായിട്ടാണ് കാണപ്പെട്ടത്. പക്ഷേ, എല്ലാവരേക്കാളും അധികം സഭയെ കീഴ്പ്പെടുത്താനാണു ശ്രമിക്കുന്നത്. അവർ മെത്രാന്മാരുടെ മേൽ അധി കാരം പ്രയോഗിച്ചു മലങ്കരയെ കീഴ്പ്പെടുത്താനാണു നോക്കിയതെങ്കിൽ, ഇദ്ദേഹം കാനോനികമായി തുല്യാധികാരമുള്ള അതിപുരാതനമായ പൗരസ്ത്യ കാതോലിക്കായെ തന്റെ ചൊൽപ്പടിയിൽ നിർത്താനാണു തുടങ്ങുന്നത്. മാർത്തോമാ സിംഹാസനാരൂഢൻ എന്നുപയോഗിക്കുന്നത് നിർത്തിയാൽ ഈ ശ്രമത്തിന് നിയമപ്രാബല്യം ലഭിക്കുമെന്നാണുദ്ദേശ്യം. ഈ നിലപാടിനെതിരായി സഭ ഒന്നാകെ എതിർത്തു 'യുദ്ധം ചെയ്യണം.' നന്മയ്ക്കും സത്യത്തിനും വിജയം തീർച്ച തന്നെ. അതിനു ത്യാഗവും കഷ്ടപ്പാടും ഉണ്ട് എന്നേയുള്ളു.

രണ്ടാം ഭാഗം

ദുഷ്ചെയ്തികളും നേതൃദുരന്തങ്ങളും

കെ. വി. മാമ്മൻ കോട്ടയ്ക്കൽ ആധുനികസ്ഥിതിയെപ്പറ്റി ഇങ്ങനെ എഴുതുന്നു: അസ്ഥിരമായ അധികാരത്തിനും പണത്തിനും സ്ഥാനമാനങ്ങൾക്കും വേണ്ടി കഴിഞ്ഞ ഒരു നൂറ്റാണ്ടിനിടയിൽ മലങ്കരസഭയേയും അതിന്റെ വിശുദ്ധജീവിതം നയിച്ച ദൈവത്തിന്റെ അഭിഷിക്തന്മാരേയും പരോക്ഷമായും പ്രത്യക്ഷമായും പലവിധത്തിലും പലതലങ്ങളിലും ഒളിഞ്ഞും തെളിഞ്ഞും ബോധപൂർവ്വം ഉപദ്രവിച്ചവരും പ്രമുഖ നേതാക്കൾ എന്നുവേണ്ടത്ര വിവരമില്ലാത്തവർ കരുതിയവരുമായ പലർ അവരുടെ ദുഷ്ചെയ്തികളുടെ തിക്തഫലം ജീവിതകാലത്തു തന്നെ അനുഭവിച്ചു നിരാശരായി അക്കരയിലേക്കു കടന്നുപോയിട്ടുണ്ട്. ഇവരിൽ പലരും ഇപ്പോഴും ഓയാർ കടന്നിട്ടില്ലത്രെ. ഈ പോക്കിനു മുമ്പ് അവരുടെ പിൻഗാമികളും അവരും സമ്പാദിച്ച ഭൂസ്വത്തുക്കളും പണവും പണ്ടങ്ങളും സ്ഥാനമാനങ്ങളും എല്ലാംതന്നെ സമുദായക്കേസ് എന്ന മാരകമായ കാൻസർ രോഗചികിത്സയ്ക്കു വേണ്ടിയാണു ചെലവഴിച്ചത്. ദൈവിക സ്നേഹം, ദൈവഭയം, വിനയം, വൈദിക മേലദ്ധ്യക്ഷന്മാരോടുള്ള ബഹുമാനം, മുതലായവ ഉൾക്കൊള്ളുന്ന കീമോതെറാപ്പി എന്ന ചികിത്സ ഇവർക്കു ലഭ്യമല്ലാതിരുന്ന കാലമായിരുന്നു. അഹങ്കാരത്തിന്റെ കനകരഥത്തിൽ സഞ്ചരിച്ച ചിലർ രഥചക്രം ഊരി മറിഞ്ഞു അകാലചരമം അടഞ്ഞു. മറ്റു ചിലർ വിഷാദരോഗം, നിരാശ എന്നിവയാൽ എങ്ങോട്ടാണു പോകേണ്ടതെന്നറിയാതെ ഓർമ്മനാശ രോഗം മൂലം പ്രതിസന്ധിയുടെ കവലകളിൽ ചെന്നു നിന്നു.

പള്ളിയിൽ കയറി കുരിശുവരച്ചു പ്രാർത്ഥിക്കുന്നതിനു പകരം, പള്ളിപ്പറമ്പിലെ തേങ്ങാ ഇടാനും പട്ടക്കാരുടെ നീണ്ട താടിക്കു പിടിച്ചു മാറ്റാനും മറ്റു ചിലർ ശ്രമിച്ചു. ഇതെല്ലാം തങ്ങൾ ദൈവത്തേക്കാൾ കൂടുതലായി ആരാധിക്കുന്ന പൂവമ്പഴനിറമുള്ള ചില വൈദേശിക മേൽപട്ടക്കാരുടെ താൽപര്യങ്ങൾക്കു വേണ്ടിയായിരുന്നു. ഒടുവിൽ വിദേശ മേൽപട്ടക്കാർ പണവും പവനും നേടിയശേഷം, വിളക്കിൽ എണ്ണ ശേഖരിക്കാതിരുന്ന കന്യകമാരെപ്പോലെ സഹായികളെ പുറംതള്ളി.

മലങ്കരസഭയുടെ ഭരണസിരാകേന്ദ്രമായ മാലിനീതീരത്തെ കണ്വാശ്രമസമാനമായ പഴയസെമിനാരി കൈക്കലാക്കാനും വിശുദ്ധജീവിതത്തിന്റെ നിറകുടമായ മലങ്കരമെത്രാപ്പോലീത്താ വട്ടശ്ശേരിൽ തിരുമേനിയെ കാട്ടേ

ഷൻ സംഘത്തെ നിയോഗിച്ചു തട്ടാനും താഴെ ഇറക്കാനും ശ്രമിച്ചപ്പോൾ ആ ദുഷ്ടലക്ഷ്യം സാധിച്ചില്ല. തിരുമേനിയുടെ ദേഹരക്ഷാർത്ഥം നിയോഗിക്കപ്പെട്ടവരിൽ പ്രധാനിയും തികഞ്ഞ സഭാഭക്തനുമായ വർക്കി വറുഗീസ് എന്ന ആനപ്പാപ്പിയെ പഴയസെമിനാരിയെ വെള്ളി അരഞ്ഞാൺ കണക്കെ ചുറ്റിഒഴുകുന്ന മീനച്ചിലാറിന്റെ തീരത്തുവച്ചു വെട്ടിക്കൊന്നപ്പോൾ വട്ടശ്ശേരിൽ തിരുമേനിയെ വധിക്കുന്നതിനുള്ള ഗൂഢശ്രമം പരാജയപ്പെട്ടു. ഈ സംഭവം സെമിനാരി പിടിച്ചെടുക്കാൻ ശ്രമിച്ച വൈതാളികന്മാരുടെ പ്ലാൻ എല്ലാം തകർത്തു എന്നാണു തുടർന്നു നടന്ന "കോട്ടയം കൊലക്കേസ്" എന്ന പേരിൽ അന്ന് അറിയപ്പെട്ടിരുന്ന കേസിന്റെ നടത്തിപ്പും അനന്തര നടപടികളും വ്യക്തമാക്കുന്നത്. പത്തു ദശാബ്ദങ്ങൾക്കു മുമ്പ് നടന്ന ഈ അരുംകൊലയുടെ സൂത്രധാരന്മാർ കോട്ടയത്തുള്ള അവരുടെ സ്വർണ്ണത്തേക്കാൾ വില കിട്ടുന്ന മണ്ണെല്ലാം ഒളിവിലിരുന്നു കേസു നടത്താനും ഒരു പ്രതിയെ നിരപരാധിയാക്കാനും പടുവിലയ്ക്കു വിറ്റു. ആനപ്പാപ്പിയെ വെട്ടിയ ആളും ഭാര്യയും ആയുസ്സിന്റെ മധ്യത്തിൽതന്നെ എടുക്കപ്പെട്ടു. അവരുടെ അരുമ സന്താനങ്ങൾ അനാഥരായി. കേസിന്റെ ഗതി തിരിച്ചുവിടാൻ സമ്പന്നരായ സൂത്രധാരന്മാരിൽ ചിലർ ഉന്നത പോലീസ് ഉദ്യോഗസ്ഥന്മാരെ വേണ്ടവിധത്തിൽ സ്വാധീനിച്ചു. ഈ ചുറ്റുപാടിൽ 'മലയാള മനോരമ' ഒരു മുഖപ്രസംഗം എഴുതുകയും കൈക്കൂലി വാങ്ങി കേസ് ഒതുക്കാൻ ശ്രമിച്ച പോലീസ് ഉദ്യോഗസ്ഥനെ സ്ഥലംമാറ്റുകയും ചെയ്തു. തുടർന്നു നടന്ന അന്വേഷണം മൂലം കേസിലെ പ്രതികൾ എല്ലാംതന്നെ ശിക്ഷിക്കപ്പെടുകയും ചെയ്തു. അണ്ടി കളഞ്ഞ അണ്ണാനെപ്പോലെ അവരിൽ ചിലർ തെണ്ടിത്തിരിഞ്ഞു നടന്നു കടന്നുപോയി.

പ്രൈമറിസ്കൂൾ അദ്ധ്യാപകനായിരുന്ന ആനപ്പാപ്പിയുടെ സമ്പൂർണ്ണ ജീവചരിത്രം ഒന്നര ദശാബ്ദം മുമ്പ് പ്രധാനമായും ദോഹയിലെ സഭാംഗങ്ങളുടെ താൽപര്യത്തെ മുൻനിർത്തി പുലിക്കോട്ടിൽ അഡ്വ. ഡോ. പി. സി. മാത്യുവും കെ. വി. മാമ്മൻ കോട്ടയ്ക്കലും ചേർന്നു ഗവേഷണ പഠനങ്ങൾ നടത്തിയും മലയാള മനോരമയുടെ പഴയ ഫയലുകൾ നോക്കിയും വട്ടശ്ശേരിൽ തിരുമേനിയുടെ പ്രഗത്ഭനായ സെക്രട്ടറി മണലിൽ യാക്കോബു കത്തനാർ മുതലായവരുമായി ഇന്റർവ്യൂ നടത്തിയും മറ്റും രചിച്ചു. പുസ്തകം വെളിച്ചം കണ്ടപ്പോൾ 'പുത്തൻകുരിശു കൂട്ടായ്മ'യുടെ ചില പുത്തൻ വക്താക്കൾ മുക്കിലും മൂലയിലും ഇരുന്ന് ആനപ്പാപ്പി ആഭാസനാണെന്നും കെ. വി. മാമ്മനും, മാത്യുവും കൂടി അദ്ദേഹത്തെ പരിശുദ്ധനാക്കാൻ ശ്രമിക്കയാണെന്നും അവരുടെ "വിശ്വാസ സംരക്ഷകൻ" എന്ന വാറോല സമാനമായ കടലാസിൽ എഴുതി. ദൈവം അവരോടു ക്ഷമിക്കട്ടെ.

പണ്ട് സിറിയായിലെ ദ്രവ്യാഗ്രഹിയായിരുന്ന ഒരു പാത്രിയർക്കീസിനുവേണ്ടി ഓശാന പാടിയ ചിലർ തങ്ങളുടെ തെക്കുള്ള അനുയായികൾക്കു ശക്തിപകർന്നു അവരെ വളർത്താനാണ് ആനപ്പാപ്പിയുടെ രക്തം വളമായി ഒഴുക്കിയത്. ഒരു ദശാബ്ദം മുമ്പ് വടക്കൻ പ്രദേശത്തെ കൂട്ടായ്മയ്ക്കു വളമിടാൻ പെരുമ്പാവൂരിലെ വലിയ സഭാസ്നേഹിയായിരുന്ന മലങ്കര വറുഗീസിന്റെ രക്തവും നട്ടുച്ചയ്ക്കു ലക്ഷങ്ങൾ എറിഞ്ഞു ക്വട്ടേഷൻ സംഘത്തെ ഏർപ്പാടാക്കി വാർന്നെടുത്തു. തെക്കൻ പ്രദേശത്തെ സഭയെ വളർത്താൻ ആനപ്പാപ്പിയെ കൊന്നവരെല്ലാം ചരിത്രത്തിന്റെ ചീഞ്ഞളിഞ്ഞ കുപ്പത്തൊട്ടിയിൽ നിക്ഷേപിക്കപ്പെട്ടു. വടക്കൻ പ്രദേശത്തെ ചില മേൽപട്ടക്കാരും വൈദികരും സി.ബി.ഐ. എന്നു കേട്ടാൽ ഇന്നും ഞെട്ടി രാത്രിയിൽ ഉറക്കമില്ലാതെ കിടക്കുന്നു. നിരപരാധിയായ വൈദികൻ മലങ്കര വറുഗീസ് കൊലക്കേസിൽ പ്രതിയാക്കപ്പെട്ടതായി അദ്ദേഹത്തിന്റെ പത്നി പറഞ്ഞിട്ടുണ്ട്. സത്യം പറയാതിരിക്കാൻ അച്ചനു യോഗ്യരായ വൈദികർ പോലും സ്വീകരിക്കാത്ത കോർഎപ്പിസ്കോപ്പാ സ്ഥാനം നൽകി. അധികാരമില്ലാത്ത കോർഎപ്പിസ്കോപ്പാ സ്ഥാനം അപ്പനാടിനും അമ്മയാടിനും കുഞ്ഞാടുകൾക്കും വേണ്ടാത്ത അജഗളസ്തന സമാനമാണ്. കോർഎപ്പിസ്കോപ്പായെ ഇടവകയ്ക്കും സഭയ്ക്കും സഭാംഗങ്ങൾക്കും ഇന്നു വേണ്ട. ഈ സ്ഥാനം കൊണ്ടു സാദാ വൈദികർ ഉയരില്ല.

ചില വൈദികരുടെയും ഉന്നതസ്ഥാനികളുടെയും പാസ്റ്ററന്മാരുടെയും ജീവിതം സഭയെ സംബന്ധിച്ചിടത്തോളം വലിയ ദോഷം ചെയ്യുന്ന അധാർമ്മിക സാക്ഷ്യങ്ങളാണ്. ഉയർന്ന കാർഷിക മേഖലകളിൽ ഇപ്പോഴും സമരം നയിക്കുന്ന ചില ബിഷപ്പന്മാരെയും കുപ്പായധാരികളെയും "നികൃഷ്ടജീവികൾ" എന്നും കോമാളികൾ എന്നും പിണറായി വിജയൻ നേരത്തെ വിശേഷിപ്പിച്ചത് തെറ്റായിപ്പോയെന്നു പറയാനും ഇപ്പോൾ സാധ്യമല്ല.

റോമൻ കത്തോലിക്കാ സഭയിലെ ഒട്ടധികം വൈദികർ സ്വയം കുപ്പായം ഊരി അനാശാസ്യ പ്രവർത്തനങ്ങൾ നടത്തുന്നത് അമേരിക്കയിലും യൂറോപ്യൻ രാജ്യങ്ങളിലും മാത്രമല്ല, ഇന്ത്യയിലും, ഇവിടെ കേരളത്തിലും കോട്ടയത്തും സാധാരണമായിട്ടുണ്ടെന്നും കേസുകൾ നടക്കുന്നുണ്ടെന്നും പത്രങ്ങൾ വായിക്കുന്നവർക്കറിയാം. ഇതിനകം പലരുടെയും കുപ്പായം കത്തോലിക്കാസഭ ഊരി. ഇതു സംബന്ധിച്ചു 2014 ജനുവരി 19-ലെ 'ടൈംസ് ഓഫ് ഇന്ത്യ' എന്ന പ്രമുഖ പത്രത്തിൽ ഇപ്പോഴത്തെ സാത്വികനായ മാർപാപ്പായുടെ ചിത്രം സഹിതം വന്ന വാർത്ത ഒരു പക്ഷേ പലരും കണ്ടിരിക്കാനിടയില്ല.

അതു ചുവടെ ചേർക്കുന്നു. ഇതു കുറ്റകൃത്യങ്ങളിൽ കൈയോടെ പിടിയ്ക്കപ്പെട്ട മൂരിക്കാള വൈദിക വേഷധാരികളുടേതാണ്.

In 2 yrs, ex-pope defrocked 400 priests for abuse

CRACKING THE WHIP

Vatican City: In his last two years as pope, Benedict XVI defrocked nearly 400 priests for raping and molesting children, more than twice as many as the two years that preceded a 2010 explosion of sex abuse cases in Europe and beyond, according to a document obtained on Friday by Associated Press and an analysis of Vatican statistics. The data - 260 priests defrocked in 2011 and 124 in 2012, a total of 384 - represented a dramatic increase over the 171 priests defrocked in 2008 and 2009.

It was the first compilation of the number of priests forcibly removed for sex abuse by the Vatican's in house procedures - and a canon lawyer said the real figure is likely far higher, since the numbers don't include sentences meted out by diocesan courts.

The spike started a year after the Vatican decided to double the statute of limitations on the crime, enabling victims who were in their late 30s to report abuse committed against them when they were children.

The Vatican has actually made some data public year by year in its annual reports. But an internal Vatican document prepared to help the Holy See defend itself before a UN committee this week in Geneva compiled the statistics over the course of several years. Analysis of the raw data cited in that document, which was obtained by the AP, confirmed the figures.

Archbishop Silvano Tomasi, the Vatican's UN ambassador in Geneva, referred to just one of the stastistics in the course of eight hours of often pointed criticism and questioning on Thursday from the UN human rights committee. He said 418 new child sex abuse cases were reported to the Vatican in 2012.

കഴിഞ്ഞ രണ്ടുമൂന്നു വർഷത്തെ വലിയ കണക്കുകൾ വരാനിരിക്കുന്നതേയുള്ളു.

മലങ്കരസഭയെ ദ്രോഹിക്കാനും അതിന്റെ സ്വത്തുക്കൾ കൈയടക്കാനും സിറിയൻ ഓർത്തഡോക്സ് സഭയിലെ ചില തത്വദീക്ഷയറ്റ പാത്രിയർക്കീസന്മാർ ശ്രമിക്കുകയും മുടക്കെന്ന ആയുധം പ്രയോഗിക്കുകയും ചെയ്തതിന്റെ ഫലമായി കേസുകൾ നടത്തപ്പെട്ടു. മലങ്കരസഭയുടെ ധാർമ്മിക പുരോഗതിയും വളർച്ചയും പ്രഗത്ഭനായിരുന്ന വട്ടശ്ശേരിൽ തിരുമേനിയുടെ അതുല്യ കർമ്മശേഷിയും സഭയിലെ ഭക്തജനങ്ങളുടെ കാണിക്കയായ പണവും എല്ലാം നഷ്ടപ്പെടുത്തി. രക്തഛവി കലർന്ന ഈ കൊടുംപാപം സപ്തസാഗരങ്ങളിലെയും ആമസോണിലേയും വെള്ളംകൊണ്ടു കഴുകിയാലും തീരുകയില്ല.

കേസും വഴക്കും ജയിക്കുകയില്ലെന്നും സത്യമേ ജയിക്കുകയുള്ളുവെന്നും 1958-ൽ സുപ്രീംകോടതിയുടെ അഞ്ചംഗ ഭരണഘടനാ ബഞ്ചും ചൂണ്ടിക്കാട്ടി. പരസ്പര സ്വീകരണം എന്ന വട്ടശ്ശേരിൽ തിരുമേനിയുടെ ഫോർമുല ഗത്യന്തരമില്ലാതെ പാത്രിയർക്കീസ് അംഗീകരിച്ചു. തോറ്റ കക്ഷിയിൽ നിന്നു ലക്ഷങ്ങൾ കവിഞ്ഞ കോടതിച്ചെലവ് മഹാ സിദ്ധനും ക്രിസ്തീയ സുകൃതങ്ങളുടെ നിറകുടവുമായ ഗീവറുഗീസ് രണ്ടാമൻ ബാവാ, മുടിയൻപുത്രനെ സ്വീകരിച്ച പിതാവിനെപ്പോലെ വേണ്ടെന്നു വച്ചു. പന്ത്രണ്ടു കൊല്ലം കഴിഞ്ഞാൽ കോടതിവിധിപ്രകാരം നഷ്ടപരിഹാരം നൽകേണ്ടി വരികയില്ലല്ലോ. തന്നിമിത്തം 1970-ൽ മാർത്തോമ്മായ്ക്കു പട്ടമില്ലെന്നും അതുകൊണ്ട് അദ്ദേഹത്തിനു സിംഹാസനമില്ലെന്നും യാക്കൂബ് തൃതീയൻ എന്ന പാത്രിയർക്കീസിന്റെ അത്യന്താധുനികവും നിന്ദ നിറഞ്ഞതുമായ ദൈവശാസ്ത്രത്തിനു മലങ്കരസഭയിലെ ഏതാണ്ട് അക്ഷരവിരോധികളായ ഒരുപറ്റം കുഞ്ഞാടുകൾ ഓശാന പാടി.

ഇവിടെ ഒരു വസ്തുത ഓർക്കേണ്ടതുണ്ട്. 1964 ഡിസംബറിൽ ബോംബെയിൽ വച്ചു ദിവ്യകാരുണ്യ കോൺഗ്രൻസിനു വന്നപ്പോൾ പോൾ ആറാമൻ മാർപാപ്പായുമായി ഒരേ സോഫയിൽ ഇരുന്നു സഹോദര നിർവിശേഷമായ സ്നേഹത്തോടെ ചർച്ചകൾ നടത്തിയ പ. ഔഗേൻ ബാവാ 1965 ജനുവരിയിൽ എത്യോപ്യയുടെ തലസ്ഥാനമായ ആഡിസ് അബാബയിൽ ചേർന്ന പൗരസ്ത്യസഭാ തലവന്മാരുടെ സമ്മേളനത്തിൽ സംബന്ധിച്ചു. സമ്മേളനം കഴിഞ്ഞു യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ, ഔഗേൻ ബാവായ്ക്കു സിറിയൻ സഭയുടെ ചില പ്രധാന പള്ളികൾ സന്ദർശിക്കാൻ അവസരം നൽകി. നേരത്തെ ഈ സ്ഥലങ്ങൾ എല്ലാം ഔഗേൻ റമ്പാനായിരുന്നപ്പോൾ കണ്ടതാണ്. മൂസലിലെ സെന്റ് തോമസ് പള്ളി സന്ദർശിച്ച അവസരത്തിലാണു മാർത്തോമ്മായുടെ ഭൗതികാവശിഷ്ടം ഔഗേൻ ബാവായെ ഏൽപ്പിച്ചത്. കപ്യാരു പോലുമല്ലാത്ത മാർത്തോമ്മായുടെ പേരിലാണു മൂസൽ സെന്റ് തോമസ് പള്ളി സ്ഥാപിച്ചിരുന്നത്!! ചിത്രം വിചിത്രം. ഇന്ന് ആ പള്ളിയും അപ്രത്യക്ഷമായത്രെ.

പാത്രിയർക്കീസിന്റെ 1970-ലെ കത്തിന് ഔഗേൻബാവാ ചുട്ട മറുപടി നൽകിയിട്ടുണ്ട്. മലങ്കരയിൽ നിന്നു വർഷങ്ങളായി പണവും ഒട്ടധികം സമ്മാനങ്ങളും ലഭിച്ചു വന്നു. സമ്മാനങ്ങൾ ദമസ്ക്കോസിലെ അരമന യോടനുബന്ധിച്ചുള്ള മ്യൂസിയത്തിൽ സൂക്ഷിച്ചിരുന്നുവെന്നും അവ യെല്ലാം യാക്കൂബ് മൂന്നാമൻ തന്നെ അവിടെ ചെന്നപ്പോൾ കൊണ്ടുനടന്നു കാണിച്ചു എന്നും വെരി. റവ. എൻ. ജെ. തോമസ് റമ്പാന്റെ (പത്തനാ പുരം) ഒരു യാത്രാവിവരണ ഗ്രന്ഥത്തിൽ എടുത്തു പറഞ്ഞിട്ടുണ്ട്. ഇന്ന തെല്ലാം ചാരമായി മാറിയതിൽ റമ്പാച്ചൻ ദുഃഖിക്കുന്നുണ്ടാവും. വാർദ്ധ കൃത്തിൽ എത്തുന്നതിനു മുമ്പ് പാത്രിയർക്കീസ് കാലം ചെയ്യുകയും ഇപ്പോഴത്തെ സഖാ പാത്രിയർക്കീസ് പിൻഗാമിയായിത്തീരുകയും ചെയ്തു. മലങ്കരസഭ സ്വീകരിച്ചിട്ടില്ലാത്ത സഖാ പാത്രിയർക്കീസ് തന്റെ മുൻഗാമിയുടെ വേദവിപരീത കൽപന ഇതുവരെ പിൻവലിച്ചിട്ടില്ല. ഭിന്നിച്ചു ഭരിച്ചാലേ കാശു കിട്ടൂ എന്നറിയാവുന്നവർ യോജിപ്പിനും ക്രിസ്തീയ സുകൃതമായ സ്നേഹത്തിനും വഴിപ്പെടുകയില്ലല്ലോ. കാണാത്ത ദൈവ ത്തേക്കാൾ കാണുന്ന പണമല്ലേ സ്വീകാര്യം.

മലങ്കരസഭ 1934-ൽ പാസ്സാക്കിയ ഭരണഘടനയുടെ ഒന്നും രണ്ടും പ്രഖ്യാപനങ്ങൾ ചുവടെ ചേർക്കുന്നു:

1. മലങ്കരസഭ - ഓർത്തഡോക്സ് സുറിയാനി സഭയുടെ ഒരു വിഭാ ഗവും, ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ പാത്രിയർക്കീസും ആകുന്നു (അന്ത്യോഖ്യാ എന്ന വാക്കില്ല, ഇതു പിന്നെ ആരോ എഴുതിവച്ചതാണ്).

2. മലങ്കരസഭ - മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായതും, പൗരസ്ത്യ ഓർത്തഡോക്സ് സഭയിൽ ഉൾപ്പെട്ടതും, പൗരസ്ത്യ ഓർത്ത ഡോക്സ് സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ കാതോലിക്കായും ആകുന്നു.

കഴിഞ്ഞ വർഷം സിറിയായിൽ ഉണ്ടായ ക്രൂരമായ ആഭ്യന്തര കല ഹവും പീഡനവും മൂലം സുറിയാനി സഭയുടെ ആലപ്പോ, ഹോംസ്, മർദ്ദീൻ, തുറബ്ദീൻ, മൂസൽ, ദമസ്ക്കോസ് മുതലായ സ്ഥലങ്ങളിലെ പ്രധാന പള്ളികളും സ്ഥാപനങ്ങളും എല്ലാം തകർന്നു തരിപ്പണമായി. ഒട്ടധികംപേർ ജീവരക്ഷാർത്ഥം ലബനിലേക്കും മറ്റും ഓടിപ്പോയി. സഹ സ്രകണക്കിനാളുകൾ സോദോമിലെപ്പോലെ തീയാൽ വെണ്ണീറായി. ശത ക്കണക്കിനു പിഞ്ചുകുഞ്ഞുങ്ങൾ രാസായുധപ്രയോഗത്താൽ തീയിൽ പെട്ടു പ്ലാസ്റ്റിക് കുപ്പികൾപോലെ ചുരുങ്ങി എരിഞ്ഞടങ്ങി. ആക്രമണം ആരംഭിച്ചപ്പോൾതന്നെ സഖാ പാത്രിയർക്കീസ് ജീവരക്ഷാർത്ഥം ലബ നിലെ ബേറൂട്ടിൽ കടന്നു. ഏതാനും മെത്രാന്മാർ കൊല്ലപ്പെട്ടു. ചിലർ ബന്ദികളാക്കപ്പെട്ടു. അവരെപ്പറ്റിയൊന്നും ശരിയായ വിവരം ഇതുവരെ

ഇല്ല. ആക്രമണങ്ങളുടെയും തീജ്വാലകളുടെയും നരഹത്യകളുടെയും യഥാർത്ഥ വിവരങ്ങൾ ചിത്രങ്ങൾ സഹിതം ഇംഗ്ലീഷ് പത്രങ്ങളിൽ തുടരെ തുടരെ വന്നു. സിറിയയിൽ ചെല്ലരുതെന്നു കേരളത്തിലെ ചില മെത്രാന്മാർക്കു സന്ദേശവും ലഭിച്ചു. ആക്രമണത്തിന്റെ തീയും പുകയും കെട്ടടങ്ങിയിട്ടില്ല. അങ്ങനെ ഒരു പുരാതന സഭയുടെ തിരോധാനത്തിനു 2013 സാക്ഷ്യം വഹിച്ചു. ക്രൈസ്തവലോകത്തെ സംബന്ധിച്ചിടത്തോളം 2013 -ലെ ഏറ്റവും വലിയ വാർത്തയാണ് സിറിയയിൽ നിന്നുള്ള ഈ സഭാ തിരോധാനം. മലങ്കര സഭാംഗങ്ങൾ ഇതിലുള്ള ദുഃഖവും അനുശോചനവും നേരത്തെ ആത്മാർത്ഥതയോടെ പ്രകടിപ്പിച്ചിട്ടുണ്ട്.

സാമ്പത്തികമായി ഞെരുങ്ങുന്ന പാത്രിയർക്കീസ് പണ്ട് റോമൻ കത്തോലിക്കാ സഭ പാപമോചനച്ചീട്ടു വിറ്റു കാശുണ്ടാക്കിയതുപോലെ ബാറീശോ, കോറീശോ മുതലായ സ്ഥാനങ്ങളും കാശിനു വിലയില്ലാത്ത ഷെവലിയർ, കമാണ്ടർ മുതലായ ലേബലുകളും നൽകി കെസ്പോ ശേഖരിക്കുന്നുണ്ട്. യാക്കോബ് മൂന്നാമൻ പാത്രിയർക്കീസ് പണ്ട് കെ. എം. ചെറിയാനും പി. സി. ഏബ്രഹാമിനും ഷെവലിയർ ലേബൽ നൽകിയെങ്കിലും അവർ അത് എന്തുകൊണ്ടോ ഉപയോഗിച്ചു കണ്ടിട്ടില്ല.

അടുത്തകാലത്ത് കേരളത്തിൽ നിന്നു ഒരു മേൽപ്പട്ടക്കാരൻ ബേറൂട്ടിലെത്തി പാത്രിയർക്കീസിനു തുക എത്രയെന്നു പറയാതെ കുറെ പണം നൽകിയതായി പത്രത്തിൽ കണ്ടു. വേണ്ടത്ര യോഗ്യതയോ തെരഞ്ഞെടുപ്പോ ഇല്ലാതെ ചിലരെ മേൽപ്പട്ടക്കാരായി വാഴിച്ചതിൽ നിന്നു ലഭിച്ച ലക്ഷങ്ങളുടെ ഒരു വീതമായിരിക്കും ഈ പണം എന്നൊന്നും തറപ്പിച്ചു പറയാനാവില്ല. ആദിമനൂറ്റാണ്ടിൽ പാവപ്പെട്ട സഭകൾക്കുവേണ്ടി ചില അപ്പോസ്തോലന്മാർ മറ്റുള്ളവരിൽനിന്നു ദ്രവ്യശേഖരം നടത്തി ദരിദ്രരെ സഹായിച്ചിട്ടുള്ളതുകൊണ്ടു ഇങ്ങനെ സഭകളെ സഹായിക്കുന്നതിൽ തെറ്റില്ല. എന്നാൽ ഇവിടെ സഭയെയല്ല, സഭാംഗങ്ങളില്ലാത്ത ഒരു മുൻ സഭാ മേലദ്ധ്യക്ഷന്റെ നിത്യചെലവിനായിട്ടാണു സഹായം നൽകുന്നതെന്ന വ്യത്യാസമുണ്ട്.

കൈവിറയൽ ഉണ്ടെന്ന കാരണം പറഞ്ഞു വട്ടശ്ശേരിൽ തിരുമേനിയെ ഒരു പാത്രിയർക്കീസ് മുടക്കി. ഇപ്പോൾ പരസഹായം കൂടാതെ നടക്കാനും സഞ്ചരിക്കാനും കഴിയാതെ ചക്രകസേരയിൽ കഴിയുന്ന സഖാ പാത്രിയർക്കീസിനെ ഇതേ മാനദണ്ഡം സ്വീകരിച്ചാൽ എന്നേ മുടക്കേണ്ടതല്ലേ എന്ന് ഇക്കഴിഞ്ഞ പുതുപ്പള്ളി നിലയ്ക്കൽപള്ളി കൺവൻഷനിൽ ആലുവാ തൃക്കുന്നത്തു സെമിനാരി മുൻ മാനേജർ ഫാ. മത്തായി ഇടയനാൽ ചോദിച്ച ചോദ്യം ഒട്ടും അപ്രസക്തമല്ലെന്നു തോന്നുന്നു.

മേൽപറഞ്ഞ സിറിയൻ സഭയിൽ മേലിൽ ഡമസ്ക്കോസ് ആസ്ഥാന

മാക്കി ഒരു പാത്രിയർക്കീസിനെ വാഴിക്കാൻ സാധാരണഗതിയിൽ സാദ്ധ്യമല്ലാത്തതിനാൽ അടുത്ത പാത്രിയർക്കീസ് കേരളത്തിലെ പുത്തൻകുരിശോ മഞ്ഞനിക്കരയോ ആസ്ഥാനമാക്കി വാഴിക്കപ്പെടുമെന്നും ഒരു മലയാളിയായിരിക്കും സഖാ ബാവായുടെ പിൻഗാമിയെന്നും ചിന്തിക്കുന്നവരും ഒട്ടും കുറവല്ല. ഇക്കാര്യത്തിൽ മലങ്കരയിൽ ഉള്ള വിഘടിത വിഭാഗത്തിലെ പല മെത്രാന്മാർക്കും യോജിപ്പില്ലെന്നുള്ളത് പരസ്യമായ രഹസ്യമാണ്. സമീപസ്ഥനായ ഒരു വിദേശ സഭാമേലദ്ധ്യക്ഷന്റെ മേൽക്കോയ്മ സ്വീകരിക്കുകയും അദ്ദേഹത്തെ സംരക്ഷിക്കുകയും ചെയ്യുന്ന കാര്യം ക്ഷിപ്രസാദ്ധ്യമല്ല. കൂടാതെ ഒരു വിദേശിയെ മലങ്കരയിലെ ഒരു കൂട്ടായ്മയുടെ തലവനാക്കുന്നതു സംബന്ധിച്ച പ്രശ്നങ്ങളും രാഷ്ട്രീയതലത്തിൽ ഇല്ലാതില്ല. ആബൂദി മെത്രാന്റെ കാര്യം മറക്കാറായില്ലല്ലോ. എന്നാൽ മലയാളിയായ ഒരു മേൽപട്ടക്കാരനെ പാത്രിയർക്കീസായി അവരോധിക്കാൻ അധികം കടമ്പകളില്ല. ഏതാനും ദിവസങ്ങളോ, മണിക്കൂറുകളോ മതി.

കക്ഷിവഴക്ക്

അടിമത്തത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി വാദിക്കുന്ന ഏക സഭയിലെ രണ്ടു ചിന്താഗതിക്കാർ തമ്മിലുള്ള കക്ഷിവഴക്കിന്റെ ചരിത്രം നോക്കിയാൽ വലിയ കക്ഷിക്കാരായ പല നേതാക്കന്മാരും തങ്ങളുടെ മക്കളുടെ വിവാഹക്കാര്യം വരുമ്പോൾ കുക്ഷിപൂരണപ്രശ്നത്തിനു മുൻതൂക്കം നൽകുന്നതു കാണാനാവും. ചില നേതാക്കൾ തങ്ങളുടെ പെൺമക്കളെ സത്യവിശ്വാസത്തിനു പുല്ലുവില കൽപിക്കാതെ പണമുള്ള ഇതര സഭാവിഭാഗങ്ങളിലും കെട്ടിച്ചയയ്ക്കും. പ്രമാണവും പ്രവൃത്തിയും യോജിപ്പിച്ചു കൊണ്ടുപോകുന്ന പ്രമാണികൾ തുലോം ചുരുക്കം. സാധാരണക്കാരെ കക്ഷിവൈരത്തിൽ നിലനിറുത്തിക്കൊണ്ടാണു ഇവർ നേതൃത്വത്തിൽ വിലസുന്നത്.

എനിക്കറിയാവുന്ന ഒരു വൈദികന്റെ കാര്യം പറയട്ടെ. അദ്ദേഹം ശെമ്മാശനായി കോട്ടയം പഴയസെമിനാരിയിൽ വട്ടശ്ശേരിൽ തിരുമേനിയുടെ കീഴിൽ പഠിച്ചുകൊണ്ടിരുന്നു. മലങ്കരയുടെ ഭൗതികസ്വത്ത് എഴുതിക്കൊടുക്കാൻ വിസമ്മതിച്ചതിനെ തുടർന്നു ദ്രവ്യാഗ്രഹത്തിന്റെ പര്യായമായ അബ്ദള്ളാ പാത്രിയർക്കീസ് 1911–ൽ വട്ടശ്ശേരിൽ തിരുമേനിയെ മുടക്കുന്നു. കേട്ടമാത്രയിൽ കക്ഷിതിമിര ബാധിതനായ നമ്മുടെ ശെമ്മാശൻ പഠനം നിറുത്തി ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ അഭയം തേടുന്നു. പിന്നീട് അദ്ദേഹം വൈദികനായി ഒരു സ്കൂളിൽ അദ്ധ്യാപകജോലി സ്വീകരിച്ചു. ഗീവറുഗീസ് രണ്ടാമൻ കാതോലിക്കാ ബാവായെ ‘വൃദ്ധൻ പുന്നൂസ്’ എന്ന് പലവുരു ആക്ഷേപിക്കുകയും തന്റെ സ്കൂളിലെ നിരപരാധികളായ കുട്ടികളെ ഒരിക്കൽ ബാവായ്ക്കു നൽകപ്പെട്ട ഒരു വൻ സ്വീകരണവേളയിൽ അതിനെ അലങ്കോലപ്പെടുത്താൻ നിയോഗിക്കുകയും ചെയ്തു. വാശി മൂലം ലഹരി പിടിച്ച അച്ചൻ ഓർത്തഡോക്സ് സഭയ്ക്കു ചെയ്യാവുന്ന ദ്രോഹം എല്ലാം ചെയ്തു.

കാലങ്ങൾ കടന്നപ്പോൾ അച്ചന്റെ സമർത്ഥരായ പുത്രന്മാർക്ക് ഓർത്തഡോക്സ് സഭയിലെ സമ്പന്ന ജന്മിയായ ഒരു മുതലാളിയുടെയും തോട്ടം ഉടമയുടെയും നിർമ്മല മാനസരായ പെൺമക്കളെ ഭാര്യമാരായി കണ്ടുപിടിച്ചു. വമ്പിച്ച സ്ത്രീധനവും വാങ്ങി. കക്ഷിവഴക്കിനു ഏതാനും വർഷം ദീർഘകാല അവധിയും നൽകി. 1970–ൽ മാർത്തോമ്മായുടെ പട്ടം യാക്കൂബ് മൂന്നാമൻ പാത്രിയർക്കീസ് ‘വെട്ടിക്കളഞ്ഞ’പ്പോൾ നമ്മുടെ വാശിക്കാരനായ അദ്ധ്യാപകനച്ചൻ അങ്കമാലി ഭദ്രാസനാധിപനായിരുന്ന ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസിനെ പുകച്ചു പുറത്താക്കാനും കാറു കത്തിക്കാനും അണിയറയിലും അരംഗത്തും നിന്നു കക്ഷിത്വം നിലനിർത്തി.

മലങ്കരസഭയിലെ ഇരുകക്ഷികളും ഒരേ സഭയിലെ ഒരേ വിശ്വാസാചാരങ്ങളുള്ളവരാണെന്നും സഭാവിഭജനവാദം തെറ്റാണെന്നും കക്ഷിനേതാക്കൾക്കു തിട്ടമാണ്. തന്നിമിത്തം വിവാഹബന്ധത്തിനു കുഴപ്പമൊ

ന്നുമില്ല. ആരുടെ പണവും നല്ലതാണ്. എന്നാൽ കുറെ ആളുകളെ അടിമകളെപ്പോലെ എന്നും തങ്ങളുടെ ചൊൽപ്പടിയിലാക്കാൻ കക്ഷിവൈരം ആചന്ദ്രതാരം നിലനിർത്തണം. പാവപ്പെട്ട - എഴുത്തും വായനയും വേണ്ടത്ര ഇല്ലാത്ത - ഒരു വിഭാഗം ജനങ്ങളുടെ പിന്തുണ നേടാനാണ് കഴമ്പില്ലാത്ത കക്ഷിത്വം എന്ന യക്ഷിയെ കക്ഷത്തിൽ വച്ചുകൊണ്ടു നടക്കുന്നത്. കക്ഷിത്വ വിഷവിത്തു വിതച്ചു രാഷ്ട്രീയലാഭം കൊയ്യുന്നവരും മേൽപട്ടവേഷം ലഭിക്കുന്നവരും ഇന്നും ഒരപൂർവ്വ കാഴ്ചയല്ലല്ലോ. സഭാചരിത്രവും വിശ്വാസാചാരങ്ങളും ചില വൈദിക-അവൈദിക നേതാക്കളുടെ സ്വാർത്ഥ ലാഭപ്രധാനമായ വഞ്ചനകളും തട്ടിപ്പും പട്ടാപ്പകൽ പോലും നയിക്കുന്ന അധാർമ്മിക ജീവിതവും രക്തച്ചൊരിച്ചിലും സഭാംഗങ്ങൾ പഠിച്ചും കണ്ടും മനസ്സിലാക്കി തടയാത്ത കാലത്തോളം സഭയുടെ ഭാവി ഇരുണ്ടതാവും. കഴിഞ്ഞ നൂറ്റാണ്ടിന്റെ മധ്യത്തിൽ സഭയിൽ സമാധാനം ഉണ്ടാക്കുന്നതു സംബന്ധിച്ച ചർച്ചകൾ ആശാവഹമായി തുടരുന്നതിനിടയിൽ കോട്ടയത്തെ ഒരു നേതാവു പറഞ്ഞു, “ഞാനും എന്റെ മെത്രാനും സമ്മതിക്കുകയില്ല” എന്ന്. ഈ മെത്രാന്റെ പിൻഗാമി (ഇന്നും ജീവിച്ചിരിക്കുന്ന മേൽപട്ടക്കാരൻ) അദ്ദേഹത്തിന് എതിരെ നിയമനടപടികൾ സ്വീകരിച്ചു. ഒടുവിൽ കാലം ചെയ്തപ്പോൾ അദ്ദേഹത്തിന്റെ ശവസംസ്ക്കാരം തന്നെ കലാപത്തിൽ കലാശിച്ചു. കുഴിമാടത്തിനടുത്തുള്ള മലയും കുരിശും എല്ലാം ഈ ട്രാജഡിയുടെ നിത്യമൂക സാക്ഷികളായി നിലകൊള്ളുന്നു. ദൈവത്തെ ഭയവും മനുഷ്യനെ ശങ്കയുമില്ലാത്തവർക്കു വന്നു ഭവിക്കുന്ന ദുരന്തങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കും. തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും എന്ന വേദവാക്യത്തിന്റെ അർത്ഥം മനസ്സിലാക്കിത്തരാൻ വ്യാഖ്യാതാക്കൾ ആവശ്യമില്ലല്ലോ.

കഴിഞ്ഞ 11 ദശാബ്ദങ്ങൾക്കിടയിൽ മലങ്കരസഭയേയും പ. വട്ടശ്ശേരിൽ തിരുമേനി മുതൽ ഇന്നുവരെയുള്ള സിദ്ധരായ കാതോലിക്കാമാരെയും പലവിധത്തിൽ ശാരീരികമായും മാനസികമായും പീഡിപ്പിച്ചും സഭയുടെ സമ്പത്തു പാഴാക്കിയും സഭയുടെ വളർച്ചയെ തളർത്തുകയും ദൗത്യനിർവഹണത്തെ തടയുകയും ചെയ്ത എല്ലാ ഉന്നതമേൽസ്ഥാനികളും അഹങ്കാരികളായ നേതാക്കന്മാരും ജീവിതസാഗരത്തിലൂടെ നീന്തി ദുഃഖത്തിന്റെ ഉപ്പുവെള്ളം കുടിച്ചു മരിച്ചാണു അക്കരെ കടന്നത്. ഈ സത്യം മനസ്സിലാക്കിയ ഇന്നത്തെ തലമുറയിലെ അവരുടെ പിൻഗാമികൾ സഭയോടും പുണ്യചരിതരായ മേൽപട്ടക്കാരോടുമുള്ള സമരം തീക്കളിയാണെന്നു തിരിച്ചറിഞ്ഞു അകലം കാത്തു മാറിനിൽക്കുന്നതു അവർക്കും സഭയ്ക്കും അനുഗ്രഹ കാരണമാണെന്നു എടുത്തു പറയേണ്ടതുണ്ട്. പല സമ്പന്നരും കൊലക്കൊമ്പന്മാരുമായിരുന്ന സഭാസമര നേതാക്കളും ഇന്നു വെറും ഓർമ്മ മാത്രം.

വേദപുസ്തകത്തിൽ പരാമർശിക്കുന്ന പല അനിഷ്ട സംഭവങ്ങളും അക്രമങ്ങളും ക്രൂരമായ അധാർമ്മിക പ്രവൃത്തികളും അതു വായിക്കുന്നവർ അവ അനുസരിക്കരുതെന്നുള്ള സന്ദേശമാണു നൽകുന്നതെ

ന്നോർക്കണം. ഇതുതന്നെയാണു സഭയെ ദ്രോഹിച്ചു കടന്നുപോയവരുടെ ദുഷ്ചെയ്തികളും പിൻഗാമികൾക്കു നൽകുന്ന തങ്കപ്പെട്ട സന്ദേശം.

മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച മലങ്കരസഭ ഇരുപതു ശതാബ്ദങ്ങൾക്കിടയിൽ കടന്നുപോയ പ്രയാസങ്ങൾക്കും പ്രതിബന്ധങ്ങൾക്കും പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും പീഡനങ്ങൾക്കും കേസുകൾക്കും കണക്കില്ല. കേരളത്തിലെ അടിയുറച്ച ഹൈന്ദവ സംസ്ക്കാരങ്ങൾക്കോ കൊള്ളക്കാരെപ്പോലെ കടന്നുവന്ന വിദേശ ശക്തികളായ പോർട്ടുഗീസുകാർ, ഡച്ചുകാർ, ഫ്രഞ്ചുകാർ, ബ്രിട്ടീഷുകാർ എന്നിവർക്കോ 19-ാം നൂറ്റാണ്ടിൽ അധികാരത്തിനും സ്വത്തിനും വേണ്ടി വന്ന തത്വദീക്ഷയറ്റ സിറിയൻ ഓർത്തഡോക്സ് പാത്രിയർക്കീസന്മാർക്കോ ഇരുപതാം നൂറ്റാണ്ടിൽ വഞ്ചനയ്ക്കു വെഞ്ചരിപ്പിന്റെ പരിവേഷം ചാർത്തി സഭയുടെ പല വിദ്യാലയങ്ങളും ചില പള്ളികളും സ്വത്തുക്കളും പരുമല സെമിനാരിയിലെ പണവും തട്ടിക്കൊണ്ടുപോയ റീത്തു കൂട്ടായ്മയുടെ നേതാക്കന്മാർക്കോ മലങ്കരസഭയുടെ സ്വത്തിനേയും സ്വത്വത്തേയും വളരെയധികം നശിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. വർഷംതോറും കേരള കോൺഗ്രസ് പാർട്ടി പിളർന്നു വരുന്നതുപോലെ മലങ്കരസഭയിൽ നിന്നു ഒട്ടധികം കൂട്ടായ്മകൾ രൂപം കൊണ്ടിട്ടുണ്ട്. ഇവ സഭയെന്ന ലേബലിൽ അക്രൈസ്തവരുടെ ഇടയിൽ അറിയപ്പെടുന്നു എങ്കിലും സഭയുടെ നിർവ്വചനത്തിൽ വരാത്തതുകൊണ്ട് ഈ സംഘടനകൾ വെറും കൂട്ടായ്മകൾ മാത്രമാണ്. വിശ്വകർമ്മസഭ, ധീവരസഭ, നിയമസഭ എന്നിവയെല്ലാം സഭകൾ ആണല്ലോ. നേതൃത്വം, ധനം, സ്ഥാനം എന്നിവയെ മുൻനിറുത്തി വ്യക്തികൾ സ്ഥാപിക്കുന്ന സംഘടനകൾക്കു 'സഭ' എന്ന പേരിന് അർഹതയില്ല. മൽപാനും, തങ്കനും, ചാക്കോയ്ക്കും, വിദ്വാനും, യോഹന്നാനും, പാസ്റ്റർക്കും എല്ലാം ഇത്തരം സഭകൾ സ്ഥാപിക്കാൻ സ്വാതന്ത്ര്യമുണ്ട്. വിദേശങ്ങളിൽ നിന്നു പല മാർഗ്ഗങ്ങളിലൂടെ ഡോളറും യൂറോയും, ദിനാറും എല്ലാം ലഭിക്കുന്നതിനു ചില കൂട്ടായ്മകൾ കൂടിയേ തീരൂ. നൂറു ഡോളർ കിട്ടിയാൽ പത്തു ഡോളർ വിശ്വാസികൾക്കായി ചെലവഴിക്കും. തൊണ്ണൂറും കാൽപാദം വരെ നീണ്ടുകിടക്കുന്ന ജുബ്ബയുടെ കീശയിൽ വീഴും. വേല ചെയ്യാതെ ജീവിക്കാനുള്ള ഈ 'വേല'യെ ചിലർ 'സുവിശേഷ വേല' എന്നു വിശേഷിപ്പിക്കുമ്പോൾ ആ വാക്കിന്റെ അർത്ഥം മുഴുവൻ കീശയിലൂടെ ചോരുകയാണ്.

യഹോവയുടെ ദാസനായ മോശയുടെ നേതൃത്വത്തിൽ 40 വർഷം വേണ്ടിവന്ന മരുഭൂപ്രയാണത്തിനുശേഷം ഇസ്രയേൽ ജനത പാലും തേനും ഒഴുകുന്ന കനാനിലേക്കു യോശുവായുടെ നേതൃത്വത്തിൽ കടന്നതുപോലെയാണു വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ കാതോലിക്കാബാവാ മുതലായവരുടെ സമർത്ഥമായ നേതൃത്വത്തിൽ മലങ്കരസഭ ഇന്ന് അക്ഷരാർത്ഥത്തിൽ പുരോഗതിയുടെ പച്ചമേച്ചിലിൽ കടന്നിരിക്കുന്നത്. സത്യവിശ്വാസവും ഭരണഘടനയും മുപ്പതു ഭദ്രാസനങ്ങളും ആയിരത്തിഅഞ്ഞൂ

റോളം ഇടവകകളും സമർത്ഥരും അഭ്യസ്തവിദ്യരുമായ ശതക്കണക്കിനു വൈദികരും രണ്ടു സമുന്നത വൈദിക സെമിനാരികളും ഒട്ടധികം മികച്ച വിദ്യാലയങ്ങളും പ്രശസ്തമായ കോളജുകളും എൻജിനീയറിംഗ് – മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും ആശുപത്രികളും ആശ്രമങ്ങളും മിഷൻ കേന്ദ്രങ്ങളും മറ്റുമുള്ള സഭ എത്രയോ ധന്യമാണ്. കലഹങ്ങളുടെ കാലം കഴിഞ്ഞു. ദിശാബോധത്തോടെ സഭ ഇന്ന് എല്ലാ രംഗങ്ങളിലും മുന്നേറുന്നു. സാത്താന്യശക്തികൾ ചില പോക്കറ്റുകളിൽ കുത്തിത്തിരിപ്പും കുത്തിയിരിപ്പും സംഘടിപ്പിക്കുന്നുണ്ടെങ്കിലും അതൊന്നും സഭ ഗണ്യമാക്കുന്നതേയില്ല. സഭയുടെ ശക്തികേന്ദ്രങ്ങളായ അംഗങ്ങളിൽ ഒരു നല്ല ശതമാനം അവരുടെ ഭൂസ്വത്തു കൂടി കണക്കിലെടുത്താൽ കോടീശ്വരന്മാരാണ്. അഞ്ചും ആറും അക്കങ്ങളുള്ള പ്രതിമാസ ശമ്പളവും വരുമാനവും ലഭിക്കുന്നവരുടെ എണ്ണം എണ്ണാനാവാത്തവിധം കൂടുതലാണ്. കോടീശ്വരന്മാരായ ഒട്ടധികം വ്യവസായികളും മലങ്കരസഭയിൽ ഉണ്ടെന്നു പറയുന്നതിൽ അഭിമാനമുണ്ട്. നെടുമ്പാശ്ശേരി വിമാനത്താവള കമ്പനിക്കുവേണ്ടി ഒരു കോടിയും അരക്കോടിയും നൽകിയവരും ഈ സമൂഹത്തിൽ ഉയർന്നു പറക്കുന്നു. ബിരുദധാരികളില്ലാത്ത വീടുകളില്ലെന്നു പറയാം. ഭൂരിപക്ഷ സമുദായങ്ങളിലുള്ള സ്ത്രീകളേക്കാൾ ലോകമെങ്ങുമുള്ള എല്ലാ സേവനരംഗങ്ങളിലും വിശിഷ്യ ആരോഗ്യമേഖലകളിൽ മലങ്കര സഭയിലെ വനിതാരത്നങ്ങൾ തിളങ്ങി ശോഭിക്കുന്നു. ആറക്ക ശമ്പളം വാങ്ങി നാടിനേയും കുടുംബത്തേയും അവർ സഹായിക്കുന്നു. മിഷൻ കേന്ദ്രങ്ങളിലൂടെ മതഭേദമെന്യേ ശതക്കണക്കിനു പാവപ്പെട്ട ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വളർന്നു വരാനായി സഭാംഗങ്ങൾ കോടികൾ ചെലവഴിക്കുന്നു. ഇന്ത്യയിലെ ഏറ്റവും മികച്ച എയ്ഡ്സ് രോഗ നിവാരണ ആശുപത്രി മലങ്കരസഭ വകയാണ്. തൂംകൂർ ദയാഭവന്റെ കീഴിലാണത്.

വിദേശ സഹായം ഒന്നും കൂടാതെ മലങ്കരസഭയ്ക്കു മുന്നേറാൻ കഴിയുന്നു. സഭാംഗങ്ങൾ പഴയനിയമ കാലത്തെപ്പോലെയും ആദ്യ നൂറ്റാണ്ടുകളിലെപ്പോലെയും ദശാംശം സഭയ്ക്കു നൽകുന്ന ഏർപ്പാട് പുനസ്ഥാപിച്ചാൽ കേരളത്തിൽ പറുദീസാ സ്ഥാപിക്കാനാവും. ഒറ്റ ദിവസം കൊണ്ടു കാതോലിക്കാ ദിനപ്പിരിവായി അഞ്ചു കോടി രൂപ ശേഖരിക്കാൻ കഴിവുള്ള ഏതെങ്കിലും സഭയോ കൂട്ടായ്മകളോ ഇന്നു കേരളത്തിൽ ഇല്ലെന്നു തറപ്പിച്ചു പറയാം. പല പ്രൊട്ടസ്റ്റന്റു പെന്തക്കോസ്തു വിഭാഗങ്ങൾ കഷ്ടപ്പെടുന്ന ജനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുമെന്നു പറയുന്നതല്ലാതെ മറ്റു സഹായങ്ങൾ ഒന്നും ചെയ്യാറില്ല. രോഗികൾക്കു പ്രാർത്ഥനയോടൊപ്പം ചികിത്സയും വേണമെന്ന കാര്യം അവർ വിസ്മരിക്കുന്നു. രോഗികൾ മരണാസന്നരാകുന്നതുവരെ അവർ പ്രാർത്ഥിക്കും. ഒടുവിൽ വിശ്വാസം രക്ഷിക്കാതെ ഗത്യന്തരമില്ലാതെ വരുമ്പോൾ ആശുപത്രിയിൽ കൊണ്ടുപോകും. അവരിൽ പലരും അവിടെ വച്ചു മരിക്കും. പല പാസ്റ്റർമാരും വൈദ്യനായ ലൂക്കോസിനെ കൂടെ കൊണ്ടുനടന്ന സെന്റ് പോളിനേക്കാൾ കേമന്മാരാണെന്നത്രെ ഭാവിക്കുന്നതും പ്രസംഗിക്കുന്നതും!!

ഒരു ചരിത്രസത്യം കൂടി പറഞ്ഞുകൊണ്ട് ഈ പ്രകരണം അവസാനിപ്പിക്കുകയാണ്. ക്രിസ്തുവിനു വളരെ മുമ്പുതന്നെ കേരളത്തിലെ പലവിധ സമ്പത്തുകളും സുഗന്ധവ്യഞ്ജനങ്ങളും ചന്ദനവും തേക്കും ഈട്ടിയും മറ്റും ശലോമോനും അറബികളും യഹൂദന്മാരും പല യൂറോപ്യൻ രാജ്യക്കാരും കുറഞ്ഞവിലയ്ക്കു വാങ്ങിയും കൊള്ളയടിച്ചും കൊണ്ടുപോയിട്ടുണ്ട്. എന്നിട്ടും കേരളത്തിന്റെ സമ്പത്ത് അനുദിനം വർദ്ധിക്കുകയാണ്. സൂര്യൻ എത്ര ഉഗ്രപ്രതാപശാലിയാണെങ്കിലും അതിന്റെ തീക്ഷ്ണകിരണങ്ങൾക്ക് ആഴിയിലെ വെള്ളത്തിന്റെ അര ശതമാനം പോലും വറ്റിക്കാനാവില്ലല്ലോ. ഈ ആശയം വ്യക്തമാക്കുന്ന നാലു വരികൾ മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യരുടെ പ്രശസ്ത മഹാകാവ്യമായ 'ഉമാകേരള'ത്തിൽ നിന്ന് ഉദ്ധരിക്കട്ടെ.

"ഓരോ വിദേശമമരും വണിഗീശരെത്ര
പേരോ കടന്നിവിടെയുള്ള ധനം കവർന്നു
ആരോമലാമിതിനു താഴ്ചയശേഷമില്ല
സൂരോഗ്ര രശ്മികളുമാഴിയൊടെന്തെടുക്കും."

മലങ്കരസഭയെ സംബന്ധിച്ചും ഈ കവിതയിലെ ആശയം പ്രസക്തമാണ്. മലങ്കരസഭയുടെ ഒട്ടധികം സ്വത്തുക്കൾ വൈദേശിക സഭകൾ കവർന്നു കൊണ്ടുപോയി. ചിലർ സ്നേഹം നടിച്ചു സ്വത്തുക്കൾ തട്ടിയെടുത്തു. നാം തന്നെ ചില വിദേശ സഭകളിലെ പൂച്ചസന്യാസികൾക്കു സ്വർണ്ണവടികളും സ്വർണ്ണക്കുരിശുകളും പവനും നൽകി. സഭയുടെ സമ്പദ്ഘടനയുടെ ഒരു കല്ലിനെപ്പോലും ഇളക്കാൻ സമ്പത്തു മോഷ്ടാക്കൾക്കു കഴിഞ്ഞിട്ടില്ല. കാരണം മലങ്കരസഭയുടെ ഉറക്കമില്ലാത്ത ഉണർവുള്ള കാവൽക്കാരൻ ദൈവവും മാർത്തോമ്മാ ശ്ലീഹായുമാണെന്നു ഊണിലും ഉറക്കത്തിലും നാം വിശ്വസിക്കുന്നതാണ്.

വട്ടശ്ശേരിൽ തിരുമേനിയെ വെട്ടിവീഴ്ത്തണമെന്നാഗ്രഹിച്ചു മുടക്കാൻ ചൂട്ടുപിടിച്ചു കൊടുത്ത കോനാട്ടു മാത്തൻ മൽപാനും അക്കര സി. ജെ. കുര്യനും സമർത്ഥരും പൊതുസഭാ ജീവിതമേഖലകളിൽ പ്രശസ്തരും ഉന്നതസ്ഥാനങ്ങൾ അലങ്കരിച്ചിട്ടുള്ളവരുമാണ്. മലങ്കര മെത്രാപ്പോലീത്തായെ പഴയസെമിനാരിയിൽ നിന്ന് ഇറക്കിവിട്ട് സെമിനാരി കൈവശപ്പെടുത്താനാവും എന്ന ചിന്തയോടെയാണു മുടക്കെന്ന വാൾ പ്രയോഗിക്കാൻ പാത്രിയർക്കീസിനെ പ്രേരിപ്പിച്ചത്. മുടക്കു കൽപനയോടൊപ്പം 14 രൂപ സ്റ്റാമ്പൊട്ടിച്ച ഒരപേക്ഷ സർക്കാരിൽ കൊടുത്താൽ വടി, മുടി, സ്ലീബാ എന്നിവ വച്ചൊഴിഞ്ഞു പോകാൻ ഉത്തരവു ലഭിക്കുമെന്നു സി. ജെ. കുര്യൻ വിശ്വസിച്ചിരുന്നു. നിയമത്തിന്റെ ബാലപാഠങ്ങൾ പോലും പഠിക്കാതിരുന്ന മൽപാനും കുര്യനും കുഴഞ്ഞുപോയി.

ഇതിനകം സഭാസമാധാനം ഉണ്ടായി കാണാൻ തനിക്കു യോഗമില്ലെന്നു മാത്തൻ മൽപാനു തോന്നിയതിനെ തുടർന്ന് അദ്ദേഹം കിടപ്പിലായി. രോഗം കൂടിയപ്പോൾ വട്ടശ്ശേരിൽ തിരുമേനിയെ നേരിട്ടു കണ്ടു ക്ഷമാപണം നടത്താൻ മൽപാനച്ചൻ ആഗ്രഹിച്ചു. മെത്രാപ്പോലീത്താ

പാമ്പാക്കുടയിൽ തന്റെ സഹപ്രവർത്തകനായിരുന്ന മൽപാനെ നേരിട്ടു ചെന്നു കാണ്മാനുള്ള തീയതി നിശ്ചയിച്ചു. കൊല്ലവർഷം 1103 തുലാം 22-ലെ (1927 നവംബർ 8) തിരുമേനിയുടെ ഡയറിക്കുറിപ്പിൽ ഇങ്ങനെ കാണുന്നു:

"ഇന്നു ഉച്ചകഴിഞ്ഞു മലങ്കര മൽപാൻ കോനാട്ടു മാത്തൻ കോറെപ്പിസ്കോപ്പാ മരിച്ചുപോയതായി അറിഞ്ഞു. മൽപാന് നമ്മെ കാണണമെന്ന് അപേക്ഷിച്ചിരുന്നതനുസരിച്ചു നാളെ കഴിഞ്ഞു വ്യാഴാഴ്ച പോകുവാൻ ഇരിക്കുകയായിരുന്നു. മരിച്ചു എന്നു കേട്ടതിനാൽ പോകേണ്ടെന്നു തീരുമാനിച്ചു."

തിരുമേനിയോടു ചെയ്തതും പറഞ്ഞതുമായ തെറ്റുകൾക്കു ക്ഷമ ചോദിച്ചു പാപമോചനം നേടി ദൈവമുമ്പാകെ ചെല്ലാനുള്ള മൽപാന്റെ അന്ത്യശ്രമവും വിഫലമായി. മാതൃകാജീവിതം നയിക്കാതിരുന്ന ഒരു വൈദേശിക മഹാപുരോഹിതനുവേണ്ടി കുര്യന്റെ പ്രേരണയാൽ വെള്ളം കോരുകയും വിറകുവെട്ടുകയും ചെയ്തതിൽ മൽപാനു ദുഃഖം ഉണ്ടായിരുന്നിരിക്കണം.

വാൽക്കഷണം

മൽപ്പാൻ മരിച്ചശേഷം വട്ടിപ്പണക്കേസിൽ റിവിഷൻ പെറ്റീഷന്റെ വിധി ചീഫ് ജസ്റ്റീസ് ചാറ്റ്ഫീൽഡ് അടങ്ങുന്ന ഫുൾ ബെഞ്ച് പ്രസ്താവിച്ചു. റിവിഷൻ അനുവദിച്ചുകൊണ്ടും ജി. ശങ്കപ്പിള്ളയുടെ ഡിസ്ട്രിക്ട് കോർട്ട് വിധി അപ്പാടെ സ്വീകരിച്ചുകൊണ്ടുമായിരുന്നു വിധി. മൽപ്പാൻ ഭയപ്പെട്ടിരുന്നപോലെ കോടതിച്ചെലവ് കൊടുക്കാൻ മൽപ്പാനും ബാദ്ധ്യസ്ഥനായി വന്നു. മൽപ്പാൻ അന്തരിച്ചപ്പോൾ അദ്ദേഹത്തിന്റെ വീട്ടുകാർക്ക് കോടതിച്ചെലവ് സംഖ്യ കെട്ടിവെക്കേണ്ട ഭാരം വലിയ പ്രശ്നമായി. മൽപ്പാന്റെ മകൻ (പിന്നീട് മലങ്കര മൽപാൻ കോനാട്ട് അബ്രഹാം കത്തനാർ) അന്ന് വളരെ ചെറുപ്പമായിരുന്നു. അദ്ദേഹം ഔഗേൻ മാർ തീമോത്തിയോസ് തിരുമേനിയുടെ കീഴിൽ സുറിയാനി പഠിക്കുന്ന കാലം. മൽപ്പാന്റെ സഹധർമ്മണി മകനേയും കൂട്ടി വട്ടശ്ശേരിൽ തിരുമേനിയെ പഴയസെമിനാരിയിൽ പോയി കണ്ട് കോടതിച്ചെലവ് സംഖ്യ ഇളച്ച് തരേണമെന്ന് കണ്ണുനീരോടുകൂടി അപേക്ഷിച്ചു. വിശാലമനസ്കനായ തിരുമേനി അപേക്ഷ സ്വീകരിച്ച് അവരെ ആശ്വസിപ്പിച്ച് യാത്രയാക്കി.

സി. ജെ. കുര്യന്റെ അന്ത്യകാലം

കെ. സി. മാമ്മൻ മാപ്പിള എഴുതുന്നു: മെത്രാൻ പക്ഷക്കാർ തോറ്റതിന്റെ ഗുണം പ്രായോഗികമായി ആസ്വദിക്കുന്നതിൽ നേരിട്ട സാഹചര്യ പരിവർത്തനങ്ങൾ സി. ജെ. കുര്യനെ അവസാനഘട്ടത്തിൽ ബാധിച്ചതിനു ദൃഷ്ടാന്തമായി ഒരു സംഭവകഥ കേട്ടിട്ടുണ്ട്. കോഴിമണ്ണിൽ ദിവാൻ ബഹദൂർ വി. വറുഗീസിന്റെ അനുജനും കോട്ടയത്ത് സർക്കാർ വക്കീലുമായിരുന്ന തോമസ് വറുഗീസ് പറഞ്ഞു കേട്ടതാണ്.

ട്രോപ്പിക്കൽ പ്ലാന്റേഷൻസ് കമ്പനി സംബന്ധിച്ച് പാലാമ്പടം പി. ടി.

തോമസ് വക്കീലും പി. എം. മാണിയും തമ്മിലുണ്ടായ തർക്കത്തിൽ ഡോ. വറുഗീസ് ആലപ്പുഴയിലെ പ്രസിദ്ധ വക്കീലായിരുന്ന കൃഷ്ണയ്യ ങ്കാർ, സി. ജെ. കുര്യൻ ആദിയായവർ മാണിയുടെ വശത്തായിരുന്നു. ഒരിക്കൽ കമ്പനിയുടെ ഡയറക്ടർ ബോർഡ് മീറ്റിംഗ് ആലപ്പുഴ ടി.ബി. യിൽ കൂടി. അതിൽ സംബന്ധിക്കാൻ വന്ന ഡയറക്ടർമാരുടെ കൂട്ടത്തിൽ ഡോ. വറുഗീസും, സി. ജെ. കുര്യനും ഉണ്ടായിരുന്നു. ചെറുപ്പത്തിൽ അവരിരുവരും സഹപാഠികളായിരുന്നു. വർഷങ്ങൾ കുറെയധികം കഴി ഞ്ഞിട്ടാണ് ഇരുവരും കണ്ടുമുട്ടുന്നത്. ആദ്യകാലത്ത് നല്ല പ്രസരിപ്പും ആരോഗ്യസൗഷ്ഠവവും തികഞ്ഞിരുന്ന കുര്യൻ അപ്പോഴേയ്ക്കു ശരീ രവും മനസ്സും ക്ഷീണിച്ച് അവശനായി കാണപ്പെട്ടു. ഇത്ര ക്ഷീണിച്ചതി നെന്തു കാരണം എന്ന് ഡോക്ടർ വറുഗീസ് ചോദിച്ചപ്പോൾ, സമുദായ ക്കേസുകളും വഴക്കുകളും കൊണ്ട് തന്റെ ശരീരത്തിനും മനസ്സിനുമു ണ്ടായിട്ടുള്ള ക്ലേശങ്ങളാണ് ഇതിനു കാരണമെന്നും തനിക്ക് അപാരമായ ക്ഷീണം തോന്നുന്നുവെന്നും സി. ജെ. കുര്യൻ പറഞ്ഞു. തന്റെ ആരോ ഗ്യസ്ഥിതി പരിശോധിച്ച് ഒരു വിദഗ്ദ്ധാഭിപ്രായം പറയണമെന്നും ഡോക്ട റോട് അപേക്ഷിച്ചു. ഡോക്ടർ അപ്പോൾ തന്നെ അദ്ദേഹത്തെ പരിശോ ധിച്ചിട്ട് രഹസ്യമായി പറഞ്ഞു. “കൊച്ചുകുഞ്ഞേ (അതായിരുന്നു സി. ജെ. കുര്യന്റെ ഓമനപ്പേര്) ഉള്ളതു പറയട്ടെ, കൊച്ചുകുഞ്ഞിന് ഇനി അധികം ആയുസ്സുള്ള ലക്ഷണം കാണുന്നില്ല. ഇനിയെന്തിനാണ് കൊച്ചു കുഞ്ഞേ, ഈ സമുദായ വഴക്കും വയ്യാവേലിയുമൊക്കെ തുടരുന്നത്? ഈ അവസാനകാലത്തെങ്കിലും അതു മതിയാക്കി സ്വസ്ഥമായി ഇരിക്കൂ.”

ഈ വഴക്ക് എങ്ങനെയെങ്കിലും അവസാനിപ്പിക്കാൻ ഏതു വിട്ടു വീഴ്ചയ്ക്കും താൻ തയ്യാറാണെന്നും കേസിനുവേണ്ടി താൻ ചെലവാ ക്കിയ വലിയ തുക കിട്ടിയാൽ സകല വഴക്കും വിട്ടുമാറാം എന്നും സി. ജെ. മറുപടി പറഞ്ഞു. ഡോക്ടർ, “മെത്രാപ്പോലീത്താ ആ തുകയും അതിലപ്പുറവും തരാൻ സമ്മതിച്ചു എന്നും കൊച്ചുകുഞ്ഞാണ് അതിൽ വിസമ്മതം കാണിച്ചതെന്നും ആണല്ലോ ഞാൻ കേട്ടത്.”

ഡോക്ടർ കേട്ടതു ശരിയാണെന്നു പശ്ചാത്താപസൂചകമായി സമ്മതം മൂളി. ഡോക്ടർ, മെത്രാപ്പോലീത്തായോടു പറഞ്ഞാൽ കാര്യം ഇപ്പോ ഴെങ്കിലും തീരും എന്നുള്ളതുകൊണ്ട് ഡോക്ടറോട് അങ്ങനെ ചെയ്യാൻ അപേക്ഷിച്ചു. ഡോക്ടർ അത് ഏറ്റു. നിർഭാഗ്യവശാൽ, കൊച്ചിയിലെ ചീഫ് മെഡിക്കൽ ഓഫീസറും മഹാരാജാവിനെ ദിവസേന പരിശോധി ക്കേണ്ട ചുമതലയുള്ള ആളും എന്ന നിലയ്ക്ക് ഡോ. വറുഗീസിനു മെത്രാ പ്പോലീത്തായെ ചെന്നു കാണുവാൻ അന്നൊന്നും അവസരം ലഭിച്ചില്ല.

അപ്പോഴേക്കും സി. ജെ. കുര്യൻ ചിന്തിക്കാനും സംഭാഷണം ചെയ്യാനും അസാധ്യമായവിധത്തിൽ ആസന്നമരണനായിക്കഴിഞ്ഞിരുന്നു.

തൃക്കുന്നത്തു സെമിനാരിക്കു നേരെ നീചമായ തീവ്രവാദി ആക്രമണവും 'സമരക്കുർബ്ബാന'യും

ദേവാലയ പ്രവേശനപ്പെരുന്നാളായ ഫെബ്രുവരി രണ്ടാം തീയതി വെളു പ്പിനു ആറാം യാമം കഴിഞ്ഞ് ഒരു സംഘം തീവ്രവാദികൾ കേരളത്തിലെ യാക്കോബായ വിഭാഗ നേതാവിന്റെ നേതൃത്വത്തിൽ ആലുവാതൃക്കു ന്നത്തു പള്ളി കമ്പിവടികൾ കൊണ്ടും മറ്റും അടിച്ചു തകർത്ത് അകത്തു കയറി 'സമരക്കുർബ്ബാന' നടത്തിയ സംഭവത്തെ യാക്കോബായ വിഭാ ഗത്തിലെ നീതിബോധമുള്ള സകലരും ഇതര സമൂഹങ്ങളെ പ്പോലെ അപലപിക്കുകയാണ്. ആസൂത്രിതമായും വളരെ രഹസ്യമായും നടത്തിയ ഈ കടന്നാക്രമണം കോട്ടയത്ത് രണ്ടാം തീയതി അതിഗംഭീരമായി നട ത്തിയ പഴയസെമിനാരിയുടെ ദ്വിശതാബ്ദി ആഘോഷം അലങ്കോലപ്പെ ടുത്താനുള്ള ഒരു ഹീനകൃത്യത്തിന്റെ ഭാഗമായിരുന്നു. പക്ഷേ, അറസ്റ്റും അടിയും മർദ്ദനവും കൊണ്ട് എല്ലാം കുളമായി. സെമിനാരി മാനേജരാ യ ഫാ. ജേക്കബ് തോമസിനെ ഒരു മെത്രാൻ വേഷധാരി 'വിശുദ്ധ (അ) പാദം' കൊണ്ടു തൊഴിച്ചു താഴെയിട്ടു. പോലീസിന്റെ ലാത്തിയും തോക്കു കളും ഏതാനും വേഷധാരികളായ സ്ഥാനികളുടെ ശരീരത്ത് അറിയാതെ മുട്ടുകയോ തട്ടുകയോ ചെയ്തിട്ടുണ്ടെന്നു പറയപ്പെടുന്നു. 'അസ്വസ്ഥത പ്രകടിപ്പിച്ച' നേതാവിനെയും അടിയേറ്റ് അവശനായ ഓർത്തഡോക്സ് സഭാ വൈദികനെയും ആശുപത്രിയിലാക്കി. ഇതു സംബന്ധിച്ചു വ്യക്ത തകൾ നൽകുന്ന 'മാധ്യമ'ത്തിന്റെ ഫെബ്രുവരി രണ്ടിലെ വാർത്ത ഇതോടൊപ്പം ചേർക്കുന്നു.

തൃക്കുന്നത്തു സെമിനാരിപ്പള്ളി കമ്പിവടി കൊണ്ടു തകർത്ത് വെളുപ്പാൻകാലത്ത് സമരക്കുർബ്ബാന നടത്തി!!

ആലുവാ: തർക്കത്തെ തുടർന്ന് പതിറ്റാണ്ടുകളായി പൂട്ടിക്കിടക്കുന്ന ആലുവ തൃക്കുന്നത്ത് സെമിനാരി പള്ളിയിൽ ഫെബ്രു. ഒന്നിന് അർധ രാത്രിക്ക് ശേഷം അതിക്രമിച്ചു കയറി കുർബ്ബാന നടത്തിയ യാക്കോ ബായ കാതോലിക്കാ തോമസ് പ്രഥമൻ അടക്കം 104 പേരെ പോലീസ് അറസ്റ്റു ചെയ്ത് നീക്കി.

മെത്രാപ്പോലീത്താമാരും വൈദികരും ഉൾപ്പെടെയുള്ള സംഘം ആയു ധനങ്ങളുമായെത്തി ഗേറ്റിന്റെയും വാതിലിന്റെയും പൂട്ടുകൾ തകർത്ത് അകത്ത് പ്രവേശിക്കുകയായിരുന്നു. ആലുവാ പോലീസ് സ്റ്റേഷന്റെ നേരെ

എതിർവശത്തുള്ള പള്ളിയിലേക്ക് കാതോലിക്കാ കാറിലും മറ്റുള്ളവർ ആംബുലൻസിലും വിവിധ വാഹനങ്ങളിലുമായി ശനിയാഴ്ച പുലർച്ചെ മൂന്നോടെ എത്തി പള്ളിയുടെ ഉൾവശം വൃത്തിയാക്കിയ ശേഷം പ്രാർത്ഥന നിർവഹിക്കുകയുമായിരുന്നു. ആദ്യം ഒരു മെത്രാനും വൈദികരും കുറച്ച് വിശ്വാസികളുമാണ് പള്ളിക്കു മുന്നിൽ എത്തിയത്. മുൻവശത്തെ പൂട്ടു തകർത്ത് ഇവർ അകത്തു കടന്നതോടെ പുറത്ത് തമ്പടിച്ച വിശ്വാസികളും വൈദികരും ഉൾപ്പെടെ ഉള്ളിൽ കയറി. ഇതിന് പിന്നാലെയാണ് കാതോലിക്കാ എത്തിയതും നേതൃത്വം നൽകിയതും എന്നാണ് വിവരം. പള്ളി, അകത്തു നിന്ന് പൂട്ടിയ ശേഷമായിരുന്നു പ്രാർത്ഥന. കമ്പിവടികളുമായെത്തിയ സംഘം പഴവർഗ്ഗങ്ങൾ, അരി, ബ്രഡ്, നൂറുകണക്കിന് ലിറ്റർ വെള്ളം എന്നിവയും കരുതിയിരുന്നു. ഇവയൊക്കെ ആംബുലൻസുകളിലായാണ് എത്തിച്ചത്. പ്രാർത്ഥന കഴിഞ്ഞ് മണിക്കൂറുകൾക്ക് ശേഷമാണ് പോലീസ് വിവരം അറിയുന്നത്. ബഹളം കേട്ട് എത്തിയ ഓർത്തഡോക്സ് വൈദികൻ പോലീസിനെ ഫോണിൽ വിളിച്ച് അറിയിക്കുകയായിരുന്നു. പള്ളിക്ക് സമീപത്തെ ചാപ്പലിൽ ഉറങ്ങിയ ഓർത്തഡോക്സ് വൈദികനും ട്രസ്റ്റ് മാനേജരുമായ ഫാ. യാക്കോബ് തോമസിന് അതിനിടെ മർദനമേറ്റു. ഇദ്ദേഹത്തെ കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഡിവൈ.എസ്.പി. സനൽകുമാറിന്റെ നേതൃത്വത്തിൽ സ്ഥലത്തെത്തിയ പോലീസ് സംഘം ഒരു മണിക്കൂറിലേറെ പണിപ്പെട്ട് കാതോലിക്കായെ ഉൾപ്പെടെ അറസ്റ്റു ചെയ്ത് നീക്കുകയായിരുന്നു. പിന്നാലെ പോലീസ്, പള്ളി വീണ്ടും പൂട്ടി മുദ്ര വച്ചു. അതിനിടെ ദേഹാസ്വാസ്ഥ്യം പ്രകടിപ്പിച്ച കാതോലിക്കായെ ഇടപ്പള്ളിയിലെ സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റി. വെള്ളിയാഴ്ച വൈകുന്നേരം യാക്കോബായ നേതൃത്വം, ആസ്ഥാനത്ത് യോഗം ചേർന്ന് തൃക്കുന്നത്ത് പള്ളിയിൽ പ്രവേശിക്കാൻ തീരുമാനിച്ചതായാണ് വിവരം. അതീവ രഹസ്യമായിട്ടായിരുന്നു ഇത്. ആലുവ പ്രദേശത്തെ വിശ്വാസികളെ വിവരം അറിയിച്ചിരുന്നില്ല. മറ്റ് മേഖലയിലുള്ളവരോട് രാത്രി 11-നകം പുത്തൻകുരിശിലെ ആസ്ഥാനത്ത് എത്താനായിരുന്നു നിർദേശം. പുറമെ മെത്രാന്മാരായ ഫാ. ഏലിയാസ് മാർ അത്താനാസിയോസ്, ഫാ. മാത്യൂസ് മാർ അന്തിമോസ്, ഫാ. കുര്യാക്കോസ് മാർ യൗസേബിയോസ്, യാക്കോബ് മാർ അന്തോണിയോസ്, ഏലിയാസ് മാർ യൂലിയോസ്, സഭാ ട്രസ്റ്റി തമ്പു ജോർജ് തുകലൻ എന്നിവരുടെ നേതൃത്വത്തിൽ സ്ത്രീകളടക്കമുള്ളവരാണ് കുർബ്ബാനയിൽ പങ്കെടുത്തത്. തൃക്കുന്നത്ത് സെമിനാരിയുടെയും പള്ളിയുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും ഉടമസ്ഥത സംബന്ധിച്ച് ഓർത്തഡോക്സ്-യാക്കോബായ വിഭാഗങ്ങൾ തമ്മിലെ തർക്കത്തെത്തുടർന്ന് കോടതി ഇടപെട്ട് ഇവ പൂട്ടിയിട്ട് 32 വർഷമായി. അതിനിടെ, കഴിഞ്ഞ 22 മുതൽ ഇരുവിഭാഗക്കാർക്കും കബറിങ്കൽ പ്രാർത്ഥ

നക്ക് ജില്ലാഭരണകൂടം ഇടപെട്ട് വ്യത്യസ്ത സമയം അനുവദിച്ചിരുന്നു. വിശ്വാസികളുടെ ഹർജിയിൽ ശനി, ഞായർ ദിവസങ്ങളിൽ താൽക്കാലികമായി പള്ളി തുറന്നുകൊടുക്കാൻ ഹൈക്കോടതി നിർദ്ദേശിച്ചതനുസരിച്ചായിരുന്നു ഇത്. ഈ സമയത്ത് സ്ഥലത്തെത്തിയ തന്നെ പോലീസ് ദേഹപരിശോധനയ്ക്ക് വിധേയനാക്കിയതിൽ ക്ഷോഭിച്ച് തോമസ് പ്രഥമൻ പ്രാർത്ഥന നിർവഹിക്കാതെ തിരികെ പോയിരുന്നു.

സെമിനാരി പ്രദേശത്ത് നിരോധനാജ്ഞ

ആലുവ: തൃക്കുന്നത്ത് സെമിനാരി പള്ളിയിൽ യാക്കോബായ വിഭാഗം അതിക്രമിച്ചു കയറിയതിനെ തുടർന്ന് ഉടലെടുത്ത സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ പ്രദേശത്ത് നിരോധനാജ്ഞ പ്രഖ്യാപിച്ചു. സെക്ഷൻ 144 സി.ആർ.പി.സി. പ്രകാരം ഫോർട്ടുകൊച്ചി ആർ.ഡി.ഒ. സ്വാഗത് ഭണ്ഡാരി രൺവീർ ചന്ദാണ് ഉത്തരവിട്ടത്.

(സെമിനാരി ചാപ്പൽ മുമ്പ് 'കോടതി പൂട്ടി' എന്ന് വാർത്തയിൽ പറയുന്നത് ശരിയല്ല. ചാപ്പലിന്റെ താക്കോൽ ഭദ്രാസന മെത്രാപ്പോലീത്തായുടെ സൂക്ഷിപ്പിലാണ്. ക്രമസമാധാനപ്രശ്നം ഉണ്ടാകാതിരിക്കുവാനായി ചാപ്പൽ ഓർത്തഡോക്സ് സഭ തുറക്കുന്നില്ല എന്ന് മാത്രമേ ഉള്ളു. ചാപ്പൽ ഇപ്പോഴുണ്ടായ കയ്യേറ്റത്തെ തുടർന്ന് പൂട്ടി എന്ന് എഴുതിയിരിക്കുന്നതും ശരിയല്ല. ചാപ്പലിനോടനുബന്ധിച്ചുള്ള കബറിടത്തിൽ ഭദ്രാസന മെത്രാപ്പോലീത്താ ദിവസവും രാവിലെയും വൈകിട്ടും ധൂപപ്രാർത്ഥന നടത്തുന്നുണ്ട്. കബർ രാവിലെ തുറക്കുന്നതും രാത്രിയിൽ അടയ്ക്കുന്നതും ഓർത്തഡോക്സ് സഭയുടെ ചുമതലയിലാണ്. ചാപ്പലിന്റെ നിലവിലുള്ള പൂട്ടിനു മുകളിൽ പോലീസോ ജില്ലാ ഭരണകൂടമോ സീൽ വച്ചിട്ടുമില്ല.)